# വേദാഭിമാനി

14th YEAR

Vol.14 | No.1 | കാർത്തികപ്പള്ളി | R.No. 7361/02

2014 JANUARY

വേദപുസ്തക സത്യത്തിലേക്ക് ഒരു ജാലകം : സത്യത്തിന് സാക്ഷി

e-paper : vedabhimani


## ആകാശക്കസേരയിൽ തൂങ്ങി നിത്യജീവിതം



ലോകത്തെ ഏറ്റവും ഒറ്റപ്പെട്ട പ്രദേശത്തിന് അവാർഡ് പ്രഖ്യാപിച്ചാൽ അതു നേടുക ചൈനയിലെ ഹുബേയ് പ്രവിശ്യയിലെ യുഷാൻ ഗ്രാമമായിരിക്കുമെന്നു തീർച്ച. ഹെഫെംഗിലെ പർവ്വത പ്രദേശത്തുള്ള ഗ്രാമമായ യുഷാനിലേക്കും പുറത്തേയ്ക്കുമുള്ള യാത്രയ്ക്ക് ആശ്രയം 'ആകാശക്കസേര' മാത്രം. ഗ്രാമത്തിലെ മലമുകളിൽ കെട്ടിയിരിക്കുന്ന ഇരുമ്പുവടത്തിന്റെ മറ്റേയറ്റം ബന്ധിപ്പിച്ചിരിക്കുന്നത് മറുവശത്തെ ഗ്രാമത്തിലെ ഒരു മലയിലാണ്. ഈ രണ്ടു മലകൾക്കിടയിലൂടെ ഒരു കിലോമീറ്ററാണ് ഗ്രാമവാസികൾ ഇങ്ങനെ ആകാശക്കസേരയിൽ തൂങ്ങി സഞ്ചരിക്കേണ്ടത്. നിലത്തുനിന്ന് 400 മീറ്റർ ഉയരത്തിലാണ് ആകാശക്കസേര ബന്ധിപ്പിച്ചിരിക്കുന്നത്. ലോകത്തിലെ ഏറ്റവും ഒറ്റപ്പെട്ടത് എന്ന് ഇതിനകം വിശേഷണം നേടിയിട്ടുള്ള യുഷാൻ ഗ്രാമത്തിൽ 200 പേരാണ് താമസക്കാരായുള്ളത്. നമ്മുടെ നാട്ടിലെ കടത്തുവള്ളക്കാരനെപ്പോലെ ഈ ആകാശക്കസേരയുടെ നടത്തിപ്പുകാരൻ സാംഗ് സിംഗ്ജിയാൻ എന്നയാളാണ്.

## ആദമിനെ സൃഷ്ടിച്ചത് മണ്ണിൽ നിന്ന്!

ജീവന്റെ തുടക്കം മണ്ണിൽനിന്നാണെന്ന് ഗവേഷകർ. കടലിലാണു ജീവൻ ഉണ്ടായതെന്ന വാദത്തെ ചോദ്യം ചെയ്താണു കോർണൽ സർവകലാശാലയിലെ ഗവേഷകർ രംഗത്ത് എത്തിയത്.

ഭൂമിയിലെ കളിമണ്ണിന് രാസപദാർഥങ്ങളെയും ഊർജത്തെയും സ്പോഞ്ചു പോലെ ആഗിരണം ചെയ്യാൻ കഴിയുമായിരുന്നു. കളിമണ്ണിൽ മാംസ്യവും ഡി.എൻ.എ.യും പിന്നീട് ജീവകോശങ്ങളും ഉണ്ടാകുകയായിരുന്നത്രേ.

മണ്ണിൽനിന്നാണു മനുഷ്യനെ സൃഷ്ടിച്ചതെന്ന് ബൈബിളിൽ വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്.



## സോറി, ബാം തിരക്കിലാണ്



ഹെൽമെറ്റ് വെയ്ക്കാതെയും സീറ്റ് ബെൽറ്റ് ഇടാതെയുമൊക്കെ നമ്മുടെ നാട്ടിൽ വണ്ടിയിൽ മിന്നിച്ച് പായുന്നവരെ പോലീസുകാർ കണ്ടാൽ വിടില്ല. പിടിച്ചു നിർത്തി ഫൈനടിക്കും. ചില പോലീസുകാർ ഉപദേശിക്കുകയും ചെയ്യും. എന്നാൽ തായ്‌ലന്റിൽ പോലീസുകാരുടെ പണി ഏറ്റെടുത്തിരിക്കുന്നത് ബാം എന്ന ഒരാളാണ്. സോറി അതൊരു മനുഷ്യനല്ല കേട്ടോ, ആളൊരു കുരങ്ങനാണ്. തന്റെ സൈക്കിളിൽ പട്ടണം ചുറ്റി ട്രാഫിക് നിയമങ്ങളെപ്പറ്റിയും റോഡ് സുരക്ഷയെപ്പറ്റിയുമൊക്കെയുള്ള നോട്ടീസുകൾ വിതരണം ചെയ്യുകയാണ് ഇവന്റെ ജോലി.

## 'നവരസ' ക്യാറ്റ്



വ്യത്യസ്ത മുഖഭാവങ്ങളിലൂടെ ലോകശ്രദ്ധ നേടിയ പണക്കാരി പൂച്ചയ്ക്കു ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ്. ടർഡർസോസ് എന്ന ഗ്രമ്പിക്ക് ഒരു വയസാണു പ്രായം. പക്ഷേ, ഷോ ബിസിനസിൽ അവൾ ഇപ്പോൾ മെഗാ സ്റ്റാറാണ്. പരസ്യം പിടിക്കാൻ ഏജന്റുമാർ, ബോഡി ഗാർഡുമാർ... ഇപ്പോൾ അഭിഭാഷകന്റെ സേവനവും ഈ ചക്കിപ്പൂച്ചയ്ക്കുണ്ട്. ടിറ്ററിൽ 1.16 ലക്ഷം ഫോളോവർമാരാണു ഗ്രിമ്പിക്കുള്ളത്. ഫേസ്ബുക്കിൽ 16 ലക്ഷം ആരാധകരുണ്ട്. അരിസോണയിലെ ഒരു പൊതുചടങ്ങിൽ പൂച്ച സുന്ദരിക്കൊപ്പം ഫോട്ടോയ്ക്ക് പോസുചെയ്യാൻ 800 പേരാണ് ഇടിച്ചുകയറിയത്. മിനോട്ട സംസ്ഥാനത്തെ ഒരു ചടങ്ങിൽ 100,000 പേരാണ് ഇവളെ കാണാൻ എത്തിയത്. ഇതോടെ പൂച്ചയ്ക്കു സുരക്ഷാ ഭടന്മാരെ ഒരുക്കാൻ ഉടമസ്ഥയായ തബന്താ ബണ്ഡ്സെൻ നിർബന്ധിതയായി.

## പുസ്തകവുമായി പറക്കും റോബോട്ട്

നമ്മൾ വായിക്കാനാഗ്രഹിക്കുന്ന പുസ്തകം നമ്മുടെ അടുത്തേക്ക് പറന്നു വരുന്നത് ഒന്നു സങ്കൽപിച്ചു നോക്കൂ. ഫെയറിടെയിലുകളിൽ മാത്രമല്ല യഥാർഥ ജീവിതത്തിലും ഇനി മുതൽ ഇത് സാധ്യമാണ്.

ആസ്ട്രേലിയയിലെ സിഡ്നി കമ്പനി ഇതിനു വേണ്ടി ഫ്ളേറ്റി എന്ന ഒരു പറക്കും റോബോട്ടിനെ ഉണ്ടാക്കിക്കഴിഞ്ഞു. വേണ്ട പുസ്തകത്തിന്റെ പേര് കമ്പനിക്ക് എസ്.എം.എസ്. അയച്ചാൽ മാത്രം മതി.



ഉടൻ തന്നെ ഫ്ളേറ്റി ആവശ്യക്കാരന്റെ ഊരും പേരും കണ്ടുപിടിച്ച് പുസ്തകം കൈയിലെത്തിക്കും. മൊബൈൽ സിഗ്നൽ ട്രാക്ക് ചെയ്താണ് ഫ്ളേറ്റി വഴി കണ്ടുപിടിക്കുന്നത്.

## പൂന്തേനുണ്ണും റോബോട്ട്



പൂവിലേക്ക് പാറി വരുന്ന തേനീച്ചയെ കണ്ടില്ലേ? ഇത് ഒറിജിനൽ തേനീച്ചയല്ല ആളൊരു റോബോട്ടാണ്...

റോബോബീസ് എന്നു പേരുള്ള ഈ യന്ത്രവണ്ടത്താന്മാരെ ചുമ്മാ രസത്തിന് ഉണ്ടാക്കിയതൊന്നുമല്ല. ഇവരെ ഉപയോഗിച്ച് പൂക്കളിൽ കൃത്രിമമായി പരാഗണം നടത്തിക്കാനാണ് ശാസ്ത്രജ്ഞരുടെ ഉദ്ദേശ്യം.

## കടലിൽ രാപാർക്കാം



കാലാവസ്ഥാ വ്യതിയാനത്തെ മറികടക്കാൻ ബ്രിട്ടീഷ് ഡിസൈനർമാർ കടലിലേക്ക്. കടലിനടിയിൽ താമസ സൗകര്യമൊരുക്കാനുള്ള നീക്കത്തിനു പിന്നിൽ ബ്രിട്ടീഷ് ഡിസൈനറായ ഫിൽപോൾലേയാണ്. 20 വർഷം നീണ്ട ഗവേഷണത്തിനൊടുവിലാണു കടലിൽ പൊങ്ങിക്കിടക്കുന്ന വീടുകൾ തയാറാക്കിയത്. എട്ടു വീടുകൾ അടങ്ങിയ കൂട്ടത്തിന് 1,105 അടിയാണ് വീതി.






## ഡക്ക് വാക്ക്!

ആസ്ത്രേലിയയിൽ എല്ലാവർഷവും ഒരു ഉഗ്രൻ ഫാഷൻഷോ നടക്കാറുണ്ട്. മിടുമിടുക്കരായ സുന്ദരികളുടെയും സുന്ദരന്മാരുടെയും ക്യാറ്റ് വാക്ക് ആണ് പരിപാടിയിലെ മുഖ്യ ഇനം. പക്ഷേ, ഈ മിടുക്കർ മനുഷ്യരല്ല, താറാവുകളാണെന്നു മാത്രം.



കിടിലൻ കുപ്പായങ്ങൾ ഇട്ട് അണിഞ്ഞൊരുങ്ങി വലിയ ഗമയിലാണ് ഈ രസികൻ ക്യാറ്റ് വാക്ക്. ക്യാറ്റ് വാക്കിനുശേഷം താറാക്കൂട്ടത്തിന്റെ ഓട്ടമത്സരവും ഉണ്ട്. ആയിരക്കണക്കിന് ആളുകളാണ് ഇവരുടെ പ്രകടനം കാണാനായി എത്തുന്നത്.

## റോബും ആമയും

നടക്കാൻ പോകുമ്പോൾ പട്ടിയേയും പൂച്ചയേയുമൊക്കെ കൂടെക്കൂട്ടുന്നവരുണ്ട്. ഒരു ആമയേയും കൊണ്ട് നടക്കാൻ പോയാൽ എങ്ങനെ ഇരിക്കും. "എന്റമ്മോ!" എന്നാണോ പ്രതികരണം.

എങ്കിലിതാ അങ്ങനെ ഒരാൾ. ഇംഗ്ലണ്ടിലെ മാഞ്ചസ്റ്ററിലുള്ള റോബ് ഡേവീസ്. അഞ്ച് വർഷങ്ങൾക്ക് മുൻപാണ് ഏതാനും ആഴ്ചകൾ മാത്രം പ്രായമുള്ള ആമക്കുഞ്ഞനെ റോബ് സ്വന്തമാക്കുന്നത്.



അന്ന് തുടങ്ങിയതാണ് ആമച്ചാരുമൊത്തുള്ള നടത്തം. കുഞ്ഞായിരുന്നപ്പോൾ ദിവസം അരക്കിലോമീറ്റർ നടത്തമൊക്കെ ധാരാളമായിരുന്നു.

പക്ഷേ, പിന്നീട് ആശാനങ്ങു കയറി വളർന്നില്ലേ! ആഫ്രിക്കൻ സ്പർതൈ വിഭാഗത്തിൽ പെട്ട ഈ പുന്നാര ആമയ്ക്ക് ഇപ്പോൾ 12 കിലോ ഭാരമുണ്ട്. ഏറ്റവും കൂടിയ വേഗം മണിക്കൂറിൽ ഒന്നര കിലോമീറ്ററാണ്.


| ചെയർമാൻ | പബ്ലിഷർ&കോ–ഓർഡിനേറ്റർ | മാനേജർ | ചീഫ് എഡിറ്റർ | വാർഷിക വരിസംഖ്യ | വരിസംഖ്യ അയക്കേണ്ട വിലാസം |
|---|---|---|---|---|---|
| ടി.എം. വർഗ്ഗീസ് | ഏബ്രഹാം മത്തായി | തോമസ് വർക്കി | ടൈറ്റസ് കാർത്തികപ്പള്ളി | ഇന്ത്യ – Rs.200 \| മറ്റ് രാജ്യങ്ങൾ – Rs.2000 | വേദാഭിമാനി, കേരള 690516 |



# രക്ഷയും രക്ഷകനും വിസ്മരിക്കപ്പെടുന്ന യാഥാർത്ഥ്യങ്ങൾ

'ഒരു മനുഷ്യൻ സർവ്വലോകവും നേടീട്ടും, തന്റെ ജീവനെ നഷ്ടപ്പെടുത്തിയാൽ അവന് എന്തു പ്രയോജനം?' (മത്താ. 16:26). ഈ വാക്യത്തിന്റെ അടിസ്ഥാനത്തിലായിരിക്കണം ആത്മാവിനെയാണു രക്ഷിക്കേണ്ടത് എന്ന ചിന്ത ഇന്നു വ്യാപകമായിരിക്കുന്നത്. നമ്മുടെ കർത്താവുതന്നെ പറഞ്ഞ മറ്റൊരു വാക്യം നോക്കുക. 'ദേഹിയെയും ദേഹത്തെയും നരകത്തിൽ നശിപ്പിക്കുവാൻ കഴിയുന്നവനെത്തന്നെ ഭയപ്പെട്ടുകൊള്ളുക.' (മത്താ. 10:28). 'ശരീരത്തിന്റെ പുനരുത്ഥാനത്തിലും നിത്യജീവനിലും വിശ്വസിക്കുന്നു' എന്നു പറയുന്ന സഭയ്ക്ക് 'ആത്മരക്ഷയിൽ' മാത്രം വിശ്വസിക്കുവാൻ സാധിക്കുമോ?' നിങ്ങളുടെ ആത്മാവും പ്രാണനും ദേഹവും അശേഷം നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയിൽ അനിന്ദ്യമായി വെളിപ്പെടുംവണ്ണം കാക്കപ്പെടുമാറാകട്ടെ' (1 തെസ്സ. 5:23). 'നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദവുമുള്ള യാഗമായി സമർപ്പിപ്പീൻ' (റോമ. 12:1).

ജീവാത്മാവ് പരമാത്മാവിൽ ലയിക്കുന്നതാണ് പാപപങ്കിലമായ സംസാരസാഗരത്തിൽ നിന്നുള്ള മുക്തിയെന്നു ഹിന്ദുമതം പഠിപ്പിക്കുന്നു: ജീവാത്മാവും പരമാത്മാവും ഒന്നാണെന്ന ജ്ഞാനത്തിലാണ് പുനർജന്മം അവസാനിക്കുന്നതെന്നും ഹിന്ദുക്കൾ വിശ്വസിക്കുന്നു.

ക്രിസ്തുമാർഗ്ഗത്തിൽ ആത്മാവിനെയല്ല ആളത്വത്തെയാണു രക്ഷിക്കുന്നത്. യേശുക്രിസ്തുവിന്റെ ഉയിർത്തെഴുന്നേൽപ് ആത്മാവിന്റെ മാത്രം ഉയിർത്തെഴുന്നേൽപ്പല്ലായിരുന്നു; സമ്പൂർണ്ണ ആളത്വത്തിന്റേതായിരുന്നു.

ശരീരം പാപവും തിന്മയും നിറഞ്ഞതാകയാൽ മതാവതാരപുരുഷന്മാരാരും ശരീരത്തോടുകൂടി ഉയിർത്തെഴുന്നേറ്റിട്ടില്ല. ശരീരരഹിതമായ ആത്മാവിനുമാത്രം രക്ഷ ലഭിച്ചാൽ മതി. എന്നാൽ ക്രിസ്തുമാർഗ്ഗത്തിൽ ആത്മാവെന്ന ആദ്യദാനം ലഭിച്ചിരിക്കുന്ന നാമും നമ്മുടെ ശരീരത്തിന്റെ വീണ്ടെടുപ്പായ പുത്രത്വത്തിന് കാത്തുകൊണ്ട് ഉള്ളിൽ ഞരങ്ങുന്നു' (റോമ. 8:23).

ആത്മാവിനുവേണ്ടി മാത്രം കരുതുന്ന പ്രവണതയാണ് സഭയെ ഇന്നു ലോകരുടെ മുമ്പിൽ അവഹേളനാപാത്രമാക്കിയിരിക്കുന്നത്. ജീവിതത്തെ ഭൗതികമെന്നും ആത്മീയമെന്നും തിരിക്കുന്നത് ഗ്രീക്കു-ഭാരത ചിന്താഗതി അല്ലാതെ എബ്രായ - ക്രിസ്തീയ വീക്ഷണമല്ല. 'പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം' (1 കൊരി. 6:19). അതിനാൽ ശരീരാത്മ ദേഹികൾ മുഴുവൻ ദൈവികമായി ക്രിസ്ത്യാനി കാണണം.അതിനനുസരിച്ച് ജീവിക്കണം.

ആത്മാവിനെ നിയന്ത്രിച്ചാൽ പോരാ ശരീരത്തെയും ദണ്ഡിപ്പിച്ച് അടിമയാക്കണം (1 കൊരി. 9:27). 'ക്രിസ്തു ശരീരത്തിന്റെ രക്ഷിതാവായി സഭയ്ക്കു തലയാകുന്നു' (എഫെ. 5:23). ക്രിസ്ത്യാനി ആത്മരക്ഷ മാത്രമല്ല, മുഴു വ്യക്തിത്വത്തിന്റെയും രക്ഷയാണാഗ്രഹിക്കേണ്ടത്.

## അവനവന്റെ രക്ഷയാണ് പ്രധാനം

'ക്രിസ്ത്വാനുകരണം' എന്ന പ്രസിദ്ധ ഗ്രന്ഥം പോലും വായിച്ചാൽ അവനവന്റെ രക്ഷയെക്കുറിച്ചേ അവനവനു ഉത്തരവാദിത്വം ഉള്ളു എന്നു തോന്നും. ഇതു യവന ചിന്താഗതിയാണ്. വേദപുസ്തകത്തിൽ 'നിന്റെ രക്ഷ' എന്നോ, 'എന്റെ രക്ഷ' എന്നോ ഉള്ള പദപ്രയോഗങ്ങൾ മാത്രമല്ല 'നിങ്ങളുടെ രക്ഷ', 'ഞങ്ങളുടെ രക്ഷ', 'ലോകത്തിന്റെ രക്ഷ' എന്നെല്ലാം കാണുന്നു. രക്ഷപെട്ടവനുമാത്രമെ മറ്റൊരുവനെ രക്ഷിപ്പാൻ കഴിയൂ എന്നതും മറ്റൊരുവനെ രക്ഷിക്കുമ്പോഴേ ഞാനും രക്ഷപ്രാപിക്കുന്നുള്ളു എന്നതും ഒരു സത്യമല്ലേ? നമ്മുടെ രക്ഷ സഹോദരവർഗ്ഗത്തെക്കൂടി രക്ഷിക്കുന്നതിലാണ് പൂർത്തീകരിക്കപ്പെടുന്നത്. 'സകല ജഡവും ദൈവത്തിന്റെ രക്ഷയെ കാണും' (ലൂക്കോ. 3:6) എന്ന സദ്വർത്തമാന പ്രവചനം യോഹന്നാൻ കർത്താവിന്റെ മുന്നോടിയായി വിളിച്ചു പറഞ്ഞത് ക്രിസ്തുവിൽ നിവർത്തിക്കുവാനാണ് ഓരോ ക്രിസ്ത്യാനിയും ജീവിക്കേണ്ടത്. ശമര്യക്കാരി രക്ഷിതാവിനെ കണ്ടപ്പോൾ ശമര്യക്കാരെ മുഴുവനായി രക്ഷിപ്പാൻ കളം ഒരുക്കി (യോഹ. 4:28-42). ഒരുവനു പരീക്ഷയിൽ ഒന്നാം റാങ്കു കിട്ടിയാൽ അതു മാതാപിതാക്കന്മാരെയും സ്നേഹിതരെയും അറിയിക്കാതിരിക്കുമോ? അതിൽ എത്ര അധിക സന്തോഷമാണ് ക്രിസ്തുവിൽ ലഭ്യമാകുന്ന പാപക്ഷമയുടെ ആനന്ദം. അതു തനിക്കുമതി എന്നു ചിന്തിക്കുന്നവൻ രക്ഷയുടെ ആനന്ദമനുഭവിച്ചില്ല എന്നുതന്നെ മറ്റുള്ളവർ ചിന്തിക്കുന്നതിൽ കുറ്റമുണ്ടോ? ക്രിസ്തീയ സ്നേഹം ജഡിക സ്നേഹത്തെക്കാൾ ഉന്നതമല്ലേ? തീയിൽനിന്നു രക്ഷപെട്ട മാതാവ് താൻ രക്ഷപെട്ടതു മതി എന്നു ചിന്തിക്കാതെ അടുത്ത മുറിയിൽ കിടന്ന ഏകജാതനെ രക്ഷിപ്പാൻ തീയിൽകൂടി ആ മുറിയിലേക്ക് പാഞ്ഞുപോകുന്നെങ്കിൽ, ഒരു ക്രിസ്ത്യാനിക്കെങ്കിലും 'ഞാൻ രക്ഷപെട്ടതു മതി' എന്നു ചിന്തിക്കുവാൻ സാധിക്കുമോ? സമൂഹത്തെ കൂടാതെ വ്യക്തിയോ, വ്യക്തിയെ കൂടാതെ സമൂഹമോ രക്ഷ പ്രാപിക്കുന്നില്ല.

## വിശ്വാസത്താലുള്ള സൗജന്യരക്ഷ

'കൃപയാലല്ലൊ നിങ്ങൾ വിശ്വാസംമൂലം രക്ഷിക്കപ്പെട്ടിരിക്കുന്നത്. അതിന്നും നിങ്ങൾ കാരണമല്ല; ദൈവത്തിന്റെ ദാനമത്രെയാകുന്നു. ആരും പ്രശംസിക്കാതിരിപ്പാൻ പ്രവൃത്തികളും കാരണമല്ല (എഫെ. 2:8) ഇപ്രകാരമുള്ള വാക്യങ്ങൾ മാത്രം വായിച്ചാൽ രക്ഷയ്ക്കായി നാം ഒന്നും ചെയ്യേണ്ടയാവശ്യമില്ല എന്നു തോന്നും. എന്നാൽ ഭയത്തോടും വിറയലോടുംകൂടി നിങ്ങളുടെ രക്ഷയ്ക്കായി പ്രവർത്തിപ്പിൻ; (ഫിലി. 2:12) എന്നും വി. പൗലോസ് ശ്ലീഹാ പറയുന്നുണ്ട്. ഈ രണ്ടു നിലപാടുകൾ തമ്മിലുള്ള വൈരുദ്ധ്യം മാറ്റുവാൻ, ഇച്ഛിക്ക എന്നതും പ്രവർത്തിക്ക എന്നതും നിങ്ങളിൽ ദൈവമല്ലോ തിരുവുള്ളം ഉണ്ടായിട്ടു പ്രവർത്തിക്കുന്നത് (ഫിലി. 2:13) എന്നും അദ്ദേഹം കൂട്ടിച്ചേർക്കുന്നു.

രക്ഷ സൗജന്യമെങ്കിൽ ചിലർക്കു കൊടുക്കാത്തത് എന്തുകൊണ്ട്? ചിലരെ സ്വർഗ്ഗത്തിനായും ചിലരെ നരകത്തിനായും മുൻനിർണ്ണയിച്ചതുകൊണ്ട് എന്ന ഉത്തരം ശരിയല്ല കൃപയിലാണ് രക്ഷയുടെ ആരംഭം.

മനുഷ്യനെ സ്വാതന്ത്ര്യത്തോടുകൂടി ദൈവം സൃഷ്ടിച്ചിരിക്കുന്നതിനാൽ സൗജന്യമായ രക്ഷ സ്വാതന്ത്ര്യം ഉപയോഗിച്ചു സ്വായത്തമാക്കേണ്ട കടമ ഓരോരുവനും ഉണ്ട്. മഴ പെയ്യുമ്പോൾ കമഴ്ത്തി വച്ചിരിക്കുന്ന കുടത്തിൽ ഒരു തുള്ളി വെള്ളം പോലും വീഴാത്തത് മഴ സൗജന്യമല്ലാഞ്ഞിട്ടല്ല; കുടം സ്വീകരിക്കാത്തതുകൊണ്ടാണ്. 'ഞാൻ വാതില്ക്കൽ നിന്നു മുട്ടുന്നു; ആരെങ്കിലും എന്റെ ശബ്ദം കേട്ടു വാതിൽ തുറന്നാൽ, ഞാൻ അകത്തുവന്ന് അവനോടും അവൻ എന്നോടുംകൂടി അത്താഴം കഴിക്കും (വെളി. 3:20).

വിശ്വാസത്താലുള്ള നീതീകരണം എന്നു വി. പൗലൊസ് ശ്ലീഹാ പറയുന്നതിൽ കൃപയും പ്രവൃത്തിയും ഉൾപ്പെടുന്നുണ്ട്. പ്രവർത്തിയില്ലാത്ത വിശ്വാസം സ്വതവെ നിർജ്ജീവമാകുന്നു' (യാക്കോ. 2:14-26). ദൈവമുണ്ടെന്നു വിശ്വസിച്ചാൽ രക്ഷ കിട്ടുമെങ്കിൽ ദൈവം ഏകൻ എന്നു വിശ്വസിക്കുകയും വിറയ്ക്കുകയും ചെയ്യുന്ന പിശാചിനും രക്ഷ കിട്ടണമല്ലോ? (യാക്കോ. 2:19). രക്ഷ നമുക്കു സ്വയമായി സമ്പാദിപ്പാൻ പ്രാപ്തിയില്ലാത്ത ദൈവപുത്രത്വത്തിന്റെ പദവിയാണ്. എന്നാൽ അതു സൗജന്യമായി ലഭിച്ചവർ പുത്രന്മാരെപ്പോലെ ജീവിക്കണം. ദാസന്മാരെപ്പോലെ വേല ചെയ്തു പുത്രനാകാൻ സാദ്ധ്യമല്ല. പുത്രനായാൽ ദാസനെക്കാൾ ആത്മാർത്ഥമായി അപ്പന്റെ വേല ചെയ്യും.

പുറമെ യെഹൂദനായവൻ യെഹൂദൻ അല്ല; അതുപോലെ പുറമെ ക്രിസ്ത്യാനിയായവൻ ക്രിസ്ത്യാനി അല്ല. പുതിയ ജീവിതമില്ലാത്തവരുടെ സ്നാനം പുറജാതിത്വമായി എണ്ണാം. ഇതിന്റെ അർത്ഥം സ്നാനം വേണ്ട എന്നല്ല. പിന്നെയോ വെള്ളത്താലും ആത്മാവാലും ജനിക്കണം. സ്നാനപ്പെട്ടവൻ മാനസാന്തരപ്പെട്ടു ജീവന്റെ പുതുക്കത്തിൽ നടക്കണം. വീണ്ടും ജനനത്തിനു യോഗ്യമായ ഫലം കായ്ക്കണം. ബാഹ്യകർമ്മങ്ങൾ മാത്രം ആന്തരീകാനുഭവം കൂടാതെയിരുന്നാൽ ആരെയും രക്ഷിക്കയില്ല.

## യേശുക്രിസ്തു ഏകരക്ഷകൻ

ഭാരത സുവിശേഷീകരണത്തിനു തടസ്സമായി നിൽക്കുന്ന ഏറ്റവും വലിയ ചിന്താഗതിയാണ് ഇത്. 'ക്രിസ്ത്യാനികൾ അസാധാരണ അവകാശവാദം ഉന്നയിക്കുന്ന സാധാരണക്കാരായ ആളുകൾ' എന്നു എസ്. രാധാകൃഷ്ണൻ പോലും പറഞ്ഞത് 'യേശുക്രിസ്തുവിൽ മാത്രം രക്ഷ' എന്ന ക്രിസ്തീയ വിശ്വാസത്തെക്കുറിച്ചാണ്. ചരിത്രത്തിൽ ഒന്നുതന്നെ സമ്പൂർണ്ണവും പരമവും, ആവർത്തിക്കപ്പെടാൻ പാടില്ലാത്തതും ആയിട്ടില്ല എന്നു വിചാരിക്കുന്നവരാണ് ഭാരതീയരിൽ ഭൂരിപക്ഷവും. എല്ലാ മതങ്ങളും ദൈവത്തെ അന്വേഷിക്കുന്ന വിവിധ മാർഗ്ഗങ്ങൾ ആകയാൽ അപൂർണ്ണങ്ങളാണെന്നും അവനവന്റെ വിശ്വാസം അവനവനെ രക്ഷിക്കുമെന്നും സാധാരണക്കാർ പോലും പറയാറുണ്ട്. രാധാകൃഷ്ണന്റെ ശ്രീമത് ഭഗവത്ഗീതയുടെ ഇംഗ്ലീഷ് തർജ്ജിമയുടെ മുഖവുരയിൽ അവതാരങ്ങൾ എല്ലാംതന്നെ മനുഷ്യർ ദൈവങ്ങളാകുന്നതാണെന്നും, ദൈവം ഒരിക്കലും മനുഷ്യനാകുന്നില്ല എന്നും പ്രസ്താവിച്ചിട്ടുണ്ട്. മനുഷ്യരുടെ ദൈവീകരണമാണ് അവതാരമെങ്കിൽ അതിൽ ഒരിക്കലും സമ്പൂർണ്ണത അവകാശപ്പെടാവുന്നതല്ല. ആകയാൽ 'ദൈവം മനുഷ്യനാകുന്നില്ല എന്നു പഠിപ്പിച്ചെങ്കിൽ മാത്രമേ സമ്പൂർണ്ണ രക്ഷകൻ ഭൂമിയിൽ ഇല്ല എന്നു സമർത്ഥിക്കുവാൻ സാധിക്കു! കർത്താവ് സമ്പൂർണ്ണനെങ്കിൽ മാത്രം കർമ്മം സമ്പൂർണ്ണം. മനുഷ്യൻ കർത്താവായിരിക്കുമ്പോൾ അവന്റെ കർമ്മത്തിന് അപൂർണ്ണത കാണും. എന്നാൽ ദൈവം മർത്ത്യനായി നടത്തുന്ന കർമ്മത്തിൽ അപൂർണ്ണത വരുവാൻ സാദ്ധ്യമല്ല. യേശുക്രിസ്തു പൂർണ്ണ ദൈവത്തിന്റെ പൂർണ്ണാവതാരമാണ്. അവനിൽ ദൈവത്തിന്റെ സർവ്വ സമ്പൂർണ്ണതയും ദേഹരൂപമായി വസിച്ചു' (കൊലൊ. 2:9).

താത്വികമായി ചിന്തിച്ചാലും, മാറ്റമില്ലാത്ത ഒന്നുമില്ലെങ്കിൽ മാറ്റത്തിന് അർത്ഥമില്ല; ഏകത്വമില്ലെങ്കിൽ ബഹുത്വം ബഹുത്വമല്ല; സമ്പൂർണ്ണമായ ഒരു അളവുകോൽ ഇല്ലെങ്കിൽ, അപൂർണ്ണമായവ അളക്കുവാൻ മാനദണ്ഡമില്ല, അതിനാൽ പ്രവാചകന്മാർ പലർ; ദൈവീകരാകുന്നവർ പലർ; **മർത്തീകരിക്കപ്പെട്ട ദൈവം ഒരുവൻ - യേശുക്രിസ്തു.**

യേശുക്രിസ്തുവിൽകൂടിയല്ലാതെ രക്ഷയില്ല എന്നു തിരുവചനം വ്യക്തമായി പഠിപ്പിക്കുന്നു (യോഹ. 14:6; അ.പ്ര. 4:12; 1 തിമൊ. 2:5). സൗജന്യരക്ഷ നിരസിക്കുന്നവർ ശിക്ഷ സ്വയം കയ്യേൽക്കുന്നതും ദൈവത്തിന്റെ നീതിയെയാണു കാണിക്കുന്നത്. 'നമ്മുടെ ദൈവം ദഹിപ്പിക്കുന്ന അഗ്നിയല്ലൊ' (എബ്രാ. 12:29). നിത്യനരകം മനുഷ്യസ്വാതന്ത്ര്യത്തിന്റെ പാരമ്യതയുടെ ആവശ്യവും ആ നരകത്തിൽ നിന്നു രക്ഷിപ്പാനുള്ള ശ്രമം ദൈവസ്നേഹത്തിന്റെ പാരമ്യതയും കാണിക്കുന്നു. ഏവരും രക്ഷ പ്രാപിക്കുമോ, കുറെപ്പേർ രക്ഷ നഷ്ടപ്പെടുത്തുമോ എന്ന ചോദ്യത്തിനുള്ള ഉത്തരം ദൈവത്തിനു വിടുകയാണുത്തമം.







# അച്ഛനമ്മമാർ വഴികാട്ടികളാകേണ്ട കൂട്ടുകാർ

മാതാപിതാക്കളും മക്കളും തമ്മിൽ സൗഹൃദമുണ്ടാകുക എന്നതു നല്ലതുതന്നെ. കൂട്ടുകാരെപ്പോലെയാകുക എന്നുവച്ചാൽ കുട്ടികളെപ്പോലെ തന്നെ ചിന്തിക്കുയോ കളിക്കൂട്ടുകാരെപ്പോലെ എപ്പോഴും കളിയും ചിരിയും വേണമെന്നോ അല്ല. അച്ഛനോടും അമ്മയോടും എന്തും തുറന്നു പറയാമെന്ന വിശ്വാസവും അടുപ്പവും കുട്ടിക്കുണ്ടാവണം. കൂട്ടുകാരോട് എല്ലാം തുറന്നു പറയുകയും, അച്ഛനെ/അമ്മയെ പേടിയായതിനാൽ പ്രശ്നങ്ങൾ മറച്ചു വയ്ക്കുകയും ചെയ്യുന്ന അവസ്ഥയുണ്ടാവരുത്.

എന്തു ചെയ്താലും മടി കൂടാതെ പറയണമെന്നും ഞങ്ങൾ കൂടെയുണ്ടാവുമെന്നും അവരോടു പറയുക. കുട്ടികളുടെ പ്രശ്നങ്ങൾ ക്ഷമയോടെ തിരിച്ചറിഞ്ഞ് അതു പരിഹരിക്കാനും മനസ് കാണിക്കണം. മാർഗനിർദേശവും നേർവഴിയും കാട്ടേണ്ടത് അച്ഛനമ്മമാരുടെ ചുമതലയാണ്. വീട്ടിലാണ് ഞാനെന്റെ യഥാർഥ സ്വഭാവം പുറത്തെടുക്കുന്നതെന്നു ചില അച്ഛനമ്മമാർ പറയാറുണ്ട്. വീട്ടിലെത്തിയാൽ ഔപചാരികതയില്ലാതെ കുടുംബവുമായി ചെലവഴിക്കുന്നതു നല്ലതാണ്. കുടുംബാംഗങ്ങൾ തമ്മിലുള്ള ആശയവിനിമയം വളരെ പ്രധാനമാണ്. അച്ഛനമ്മമാരുടെ പെരുമാറ്റവും സ്വഭാവവും കുട്ടികളെ സ്വാധീനിക്കും. മോശം വാക്കുപയോഗിക്കുന്നതും ദുശീലങ്ങൾ കുട്ടികളുടെ മുന്നിൽ പ്രകടിപ്പിക്കുന്നതും ഒഴിവാക്കണം. നമ്മളെ കണ്ടു പഠിക്കുന്നവർ നമ്മുടെ വീട്ടിലുണ്ടെന്നതു പ്രത്യേകം ഓർമിക്കുക. മാതാപിതാക്കൾ തമ്മിലുള്ള വഴക്കുകൾ കുട്ടികളുടെ മാനസികാരോഗ്യത്തെ ബാധിക്കാം.

കുട്ടികളെ തിരുത്തുന്നതിനു പോസിറ്റീവായ ശിക്ഷകൾ നൽകുന്നതിൽ തെറ്റില്ല. ശിക്ഷയെന്നാൽ ശാരീരികമായതെന്നല്ല. കുട്ടിയുടെ സ്വഭാവത്തിനനുസരിച്ചാവണം ശിക്ഷ. ചില കുട്ടികൾക്ക് അച്ഛനോ അമ്മയോ വിഷമിച്ചു എന്നറിയുന്നതു തന്നെ ശിക്ഷയാവും. ചിലർക്ക് രൂക്ഷമായ ഒരു നോട്ടം മതി. ചിലർക്ക് പ്രിയപ്പെട്ടവ നിഷേധിക്കുന്നതാവാം ഫലപ്രദം. തെറ്റാവർത്തിക്കാതിരിക്കാനാണ് ശിക്ഷ എന്ന വരെ ബോധ്യപ്പെടുത്തുകയും വേണം.

കുട്ടിയുടെ കുരുത്തക്കേടുകളെയും വാശിയെയും "അവൻ ഇങ്ങനെയാണ്" എന്നു പറഞ്ഞു നിസാരമാക്കുന്നതു കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നതിനു തുല്യമാണ്. കുട്ടിക്കാലത്ത് ഇങ്ങനെ എല്ലാ കാര്യങ്ങളും നിസാരമാക്കിയാൽ മുതിർന്നു കഴിയുമ്പോൾ കുട്ടികളെ തിരുത്തുക ബുദ്ധിമുട്ടാവും. സംസ്കാരത്തിനോ സമൂഹത്തിനോ ചേരാത്ത വാക്കുകളോ പ്രവൃത്തിയോ കുട്ടികളിൽ നിന്നുണ്ടാവുകയാണെങ്കിൽ നിർബന്ധമായും തിരുത്തുകതന്നെ വേണം.

തങ്ങൾക്കാണ് മക്കളെ ഏറ്റവും നന്നായി അറിയുക എന്നാവും മിക്ക മാതാപിതാക്കളുടെയും ചിന്ത. ഇത് ശരിയാവണമെന്നില്ല. വളരുമ്പോൾ വീടിനു പുറത്തുള്ള ലോകവുമായി കുട്ടികൾ കൂടുതൽ അടുത്തിടപഴകുന്നത് അവരുടെ വ്യക്തിത്വത്തെ സ്വാധീനിക്കും. കുട്ടികളെ വിശ്വസിക്കണം. പക്ഷേ, അന്ധമായി വിശ്വസിക്കരുത്. കാലവും സാഹചര്യങ്ങളും മാറി. ഇന്നത്തെ തലമുറ ഏതു സാഹചര്യത്തിലും പെട്ടുപോകാനുള്ള സാധ്യതയുണ്ടെന്ന ഓർമ വേണം.

അച്ചടക്കമെന്നാൽ ഉത്തരവാദിത്തബോധവും ചില ചിട്ടകളും കുഞ്ഞുന്നാൾ തൊട്ടേ ശീലിക്കാനവരെ പ്രാപ്തരാക്കുകയാണ്. അല്ലാതെ കുട്ടിയെ കടിഞ്ഞാണിട്ട് നിയന്ത്രിക്കുക എന്നല്ല.

കുട്ടിയുടെ ഫ്രണ്ട്സ് ആകാനാണ് ഇന്നത്തെ സൈക്കോളജിസ്റ്റുമാർ പറയുന്നത്. പക്ഷേ, എത്രമാത്രം ഫ്രണ്ട്സ് ആകാൻ പറ്റും? കൂടുതൽ അടുത്താൽ അവർ പറഞ്ഞാൽ കേൾക്കാത്തവരായി മാറുമോ?



ഇതാണ് രക്ഷിതാക്കളെ അലട്ടുന്ന ചോദ്യം. കുട്ടികളിൽ നല്ല അച്ചടക്കം നടപ്പാക്കുന്നതിലൂടെ എന്താണ് പ്രതീക്ഷിക്കുന്നതെന്ന് തിരിച്ചറിയണം. കുട്ടികളെ ശിക്ഷിക്കുന്നതല്ല അച്ചടക്കം. അച്ചടക്കത്തിനുള്ള ഒരു വഴിയായി ശിക്ഷകളെ സ്വീകരിക്കാമെന്നേയുള്ളു.

ശരിയായ മൂല്യങ്ങൾക്ക് വീട്ടിലും സ്ഥാനം വേണം. മാതാപിതാക്കൾ മാതൃകയാവണം. വെളുപ്പിനെ എണീക്കണം, സദാ ടി.വി.ക്കു മുന്നിലിരിക്കരുത്, കുളിച്ച് വൃത്തിയായി വേണം പോകാൻ എന്നൊക്കെ കുട്ടിയെ ഉപദേശിക്കുമ്പോൾ അച്ഛനമ്മമാർ അതിനെല്ലാം മാതൃകയാവണം. അച്ചടക്കമെന്നാൽ അഭിലഷണീയമായ പെരുമാറ്റങ്ങൾ കുട്ടിയിൽ ചെറുപ്രായം തൊട്ടേ ശീലിപ്പിക്കുകയെന്നതാണ്. ശരിയും തെറ്റും എന്തെന്ന കൃത്യമായ ധാരണ അവരുടെ മനസിൽ വേരുറപ്പിക്കുകയെന്നതാണ്. ○

## ഗൊറില്ലയും ഗറില്ലയും



ഒളിസങ്കേതങ്ങളിൽ ഗൊറില്ലകളെപ്പോലെ ഒളിച്ചിരുന്ന് നടത്തുന്ന യുദ്ധം ആയതുകൊണ്ടാണ് ഒളിപ്പോരിന് ഗറില്ലാ യുദ്ധം എന്ന പേരു വീണതെന്നാണ് പലരും ധരിച്ചിരിക്കുന്നത്. എന്നാൽ ഇതു ശരിയല്ല. Guerrilla എന്ന സ്പാനിഷ് വാക്കിൽ നിന്നാണ് ഈ പേരു വന്നത്. ചെറു യുദ്ധം എന്നാണ് ഈ വാക്കിന്റെ അർത്ഥം. ഒളിപ്പോരിൽ പങ്കെടുക്കുന്ന യോദ്ധാക്കൾ ഗറില്ലെറോ (guerrillero) എന്നും പെൺപോരാളികൾ ഗറില്ലെറ (guerrillera) എന്നുമാണ് സ്പാനിഷ് ഭാഷയിൽ അറിയപ്പെടുന്നത്.

പിന്നീട് പത്തൊമ്പതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ഇംഗ്ലീഷ് ഭാഷയിലേക്ക് Guerrilla എന്ന സ്പാനിഷ് വാക്ക് കടന്നുകൂടി. എന്നാൽ പോരാളികൾ അഥവാ Fighters എന്നായിരുന്നു ഇംഗ്ലീഷിൽ ഈ വാക്കിന്റെ അർഥം. കാട്ടിൽ കഴിയുന്ന പാവം ഗൊറില്ലകൾക്ക് ഈ യുദ്ധവുമായി യാതൊരു ബന്ധവും ഇല്ലെന്ന് ഇപ്പോൾ മനസ്സിലായികാണുമല്ലോ അല്ലേ.

## വെബ്സൈറ്റുകളുടെ അഡ്രസിനു പിന്നിൽ

വെബ്സൈറ്റുകളുടെ അഡ്രസ്സിൽ '.' (ഡോട്ട്) നു ശേഷം കാണുന്ന വാലിന് 'ഡൊമൈൻ നെയിം' എന്നാണ് പേര്. നമ്മുടെ മേൽവിലാസത്തിൽ പേര്, വീട്ടുപേര്, പോസ്റ്റ് ഓഫീസ് എന്നിങ്ങനെ വിവിധ ഘട്ടങ്ങളില്ലേ. അതുപോലെ സൈറ്റിന്റെ വിലാസത്തിലെ ഒരു ഭാഗമാണ് ഡൊമൈൻ




നെയിം. സൈറ്റുകളെ വേർതിരിച്ചറിയാൻ ഈ വാല് സഹായിക്കും.

ഉദാഹരണത്തിന് .in എന്നത് ഇന്ത്യയെ സൂചിപ്പിക്കുന്നു. .uk എന്നത് യുണൈറ്റഡ് കിങ്ഡത്തെയും. മറ്റ് ചില ഉദാഹരണങ്ങൾ നോക്കൂ. .org-ഓർഗനൈസേഷൻ (non profit) .com-വാണിജ്യ (commercial) സ്ഥാപനങ്ങൾ .co.in-ഇന്ത്യൻ കമ്പനി: gov-ഗവൺമെന്റ് സൈറ്റുകൾ .pk-പാകിസ്ഥാൻ. ഇനി മുതൽ സൈറ്റുകൾ സന്ദർശിക്കുമ്പോൾ ഇക്കാര്യം മനസ്സിൽ വയ്ക്കുമല്ലോ.

## പ്രകാശം പരത്തുന്ന പെൺകുട്ടി



അമേരിക്കയിലെ കണക്റ്റിക്കട്ടിൽ ആയിരുന്നു അലക്സാൻഡ്രെ ജനിച്ചത്. അമ്മേ എന്നു വിളിച്ചു തുടങ്ങും മുമ്പ് അവൾക്ക് കാൻസർ രോഗം പിടിപെട്ടു. രോഗത്തിനൊപ്പമായിരുന്നു അവളുടെ വളർച്ചയും. എന്നാൽ, തന്നെപ്പോലെ രോഗബാധിതരായ കുട്ടികളെ സാമ്പത്തികമായി സഹായിക്കണമെന്നായിരുന്നു അവളുടെ തീരുമാനം. അങ്ങനെ അലക്സാൻഡ്രയും ചേട്ടനും കൂടി ലെമൺജ്യൂസ് വിൽക്കുന്ന ഒരു കട തുടങ്ങി. കട വമ്പൻ ലാഭത്തിലായി. സമ്പാദ്യത്തിൽ നിന്നും കാൻസർ ഗവേഷണ പ്രവർത്തനങ്ങൾക്കായി ഒരു മില്യൺ ഡോളർ സംഭാവന നൽകാൻ അവൾക്കു കഴിഞ്ഞു.

ജീവിതത്തോട് എട്ടാം വയസ്സിൽ വിടപറയും വരെ അവൾ തന്റെ ജോലി തുടർന്നു. പ്രതിസന്ധികളും വെല്ലുവിളികളും എല്ലാവരുടെ ജീവിതത്തിലും ഉണ്ടാകും. അവരവരുടെ പരിമിതികൾക്കിടയിൽ നിന്നുകൊണ്ട് മറ്റുള്ളവരെ സഹായിക്കുക അതുമാത്രമാണ് ഓരോരുത്തർക്കും ചെയ്യാനാകുന്ന കാര്യം. അതിന്റെ തെളിവാണ് അലക്സാൻഡ്ര.



# ഒരു കോട്ടു കഥ

തണുപ്പുരാജ്യങ്ങളിലെ ജനങ്ങൾക്ക് ഒഴിച്ചുകൂടാനാവാത്ത വസ്ത്രമാണ് ഓവർകോട്ട്. വസ്ത്രങ്ങളുടെ മേലെ ധരിക്കുന്ന വസ്ത്രമാണല്ലോ ഇത്. പത്തൊൻപതാം നൂറ്റാണ്ടിലെ റിയലിസ്റ്റിക് നോവലുകളിൽ കോട്ടില്ലാതെ തണുത്തു മരവിക്കുന്ന മനുഷ്യരെക്കുറിച്ചുള്ള പരാമർശങ്ങൾ കാണാറുണ്ട്. അക്കാലത്തെ കുതിരവണ്ടികളിൽ സഞ്ചരിച്ചെത്തുന്ന യാത്രക്കാർ രാത്രി സത്രത്തിലെത്തുമ്പോൾ കോട്ട് അഴിച്ചു മാറ്റുന്നു. ഹോട്ടലുകളിലും വീടുകളിലെ സ്വീകരണ മുറികളിലും അതിഥികൾ അഴിക്കുന്ന കോട്ടുകൾ തൂക്കിയിടാൻ പ്രത്യേക സ്റ്റാന്റുകൾ ഉണ്ടായിരിക്കും.

റഷ്യയിൽ പണ്ട് മിഖായേൽ എന്നു പേരുള്ള ഒരു പാവം മനുഷ്യൻ താമസിച്ചിരുന്നു. അയാൾക്ക് സ്ഥിരമായ ഒരു തൊഴിൽ ഇല്ലായിരുന്നു. അതിനാൽ ഭാര്യ ഹെലനയ്ക്കും കുഞ്ഞിനുമൊപ്പം വളരെ ദരിദ്രാവസ്ഥയിലാണ് അയാൾ കഴിഞ്ഞിരുന്നത്. മിഖായേൽ ദിവസവും രാവിലെ ജോലിയന്വേഷിച്ചിറങ്ങും. അവിടെയുമിവിടെയും ചുറ്റിയടിക്കും. ചിലപ്പോൾ എന്തെങ്കിലും പണി കിട്ടും.

മിഖായേലിന് പറയത്തക്ക സമ്പാദ്യമൊന്നുമുണ്ടായിരുന്നില്ല. മഞ്ഞുകാലമാവുമ്പോഴാണ് ഏറ്റവും വിഷമം. കാരണം അയാൾക്ക് തണുപ്പിനെ ചെറുക്കാൻ ആവശ്യമായ വസ്ത്രങ്ങളില്ല. തണുപ്പുകാലത്ത് പണിയന്വേഷിച്ചിറങ്ങാൻ വളരെ ബുദ്ധിമുട്ടാണ്.

ഒരു കോട്ട് വാങ്ങണമെന്നുള്ളത് മിഖായേലിന്റെ വലിയൊരാഗ്രഹമായിരുന്നു. വീട്ടിലിരിക്കുന്ന ഭാര്യക്കും മകനും അത്ര പ്രയാസമൊന്നുമില്ല. മഞ്ഞുകാലത്ത് അവർക്ക് നെരിപ്പോടിനു മുന്നിലിരിക്കാം.

പക്ഷേ, തന്റെ കാര്യം അതാണോ! രൊക്കം പണം കൊടുത്ത് കോട്ട് വാങ്ങാൻ മിഖായേലിന് ഒരിക്കലും സാധിക്കുമായിരുന്നില്ല. കൈയിൽ കാശുണ്ടെങ്കിൽ പണത്തിന് ആവശ്യം വരുമ്പോൾ അതെടുത്ത് ചെലവാക്കിപ്പോകും. 'എങ്ങനെയെങ്കിലും കുറച്ച് പണം സ്വരൂപിച്ച് കോട്ടു വാങ്ങണം! മിഖായേൽ തീരുമാനിച്ചു. അങ്ങനെ അയാൾ ദിവസവും ഓരോ നാണയം വീതം തെരുവിലെ വസ്ത്രവ്യാപാരിയായ എബ്രഹാമിനെ ഏൽപ്പിച്ചു. കോട്ടിനുള്ള പണം ആയിക്കഴിഞ്ഞാൽ എബ്രഹാം മിഖായേലിന് കോട്ട് നൽകും.

ഒരു ദിവസം താനൊരു കോട്ടും ധരിച്ച് വീട്ടിലെത്തുമ്പോൾ ഹെലനും മകനും വളരെ സന്തോഷിക്കുമെന്നും മിഖായേൽ സ്വപ്നം കണ്ടു. പിന്നെ തണുപ്പുകാലത്ത് തനിക്ക് കൂനിക്കൂടാതെ പുറത്തിറങ്ങി നടക്കാം.

ദിവസങ്ങളും മാസങ്ങളും കടന്നുപോയി. മിഖായേലും കുടുംബവും കടുത്ത ദാരിദ്ര്യത്തിലായി. മിഖായേലിന് ആഴ്ചകളോളമായി പണിയൊന്നുമില്ലാതായിട്ട്. വീട്ടിൽ വിശപ്പ് നിത്യാതിഥിയായി. മിഖായേൽ നിസ്സഹായനായി നിന്നു.

ഒരു ദിവസം അയാൾ പണിയന്വേഷിച്ചിറങ്ങി. പക്ഷേ, ഒന്നും കിട്ടിയില്ല. വൈകുന്നേരമായപ്പോൾ അയാൾ തലയും താഴ്ത്തി ക്ഷീണിതനായി മടങ്ങവേ എബ്രഹാം വിളിച്ചു. മിഖായേൽ എബ്രഹാമിന്റെ കടയിലേക്ക് കയറിച്ചെന്നു.

"ഈയിടെയായി ഇവിടേക്കു കാണാറില്ലല്ലോ?", ഏബ്രഹാം തിരക്കി. "നിങ്ങളെ ഏൽപ്പിക്കാൻ എന്റെ കൈയിൽ നാണയങ്ങളൊന്നുമുണ്ടായിരുന്നില്ല. പിന്നെ വരേണ്ട കാര്യമില്ലല്ലോ." മിഖായേൽ പറഞ്ഞു.

"മിഖായേൽ ഇനി നിങ്ങൾ പണം തരേണ്ട. നിങ്ങൾ ഇതുവരെ ഏൽപ്പിച്ച പണം കൊണ്ട് ഒരു കോട്ട് കിട്ടും, അതുതരാൻ നിങ്ങളെ കാത്തിരിക്കുകയായിരുന്നു!"

എബ്രഹാം കോട്ട് മിഖായേലിന് നല്കി. അയാൾ നിറഞ്ഞ സന്തോഷത്തോടെ അതു വാങ്ങി. മിഖായേൽ കോട്ടുമായി വീട്ടിലെത്തി. പക്ഷേ, കോട്ടു കണ്ട ഹെലന ഒരു സന്തോഷവും പ്രകടിപ്പിച്ചില്ല. ഉറങ്ങുന്ന മകനെ ചൂണ്ടി അവൾ പറഞ്ഞു: "വിശന്ന് കരഞ്ഞുറങ്ങുന്ന ഈ കുഞ്ഞിന് ആഹാരം നല്കാൻ രണ്ടുമണി ധാന്യം കൊണ്ടുവന്നിരുന്നെങ്കിൽ എത്ര നന്നായേനേ!"

മിഖായേൽ സങ്കടത്തോടെ പുറത്തിറങ്ങി. ആ കോട്ട് അയാൾ ഒരു ധനികന് വിറ്റു. ഒന്നരവർഷത്തെ പരിശ്രമവും ഒരുപാടുനാളത്തെ ആഗ്രഹവുമായ കോട്ട് കൈമാറുമ്പോൾ അയാളുടെ കണ്ണു നിറഞ്ഞു.

പക്ഷേ, അയാൾ കൊണ്ടുവന്ന റൊട്ടി ആർത്തിയോടെ തിന്നുന്ന മകന്റെ മുഖത്തെ സന്തോഷം മിഖായേലിന്റെ ദുഃഖത്തെ മായ്ചു കളഞ്ഞു.

## കഥയിലെ കാര്യം

വിശപ്പിനെ അവഗണിച്ച് കോട്ടിനായി അധ്വാനിക്കുന്ന മിഖായേൽ ഭോഷനാണെന്ന് നാം പറയും. കാരണം വിശപ്പിനെ അവഗണിക്കുന്നവരെ കാത്തിരിക്കുന്നത് മരണമാണ്. അതുപോലെ ആത്മീയ വിശപ്പ് പരിഗണിക്കാതെ സമ്പത്തിനും സമൃദ്ധിയ്ക്കും അത്ഭുതങ്ങൾക്കും പ്രാധാന്യം നൽകി ഉപഭോഗസംസ്ക്കാരത്തിന് അടിമപ്പെട്ട് നിത്യജീവനെ അവഗണിച്ച് നിത്യമരണത്തിലേക്ക് പ്രയാണം ചെയ്യുന്നവരെ എന്താണ് വിളിക്കേണ്ടത്.

# പണ്ടേ കെട്ടുപോയ വിളക്കുകൾ

അന്ധനായ ഒരാൾ തന്റെ സുഹൃത്തിനെ സന്ദർശിക്കുകയായിരുന്നു. സംസാരത്തിനിടയിൽ നേരംപോയതറിഞ്ഞില്ല. പെട്ടെന്നു സമയത്തെക്കുറിച്ച് അയാൾക്കോർമ വന്നു. ഉടനെ അയാൾ പോകാൻ തിടുക്കം കാട്ടി. അപ്പോൾ രാത്രി സമയമായിരുന്നു.

അന്ധൻ യാത്ര പറഞ്ഞിറങ്ങാൻ തുടങ്ങുമ്പോൾ ആതിഥേയൻ പറഞ്ഞു: "നല്ല ഇരുട്ടാണിപ്പോൾ. ഞാനൊരു വിളക്കു തന്നുവിടാം."

"അന്ധനായ എനിക്കു വിളക്കെന്തിന്?" അയാൾ പറഞ്ഞു. "രാത്രിയും പകലും എനിക്ക് ഒരുപോലെയാണ്!"

"നിങ്ങൾക്കു വിളക്കു വേണ്ടെന്ന് എനിക്കറിയാം," ആതിഥേയൻ പറഞ്ഞു. "പക്ഷേ കൈയിൽ ഒരു വിളക്കില്ലെങ്കിൽ ആരെങ്കിലും നിങ്ങളുമായി കൂട്ടിയിടിച്ചെന്നു വരാം. പലരും വിളക്കില്ലാതെ ഇരുട്ടത്തു നടക്കാറുണ്ടല്ലോ."

ആതിഥേയന്റെ വിശദീകരണം കേട്ടപ്പോൾ അന്ധൻ വഴങ്ങി. ഒരു വിളക്കു കൊണ്ടുപോകാമെന്ന് അയാൾ സമ്മതിച്ചു. റാന്തൽ വിളക്കുകളുടെ കാലമായിരുന്നു അത്. ആതിഥേയൻ വേഗം തന്റെ റാന്തൽ വിളക്കെടുത്തു കത്തിച്ച് അന്ധനു നൽകി.



അന്ധൻ റാന്തൽ വിളക്കുമായി നടക്കാൻ തുടങ്ങി. കുറെ കഴിഞ്ഞപ്പോൾ അയാൾ ഒരു വഴിപോക്കനുമായി കൂട്ടിയിടിച്ചു. "കുറച്ചുകൂടി സൂക്ഷിച്ചു നടക്കണം," വഴിപോക്കൻ അന്ധനോടു പറഞ്ഞു. അപ്പോൾ അന്ധൻ ചോദിച്ചു: "നിങ്ങൾ എന്റെ വിളക്കിലെ പ്രകാശം കണ്ടില്ലേ?" ഉടനെ വഴിപോക്കൻ പറഞ്ഞു: "നിങ്ങളുടെ വിളക്കു പണ്ടേ കെട്ടുപോയി."

ഇതൊരു ജാപ്പനീസ് കഥയാണ്. ഈ കഥയിലെ അന്ധൻ വിചാരിച്ചതു തന്റെ കൈയിലെ വിളക്കിൽ പ്രകാശമുണ്ടെന്നായിരുന്നു. പക്ഷേ, യാത്രയ്ക്കിടയിൽ അയാളുടെ റാന്തൽവിളക്കിലെ തിരി എങ്ങനെയോ അണഞ്ഞുപോയിരുന്നു.

അയാളുടെ വിളക്കിലെ തിരി കെട്ടുപോയത് ഒരു ദുരന്തമായിരുന്നു. എന്നാൽ അതിലേറെ ശോചനീയമായിരുന്നത് അയാൾ അക്കാര്യം അറിഞ്ഞതേയില്ല എന്നതാണ്. തന്റെ വിളക്കിലെ തിരി കെട്ടുപോയത് അയാൾ അറിഞ്ഞിരുന്നുവെങ്കിൽ ഒരുപക്ഷേ കുറേക്കൂടി ശ്രദ്ധാപൂർവം അയാൾ നടക്കുകയും വഴിപോക്കനുമായുണ്ടായ കൂട്ടിയിടി ഒഴിവാകുകയും ചെയ്യുമായിരുന്നു.

നമ്മുടെ ജീവിതത്തിന്റെയും സ്ഥിതി പലപ്പോഴും ഇതുപോലെയാണ്. നമ്മിൽ വെളിച്ചമുണ്ടെന്നും ആ വെളിച്ചത്തിന്റെ ബലത്തിലാണ് നാം നടക്കുന്നതെന്നും ആയിരിക്കാം നാം പലപ്പോഴും വിചാരിക്കുന്നത്. എന്നാൽ, ചിലപ്പോഴെങ്കിലും നമ്മിലെ വെളിച്ചം കെട്ടുപോകാറുണ്ട് എന്നതാണ് വാസ്തവം. അല്ലായിരുന്നുവെങ്കിൽ നമ്മിൽ ചലരെങ്കിലും അന്ധകാരത്തിൽ തപ്പിത്തടഞ്ഞു തിന്മയുടെ പ്രവൃത്തികൾ ചെയ്യുമായിരുന്നോ?

ആരൊക്കെ അറിഞ്ഞുകൊണ്ടു തിന്മ പ്രവർത്തിക്കുന്നുവോ അവരൊക്കെ അന്ധരാണ് എന്നു പറയാതിരിക്കാനാവില്ല. അവരിൽ വെളിച്ചമുണ്ടെങ്കിൽ അവർ ഒരിക്കലും തിന്മ പ്രവർത്തിക്കുകയില്ല എന്നതല്ലേ വാസ്തവം?

ജീവിതയാത്രക്കിടയിൽ നമ്മിലെ വെളിച്ചം ചിലപ്പോൾ നഷ്ടപ്പെട്ടന്നിരിക്കും. അപ്പോൾ എത്രയും വേഗം അക്കാര്യത്തെക്കുറിച്ച് അവബോധമുള്ളവരായി നാം വെളിച്ചം വീണ്ടെടുക്കുകയാണ് വേണ്ടത്.

ക്രിസ്തുവിൽ പ്രകാശിതരായ മനുഷ്യരെയാണ് എല്ലായിടത്തും ആവശ്യമായിട്ടുള്ളത്. കുടുംബങ്ങളിലായാലും സമൂഹങ്ങളിലായാലും രാഷ്ട്രങ്ങളിലായാലും എല്ലാവർക്കും വേണ്ടത് വെളിച്ചമുള്ള മനുഷ്യരെയാണ്. അങ്ങനെയുള്ളവർ ഉണ്ടെങ്കിൽ മാത്രമേ കുടുംബങ്ങളിലും സമൂഹങ്ങളിലും രാഷ്ട്രങ്ങളിലുമൊക്കെ നന്മയും സന്തോഷവുമൊക്കെ ഉണ്ടാകൂ.

നിങ്ങളുടെ ദേശത്ത് ലൈഫ്ട്രാക്ക് ഗോസ്പൽ ടീമിന്റെ സുവിശേഷീകരണപ്രവർത്തനം (ഭവനസന്ദർശനം, പരസ്യയോഗം) ആവശ്യമെങ്കിൽ വിളിക്കുക : ടൈറ്റസ് കാർത്തികപ്പള്ളി ✆: 9847232598




# സ്ത്രീകൾക്ക് പുരുഷന്മാരെ ഉപദേശിപ്പാൻ അനുവാദമുണ്ടോ?

**പൗ**ലൊസ് എഴുതി, "സ്ത്രീ മൗനമായിരുന്നു പൂർണ്ണാനുസരണത്തോടെ പഠിക്കട്ടെ. മൗനമായിരിപ്പാനല്ലാതെ ഉപദേശിപ്പാനോ, പുരുഷന്റെ മേൽ അധികാരം നടത്തുവാനോ ഞാൻ സ്ത്രീയെ അനുവദിക്കുന്നില്ല" (1 തിമൊഥെയൊസ് 2:11,12). മറ്റു തർജ്ജികളേക്കാൾ കുറച്ചുകൂടെ വിശ്വസ്തത ഈ കാര്യത്തിൽ എൻ.ഏ.എസ്.ബിയുടേതാണെന്ന് തോന്നുന്നു. ഈ വേദഭാഗത്തെ വാക്കായ ഹെസൂക്കിയ, മിക്ക വെർഷനുകളും (1 കൊരിന്ത്യർ 14:34) തർജിമ ചെയ്തിരിക്കുന്നത് "മൗനം" എന്നാണ്, അത് "നിശബ്ദത" ക്കുള്ള വാക്കല്ല (ഗ്രീക്ക്: സിഗാടോസൻ), അർത്ഥം, "ശബ്ദം പുറപ്പെടുവിക്കാതെ" എന്നാണ്. (അടങ്ങിപ്പാർക്കേണം," 1 തെസലൊനികൃർ 4:12). സ്ത്രീ പഠിക്കേണ്ടത്, കീഴടങ്ങി, ശാന്തമായി, ബഹുമാനത്തോടെയാണ് – അല്ലാതെ എതിർത്തുകൊണ്ടോ, ആധിപത്യം നടത്തിയോ അല്ല. ഹെസൂക്കിയ എന്ന വാക്ക് പറയുന്നത്, പൊതുവായ ക്രിസ്തീയ സഭായോഗങ്ങളിൽ സ്ത്രീകൾ ആധിപത്യം നടത്തുകയോ, നിർദ്ദേശം നൽകുവാനോ പാടില്ല എന്നാണ്.




സ്ത്രീകൾ പുരുഷന്റെമേൽ അധികാരം (ആതൻന്റെൻ) നടത്താവതല്ല. ആചാരമോ സംസ്ക്കാരമോ നിമിത്തമല്ല പൗലൊസ് ഈ നിർദ്ദേശം നൽകിയത്. മറിച്ച്, സൃഷ്ടിയുടെ ക്രമമനുസരിച്ചും, ഏദെൻ തോട്ടത്തിലെ ലംഘനം നിമിത്തവുമായിരുന്നു: "ആദാം ആദ്യം നിർമ്മിക്കപ്പെട്ടു, പിന്നെ ഹവ്വ. ആദാമല്ല, സ്ത്രീയത്രെ വഞ്ചിക്കപ്പെട്ടു ലംഘനത്തിൽ അകപ്പെട്ടത്" (1 തിമൊഥെയൊസ് 2:13–15). ലംഘനത്തിലകപ്പെട്ടത് ഹവ്വയാണെന്നല്ല പൗലൊസ് പറഞ്ഞത്, പിന്നെയോ "സ്ത്രീ" ലംഘനത്തിൽ അകപ്പെട്ടു എന്നാണ് പറഞ്ഞത്. അവൻ പ്രസ്താവിച്ച പ്രയോഗം അധികവും കുറ്റം ചുമത്തുന്നതാകാതെ, ലംഘനത്തിന് ശിക്ഷ എന്തുകൊണ്ടാണെന്ന് വിശദമാക്കുന്നു "അവൻ അവളെ ഭരിക്കും" (ഉല്പത്തി 3:16) എന്നത് ഇന്നും സ്ത്രീകളെ ബാധിക്കുന്നതാണ്. കൂടാതെ, ആ പരാമർശം അവന്റെ അവസാന വാക്കുകൾക്ക് വേദിയൊരുക്കുന്നു, "മക്കളെ പ്രസവിച്ചു രക്ഷ പ്രാപിക്കും" ടെക്നോജോനിയാസ് (അക്ഷരികമായി, "മക്കളെ പ്രസവിക്കൽ"). "രക്ഷ പ്രാപിക്കൽ" എന്നതിനു പകരമായി "സംരക്ഷിക്കൽ" എന്ന് എൻ.എ.എസ്.ബിയിൽ "സോദ്ദേസത്തായി" തർജിമ ചെയ്തിരിക്കുന്നത് കുറച്ചുകൂടെ അന്വർത്ഥമെന്നു കാണാം (1 തിമൊഥെയൊസ് 2:15). ഈ അർത്ഥം സന്ദർഭോചിതവും അനുവദനീയവുമാണ്. അവൾ മക്കളെ പ്രസവിച്ച്, തന്റെ നിലനിൽപ് സംരക്ഷിക്കും. ഇതിനുപുറമെ, "വിശ്വാസത്തിലും, സ്നേഹത്തിലും, വിശുദ്ധീകരണത്തിലും, സുബോധത്തിലും തുടർച്ചയായി ജീവിച്ചാൽ" അവരുടെ നിത്യതയും ഉറപ്പാക്കുന്നു (1 തിമൊഥെയൊസ് 2:15). ഈ രീതിയിൽ, ലംഘനം നിമിത്തം നഷ്ടമായ നിത്യജീവൻ പ്രാപിക്കുവാൻ അവർക്ക് കഴിയും.

സഭയിൽ സ്ത്രീകളുടെ ശരിയായ പങ്ക് സ്ഥാപിക്കുന്നതിന് തിരുവെഴുത്തിൽ കാരണങ്ങൾ നൽകുന്നു. 1) ദൈവസൃഷ്ടിയുടെ ക്രമം (ഉല്പത്തി 2:7, 18–23; 1 കൊരി. 11:3); 2) ദൈവീക നിയമം (ഉല്പ. 3:16; 1 കൊരി. 14:34); 3) പ്രത്യേക അപ്പോസ്തോലിക കല്പന (കൊലോ. 3:18; 1 തിമൊ. 2:8–15); 4) അംഗീകരിച്ച മാതൃക (1 പത്രോസ് 3:5); 5) ഭൗതികവും വൈകാരികവുമായ ഭരണഘടന (1 പത്രോ. 3:6,7).

സ്ത്രീകളുടെ കീഴ്പ്പെടൽ പങ്ക് തിരിച്ചറിഞ്ഞാൽ അപകർഷതാബോധം ജനിക്കുകയില്ല. അത് അവളെ ദൈവത്തിൽ അനുസരണമുള്ളവളാക്കുന്നു! അവളുടെ പങ്ക് സ്വീകരിച്ചില്ലെങ്കിൽ അത് പാപമാണ്!

സ്ത്രീ/പുരുഷ ബന്ധങ്ങൾ 1 കൊരിന്ത്യർ 11:3–9ൽ വിവരിച്ചിരിക്കുന്നു: പുരുഷന്റെ തല ക്രിസ്തുവും, ക്രിസ്തുവിന്റെ തല ദൈവവും ആയിരിക്കുന്നതുപോലെ പുരുഷൻ സ്ത്രീയുടെ തലയാണ്. തല നയിക്കുകയും, നടത്തുകയും ഭരിക്കുകയും ചെയ്യുന്നു.

തിരുവെഴുത്തിൽ, സ്ത്രീകൾ എപ്പോഴും പുരുഷന്റെ ആധിപത്യത്തിൽ (നേതൃത്വത്തിൽ) ആണ് (1 തിമൊ. 2:8–15; 1 കൊരി. 11:12). കുടുംബത്തിന്റെ ചുമതലയും പരസ്യാരാധനയുടെ നേതൃത്വവും പുരുഷന്മാരെയാണ് ഏൽപ്പിച്ചിരിക്കുന്നത്. ദൈവം സ്ത്രീയെ ഏൽപിക്കാത്ത ചുമതല നിർവഹിക്കുന്നതും, പുരുഷൻ തന്റെ നായകത്വ ചുമതല ഉപേക്ഷിക്കുന്നതും പാപമാകുന്നു. ദൈവഭക്തിയുള്ള നമ്മുടെ സ്ത്രീകളെ, അവരായിരിക്കുന്നതുപോലെ നമുക്ക് അവരെ ബഹുമാനിക്കുകയും ഉത്തേജിപ്പിക്കുകയും ചെയ്യാം!

---




**ഒ**ട്ടേറെ പ്രതീക്ഷകളോടെയാണു സ്ത്രീയും പുരുഷനും വിവാഹിതരാകുന്നത്. ഇത്തരം പ്രതീക്ഷകളെ പങ്കാളിക്കുവേണ്ടി സന്തോഷത്തോടെ പൂർത്തീകരിക്കുമ്പോൾ ഇരുവരും സന്തോഷിക്കുന്നു. പ്രതീക്ഷകൾ പൂർത്തീകരിക്കാനാവാതെ വരുമ്പോഴാണു കുടുംബത്തിലെ സന്തോഷം മങ്ങുന്നത്.

ചിലർ പങ്കാളിക്കു നൽകുന്ന പ്രതീക്ഷകൾ അവരുടെ കഴിവുകൾക്കും സാധ്യതകൾക്കും അപ്പുറമായിരിക്കും. ഇത്തരം പ്രതീക്ഷകൾക്കു ന്യൂറോട്ടിക് എക്സ്പെക്റ്റേഷൻസ് എന്നാണു പറയുക. ഇവ പലപ്പോഴും പിരിമുറുക്കങ്ങളിലും മാനസിക സംഘർഷങ്ങളിലും കുടുംബ കലഹത്തിലും അവസാനം വിവാഹമോചനത്തിലും എത്തുന്നു.

ഒരു ഉദാഹരണം: "എന്റെ ഭർത്താവ് (ഭാര്യ) എന്റേതുമാത്രം. മറ്റാരെയും നോക്കരുത്. ആരോടും സംസാരിക്കരുത്, ചിരിക്കരുത്" എന്നു പ്രതീക്ഷിക്കുന്നവരുണ്ട്. ഈ പ്രതീക്ഷകൾ ഒരുതരം വിലക്കുകളാണ്. ഇത്തരം വിലക്കുകൾ നിർദേശിക്കുന്ന ഭർത്താവിനോടൊപ്പം ഭാര്യ നടക്കാൻ പോകുന്നു. വഴിയിൽവച്ചു കൂടെ ജോലി ചെയ്യുന്ന ഒരാളെ കണ്ടാൽ സംസാരിക്കണമോ വേണ്ടയോ എന്ന സംഘർഷത്തിൽ ഭാര്യ എത്തിച്ചേരും. ആകെക്കൂടി ഒരു തപ്പൽ, വെപ്രാളം. ഇതു കാണുമ്പോൾ ഭർത്താവിന്റെ സംശയങ്ങൾ മറ്റൊരു തരത്തിലാണു കാടുകയറുക. "എന്താടീ, അവനെ കണ്ടപ്പോൾ ഒരു... ഒരു.... ഇത്!' എന്ന മട്ടിൽ. കാര്യം അവസാനം കുടുംബകലഹത്തിലാവും എത്തിച്ചേരുക. വൈകാരിക സംഘർഷത്തിൽ നിന്ന് പെട്ടെന്നു വിവാഹമോചനത്തിലേക്കു നയിക്കപ്പെടുന്നു.

ദമ്പതികൾ ചില സത്യങ്ങൾ ഓർക്കണം: ലൈംഗികബന്ധം വെറും ഇണചേരൽ മാത്രമല്ല, മറിച്ച് രണ്ടു വ്യക്തികൾ തമ്മിലുള്ള ശാരീരികവും മാനസികവും വൈകാരികവുമായ ഒരു ഇഴുകിച്ചേരലാണ്. ആന്തരികതന്ത്രികളെ തൊട്ടുണർത്തുന്ന വൈകാരിക അടുപ്പം അതിലൂടെ നേടുന്നു.

പങ്കാളികൾ തമ്മിൽ ബുദ്ധിപരമായ പങ്കിടലും അടുപ്പവും ഉണ്ടാകണം. പരസ്പര ബഹുമാനത്തോടും രണ്ടുപേർക്കും ഒരുപോലെ അഭിപ്രായ സ്വാതന്ത്ര്യമുണ്ടെന്ന ബോധത്തോടുംകൂടി ഇടപെടുക. രണ്ടുപേർക്കും താല്പര്യമുള്ള വിഷയങ്ങൾ ചർച്ചചെയ്യാൻ സമയം കണ്ടെത്തണം.

സൗന്ദര്യാസ്വാദനത്തിൽ രണ്ടുപേരും സഹകരിക്കുന്നതു നല്ലതാണ്. മുറി വൃത്തിയായി സൂക്ഷിക്കുന്നതിൽ,വസ്ത്രം നന്നായി ധരിക്കുന്നതിൽ, വീട് അലങ്കരിക്കുന്നതിൽ, അന്യോന്യം സൗന്ദര്യം അനുഭവിക്കുന്നതിൽ എല്ലാം പങ്കിടൽ ബന്ധം ഹൃദ്യമാക്കും.

കുടുംബത്തിലെ ഉത്തരവാദിത്വങ്ങൾ പങ്കാളികൾ ഒരുപോലെ പങ്കുവയ്ക്കുന്നതും നല്ലതാണ്. ഒന്നിച്ചുചേർന്ന് ജോലികൾ പൂർത്തിയാക്കുന്നതു സന്തോഷകരമാണ്.

വിമർശനവും കുറ്റപ്പെടുത്തലും പങ്കാളിയിൽ വെറുപ്പും വൈരാഗ്യവും വർധിക്കുവാനേ ഇടയാക്കൂ. സ്നേഹം കൊടുക്കുന്നതിനും വാങ്ങുന്നതിനും അത്തരം അനുഭവങ്ങൾ ഒരു തടസ്സമായിത്തീരുന്നു.

കുടുംബജീവിതത്തിൽ സംഘർഷങ്ങൾ ഉണ്ടാകില്ല എന്നു പറയാൻ പറ്റില്ല. ഒന്നിച്ചു ജീവിക്കുമ്പോൾ ചില്ലറ പ്രശ്നങ്ങൾ ഉണ്ടാകുക സ്വാഭാവികമാണ്. അത്തരം സംഘർഷങ്ങൾ കൂടുതൽ ആരോഗ്യകരമായ ബന്ധങ്ങൾ സ്ഥാപിക്കാൻ ക്രിയാത്മകമായി പ്രയോജനപ്പെടുത്തുകയാണു വേണ്ടത്.

പങ്കാളികൾ തമ്മിലുള്ള ആശയവിനിമയം അന്യോന്യം അടുത്തറിയുവാൻ സഹായിക്കുന്നു. എന്തും പറയുവാൻ സ്വാതന്ത്ര്യം പരസ്പരം നൽകണം. സംസാരത്തിനു പ്രത്യേകം വിഷയങ്ങൾ നോക്കി ഇരിക്കണ്ട. ദുഃഖവും സന്തോഷവും കോപവും നിരാശയും പ്രത്യാശയും പ്രതീക്ഷയും ആഗ്രഹുമെല്ലാം പങ്കിടാം. ആരോഗ്യകരമായ സംസാരം പങ്കാളികളുടെ സൗഹൃദം വർധിപ്പിക്കുന്നു.

പരസ്പരമുള്ള സമർപ്പണബോധം പങ്കാളികളൾക്കിടയിൽ വിശ്വാസവും ഉറപ്പും വർധിപ്പിക്കും. സ്നേഹവും ബഹുമാനവും പങ്കാളിയെ അഭിനന്ദിക്കാൻ പ്രേരിപ്പിക്കും. ഇത് ഇല്ലാതെ വരുമ്പോഴാണ് അപകർഷതാബോധവും ഉത്കർഷതാ ബോധവും അരക്ഷിതത്വബോധവും വർധിച്ചു കുടുംബകലഹത്തിലെത്തിച്ചേരുന്നത്.

സൗഹൃദം വർദ്ധിപ്പിക്കുന്ന കുടുംബസന്തോഷം നിലനിർത്തുവാൻ ഭാര്യ ഭർത്താക്കന്മാർക്കിടയിൽ അടുപ്പം ആവശ്യമാണ്. അടുപ്പം, ആശയവിനിമയം, അടുത്തറിയൽ, സ്നേഹം പങ്കിടൽ (സന്തോഷവും ദുഃഖവും), ചെറിയ വഴക്കുകൾ എല്ലാം ഗാഢസൗഹൃദത്തിന്റെ ഭാഗമാണ്. അടുപ്പം മാത്രമല്ല, വൈകാരികമായ ഒരു ഇഴുകിച്ചേരലാണു വളർത്തിയെടുക്കേണ്ടത്.

ദൈവസാന്നിധ്യത്തിൽ കൂട്ടിച്ചേർക്കപ്പെട്ട പുരുഷനും സ്ത്രീയും വല്ലപ്പോഴുമെങ്കിലും ആ ദൈവം ഇന്നും കൂടെയുണ്ടോ? ദൈവത്തിനു ചേർന്ന പ്രവൃത്തിയിലാണോ ഞാൻ ആയിരിക്കുന്നത് എന്നു വിലയിരുത്തുന്നതു നന്നായിരിക്കും.





# വേദാഭിമാനിയുടെ മറുപടി

മാനവികതയുടെ ഏറ്റവും മഹത്തായ പ്രയോഗരൂപമാണ് ദൈവവചനം അഥവാ ബൈബിൾ. അതിന്റെ അടിസ്ഥാനത്തിൽ ഏറ്റവും നല്ല മനുഷ്യനേയും സമൂഹത്തേയും സൃഷ്ടിക്കാൻ പ്രതിജ്ഞാബദ്ധമായ ആത്മീയ നേതൃത്വത്തിലുള്ളവരുടെ പെരുമാറ്റവും പഠിപ്പിക്കലും ശരാശരി മനുഷ്യനെ ലജ്ജിപ്പിക്കുന്നതാണ്. വിഡ്ഢിത്തം പറയുന്ന മൂഢന്മാരെ കണ്ടില്ലെന്നു നടിക്കാൻ ഞങ്ങൾക്കാവില്ല. കാരണം, സത്യം അറിയാതെ ജനം വഞ്ചിക്കപ്പെടുകയാണ്. അതുകൊണ്ട് ഈ ലക്കത്തിൽ ജനത്തിന്റെ വഴിയെ നീങ്ങുന്ന ജനവീഥിയ്ക്ക് (കുളത്തൂപ്പുഴ ഷിബു) തിരുവചന വെളിച്ചത്തിൽ വേദാഭിമാനി മറുപടി നൽകുന്നു.

**ദൈവം മനുഷ്യനെ സത്രീയുടെയോ, പുരുഷന്റെയോ, ആരുടെ രൂപത്തിലാണ് സൃഷ്ടിച്ചത്. -ജനവീഥി**

**വേദാഭിമാനി** : ഇങ്ങനെ ദൈവം തന്റെ സ്വരൂപത്തിൽ മനുഷ്യനെ സൃഷ്ടിച്ചു. ദൈവത്തിന്റെ സ്വരൂപത്തിൽ അവനെ സൃഷ്ടിച്ചു. ആണും പെണ്ണുമായി അവരെ സൃഷ്ടിച്ചു (ഉല്പ. 1:27). ദൈവത്തിന്റെ സ്വരൂപത്തിൽ **"അവനെ സൃഷ്ടിച്ചു"** എന്നാണ് കാണുന്നത്. പുരുഷൻ ദൈവത്തിന്റെ പ്രതിമയും തേജസ്സും ആകയാൽ (1 കൊരി. 11:7) പുരുഷ രൂപത്തിൽ എന്ന് വേണമെങ്കിൽ പറയാം. എന്നാൽ അത് ശരിയായ കാഴ്ചപ്പാടല്ലാ എന്ന് ശരീരശാസ്ത്രം വിശകലനം ചെയ്യുമ്പോൾ ബോധ്യമാകും.



"സ്ത്രീകളെയും," "പുരുഷന്മാരെയും" ദൈവരൂപത്തിലാണ് സൃഷ്ടിച്ചിരിക്കുന്നത്. ദൈവം ആത്മാവാണ് എന്ന് സൂചിപ്പിക്കുന്നത് (യോഹ. 4:23,24), ഭൗതികമായ രൂപത്തിലല്ല നമ്മെ സൃഷ്ടിച്ചത് എന്നാണ്. ഇപ്പോൾ നമ്മുടെ ശരീരങ്ങൾ "മണ്ണുകൊണ്ടുള്ള രൂപത്തിലാണ്." നാം ഉയർത്തെഴുന്നേൽക്കുമ്പോൾ "സ്വർഗീയന്റെ പ്രതിമ" ധരിക്കും (1 കൊരി. 15:49). അപ്പോൾ നമുക്ക് "ആത്മീയ ശരീരങ്ങൾ"ലഭിക്കും (1 കൊരി. 15:44). അത് ദൈവത്തിന്റേയും യേശുവിന്റേയും ആത്മീയ ശരീരങ്ങൾ പോലെയായിരിക്കും (1 യോഹ. 3:2; ഫിലിപ്പിയർ 3:21). ലിംഗഭേദമില്ലാതെയിരിക്കും (മത്താ. 22:30).

ദൈവം നമ്മെ അവന്റെ സാദൃശ്യത്തിൽ സൃഷ്ടിച്ചു. അവന്റെ ആത്മിയ സ്വഭാവത്തോടുകൂടിയാണ് അവൻ നമ്മെ നിർമ്മിച്ചത്. ദൈവസൃഷ്ടികളിൽ, മനുഷ്യർക്ക് അവന്റെ സ്വന്തരൂപമാണ് കൊടുത്തിരിക്കുന്നത് – അവന്റെ ആത്മീയരൂപം, പുരുഷന്മാർക്ക് കൊടുത്ത അതേ രൂപമാണ് സ്ത്രീക്കും കൊടുത്തിരിക്കുന്നത്. ശാരീരിക രൂപത്തിൽ സ്ത്രീകളും പുരുഷന്മാരും വ്യത്യസ്തരാണ്, എന്നാൽ ആത്മീയ സ്വഭാവത്തിൽ അവർ ഒന്നുതന്നെയാണ്. അവർ ദൈവത്തിന്റെ രൂപത്തിലാണ് സൃഷ്ടിക്കപ്പെട്ടത്.

**ശുശ്രൂഷക്കാരിത്തിയായ ഫേബ സഭയുടെ അദ്ധ്യക്ഷസ്ഥാനം വഹിച്ചിരുന്നു -ജനവീഥി**

**വേദാഭിമാനി** : കൊരിന്തിനടുത്ത് കെംക്രയസഭയിലെ വിശ്വാസിനി അല്ലെങ്കിൽ സേവക മാത്രമായിരുന്നു ഫേബ. ഈ സ്ത്രീയെ സഹായിക്കണമെന്ന് റോമിലെ വിശ്വാസികൾക്ക് പൗലോസ് എഴുതുന്നു (റോമർ 16:1,2). സഭയുടെ ശുശ്രൂഷകയാണെങ്കിൽ ഇങ്ങനെയൊരു പരിചയപ്പെടുത്തൽ ആവശ്യമുണ്ടോ. പൗലോസ് ഈ വനിതയ്ക്ക് നൽകുന്ന മൂന്ന് വിശേഷണങ്ങൾ നാം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. അഡൽഫേ (സഹോദരി) ഡിയാകോനോൺ (സേവിക്കുക) പ്രോസ്റ്റാറ്റിസ് (രക്ഷകർത്തൃസഹായി). ക്രിസ്തീയ വനിത ആയതുകൊണ്ടാകാം സഹോദരി എന്നു വിളിക്കുന്നത്. പൗലോസിന്റെ സ്പാന്യയിലുള്ള മിഷനറി പ്രവർത്തനത്തെ സഹായിക്കുന്നതിന് റോമിലെ വിശ്വാസികളെ പ്രേരിപ്പിക്കുന്നതിനാണ് ഫേബാ റോമിൽ എത്തിയതെന്ന് പറയപ്പെടുന്നു.

ഇടയത്ത്വം നടത്തുക എന്ന നിലയിൽ ഫേബയെക്കുറിച്ച് വചനത്തിൽ ഒരിടത്തും പറയുന്നില്ല. ആ ഉത്തരവാദിത്വം സഭയിലെ മൂപ്പൻമാർക്കുള്ളതാണ് (അ.പ്ര. 20:28; 1 പത്രോ. 5:1,2). ഓരോ ഇടയനും ഏക ഭാര്യയുടെ ഭർത്താവായിരിക്കണം എന്നുള്ളതാണല്ലോ വ്യവസ്ഥ (1 തിമൊ. 3:2).

ശുശ്രൂഷകന്റെ സ്ഥാനത്തിന് ഡയാക്കണോസ് ഉപയോഗിച്ചിട്ടില്ലെങ്കിൽ മറ്റൊരാളുടെ അധികാരത്തിൻ കീഴിൽ ഒരാൾ സേവിക്കുന്നു എന്നാണർത്ഥം. ഫേബ എനിക്കും മറ്റു പലർക്കും സഹായം ചെയ്തിരിക്കുന്നു എന്ന അർത്ഥത്തിൽ പ്രോസ്റ്റാറ്റിസ് എന്ന വാക്കാണ് പറഞ്ഞത് (റോമർ. 16:2). പ്രോസ്റ്റാറ്റിസ് എന്നതിന് അർത്ഥം വാഴുന്നയാൾ അല്ലെങ്കിൽ ഭരിക്കുന്നയാൾ എന്നാണെങ്കിൽ ഫേബ പൗലോസിനെ ഭരിച്ചിരുന്നു എന്നനുമാനിക്കേണ്ടിവരും. സഹായി എന്നുതന്നെയാണ് ആ വാക്കുകൊണ്ട് അർത്ഥമാക്കുന്നത്. അതായിരുന്നു അവൾക്ക് പൗലോസിനോടും മറ്റുള്ളവരോടും ഉണ്ടായിരുന്ന ബന്ധം. ഫേബ സഭയിൽ ഔദ്യോഗിക പദവി അലങ്കരിച്ചിരുന്നു എന്ന് വിശ്വസിക്കുവാൻ തക്കതായ തെളിവുകളൊന്നുമില്ല. ലഭിക്കാവുന്ന എല്ലാ വിവരണങ്ങളും – വാക്കുകളുടെ അർത്ഥവും വച്ചുകൊണ്ട് അധികാര സ്ഥാനത്തുള്ളവരുടെ കൽപ്പനകൾ നടപ്പിലാക്കുകയായിരുന്നു അവളുടെ ചുമതല എന്നു മനസ്സിലാക്കാം. സമർപ്പിക്കപ്പെട്ട ക്രിസ്തീയ സേവനമായിരുന്നു അവളുടേത്.

"I commend to you our sister phoebe, **a servant of the church** in Cenchrea. I ask you to receive her in the Lord in a way worthy of the saints and to give her any help she may need from you, for she has been a great help to many people including me" (Romans 16:1,2).

കെംക്രയ സഭയിലെ സേവകയായ (devoted follower or helper) ഫേബയെ കൈക്കൊണ്ട് അവൾക്കു വേണ്ട സഹായം ചെയ്തുകൊടുക്കണം എന്നു മാത്രമാണ് റോമർ 16:1,2 വാക്യങ്ങളിലൂടെ വ്യക്തമാകുന്നത്. ഫേബ സഭയ്ക്ക് നേതൃത്വം നൽകിയ വനിതയെന്ന് സൂചിപ്പിക്കുന്ന ഒരു പദവും തിരുവചനത്തിൽ ഇല്ലായെന്ന് എത്രയും വ്യക്തമാണ്.

**അമേരിക്കയിൽ ഏ.ജി. സമൂഹത്തിൽ സ്ത്രീ പൗരോഹിത്യമുണ്ട്. സ്ത്രീ പുരോഹിതയുടെ പേരിനു മുന്നിൽ റവ. എന്നാണ് ഉപയോഗിക്കുന്നത്. അസംബ്ലീസ് ഓഫ് ഗോഡ് സഭയ്ക്ക് വിമൻ ഓഡിനേഷൻ ഉണ്ട്. എല്ലാവരും രാജകീയ പുരോഹിതവർഗ്ഗം. അതുകൊണ്ടുതന്നെ പുരുഷനെപോലെ സ്ത്രീയ്ക്കും പൗരോഹിത്യമാകാം. -ജനവീഥി**



**വേദാഭിമാനി** : പുരോഹിതൻ എന്ന എബ്രായ പദം നിൽക്കുക എന്ന ക്രിയയിൽ നിന്നുണ്ടായതാണ്. ദൈവത്തിന്റെ മുമ്പിൽ നിൽക്കുന്നവൻ എന്നർത്ഥം. മതപരമായ ചടങ്ങുകളിൽ ആചാര്യസ്ഥാനം വഹിക്കുന്നവരും യാഗാദികർമ്മങ്ങൾക്ക് നായകത്വം വഹിക്കുന്നവരുമാണ് പുരോഹിതർ. മുമ്പിൽ നടന്ന് പ്രവർത്തിക്കുന്നവൻ എന്ന ഒരർത്ഥവും അതിനുണ്ട്. ദൈവസ്വഭാവം പ്രാപിച്ചവരായി ദൈവസന്നിധിയിൽ നിന്നുകൊണ്ട് ജനത്തെ വിശുദ്ധിയിൽ കാക്കുക എന്നതാണ് ഇവരുടെ ദൗത്യം. പാരമ്പര്യ വീക്ഷണപ്രകാരം പൗരോഹിത്യം മോശയിൽ നിന്നുത്ഭവിച്ച് ലേവി ഗോത്രത്തിനു നൽകപ്പെട്ടിരിക്കുന്നു. പൗരോഹിത്യത്തിന്റെ പൂർത്തീകരണം യേശുക്രിസ്തുവിലാണെന്ന് എബ്രായലേഖനം വ്യക്തമാക്കുന്നു. പഴയനിയമ പൗരോഹിത്യം പാരമ്പര്യപ്രകാരമുള്ളതാണ്. പുതിയനിയമത്തിലെ യാതൊരെഴുത്തുകാരനും പുരോഹിതൻ എന്ന പദം പുതിയനിയമ സഭയുടെ ശുശ്രൂഷകനോ മറ്റ് യാതൊരാൾക്കോ നൽകിയതായി കാണുന്നില്ല. പൗരോഹിത്യത്തിന്റെ പൂർത്തീകരണം യേശുക്രിസ്തുവിൽ ആണെന്നതിനാൽ യാതൊരാൾക്കും പുരോഹിതനെന്ന് അവകാശപ്പെടാനാവില്ല. അതുകൊണ്ട് തന്നെ പുതിയനിയമ സഭയിൽ പൗരോഹിത്യം ഇല്ലായെന്നു തന്നെ പറയാം.

ക്രിസ്തു പുരോഹിതനായി സ്വയം വിശേഷിപ്പിക്കുന്നില്ലെങ്കിലും പുരോഹിതന്റെ രണ്ട് കർത്തവ്യങ്ങളും നിർവ്വഹിച്ചു എന്ന് നിസംശയം പറയാം. പഴയനിയമ പുരോഹിതന്മാരുടെ അപൂർണ്ണതയെ വെല്ലുന്ന നിസ്തുല പൂർണ്ണതയാണ് ഈ അതുല്യ പുരോഹിതനിൽ കാണുന്നത്. അബ്രഹാമിൽനിന്ന് ദശാംശം സ്വീകരിച്ചവന്റെ പൗരോഹിത്യം ലേവ്യാ പൗരോഹിത്യത്തേക്കാൾ എത്രയോ ഉന്നതമാണ്. ആത്മബലിയിലൂടെ ന്യായപ്രമാണത്തെ വിശദീകരിക്കുകയും പൂർത്തീകരിക്കുകയും വഴി യേശുവിന്റെ പൗരോഹിത്യം പഴയനിയമ പൗരോഹിത്യത്തിന് അന്ത്യം കുറിക്കുന്നു. ഉന്നതനായവൻ മനുഷ്യന്റെ ഹീനരൂപം സ്വീകരിച്ച് സ്വയം ബലിയായപ്പോൾ പൂർണ്ണത നിറഞ്ഞ മധ്യസ്ഥത വഹിക്കുവാൻ പ്രാപ്തനുമായി. മൂന്നുതരം മധ്യസ്ഥത പഴയനിയമത്തിൽ കാണാം. രാജാവിന്റെ, പുരോഹിതന്റെ, പ്രവാചകന്റെ. ഇവ മൂന്നും തന്നിൽ ക്രിസ്തു സമന്വയിപ്പിച്ചു. യാഗവും വചനശുശ്രൂഷയുമാണ് പൗരോഹിത്യത്തിന്റെ ഘടകങ്ങൾ. മനുഷ്യാവതാരത്തിൽ യേശു ഇവ രണ്ടും നിർവ്വഹിച്ചു. തന്റെ അനുയായികൾക്കും ഇതുതന്നെയാണ് നിയോഗം. തന്നോടൊപ്പം കുരിശു ചുമക്കുകയും പാനപാത്രം കുടിക്കുകയും ചെയ്യുവാനും ലോകമെങ്ങും മരണംവരെ സുവിശേഷം അറിയിക്കുവാനും. ഇങ്ങനെയാണ് ക്രിസ്തീയ സമൂഹം പുരോഹിതവർഗ്ഗമായി തീരുന്നത്. പുറജാതികളുടെ മധ്യേ യഹോവയുടെ ശക്തി തെളിയിക്കുവാനുള്ള നിയോഗമായിരുന്നു യിസ്രായേലിന്റെ രാജ പൗരോഹിത്യം (പുറ. 19:6). മനുഷ്യാവതാരശേഷം ആ കർത്തവ്യം സഭയുടെതാണ്.

പാപം, രക്ഷ, മരണാനന്തര ജീവിതം, മതം, മതപരിവർത്തനം തുടങ്ങി വിവിധ വിഷയങ്ങളിൽ തികച്ചും ആധികാരികമായ 30–ൽ പരം ട്രാക്റ്റുകൾ, ആവശ്യക്കാർ മാസികാ വിലാസത്തിൽ ബന്ധപ്പെടുക

അതുകൊണ്ട് സഭ രാജകീയ പുരോഹിത വർഗ്ഗമായി ഭവിക്കയും ചെയ്യുന്നു. സഭയുടെ പൊതുവായ രാജകീയ പൗരോഹിത്യത്തെക്കുറിച്ചോ ക്രിസ്തുവിന്റെ അതുല്യ പൗരോഹിത്യത്തെക്കുറിച്ചോ അല്പംപോലും അറിവില്ലാത്തവരാണ് സ്ത്രീ പൗരോഹിത്യവും 'റവ' യുമായി നടക്കുന്നത്. പുതിയനിയമത്തിൽ പുരോഹിതനും പൗരോഹിത്യ ശുശ്രൂഷയും ഇല്ലായെന്ന് ഇനി എന്നാണ് ഇവർ മനസിലാക്കുക. ക്രിസ്ത്യാനികൾ എല്ലാവരും പുരോഹിതന്മാരാണ് (വെളി. 1:6). ദൈവത്തിന്റെ മന്ദിരമായി (1 കൊരി. 6:19) ശരീരങ്ങളെ യാഗമായി സമർപ്പിച്ച് (റോമർ 12:1) ലോകത്തിൽ ക്രിസ്തുവിനേയും അവന്റെ മഹത്ത്വത്തേയും ഉയർത്തിക്കാണിക്കുമ്പോൾ നാം രാജകീയ പുരോഹിത വർഗ്ഗമായി.

**സ്ത്രീ, തൈലം യേശുവിന്റെ തലയിൽ ഒഴിച്ചു. ഒരു പ്രത്യേക ശുശ്രൂഷയ്ക്കായിട്ടാണ് സ്ത്രീ, യേശുവിനെ അഭിഷേകം ചെയ്യുന്നത്. -ജനവീഥി**



**വേദാഭിമാനി** : 4 സുവിശേഷങ്ങളിലും തൈലം പൂശിയതിനെക്കുറിച്ച് പറയുന്നുണ്ടെങ്കിലും നാലും ഒരേ സംഭവമാണെന്ന് ഉറപ്പിച്ചു പറയാൻ സാധിക്കില്ല. ലൂക്കോസ് പറയുന്ന സംഭവം നടന്നത് ഗലീലയിലാണെന്ന് സന്ദർഭം വച്ച് ഊഹിക്കുവാൻ കഴിയും. അത് യേശുവിന്റെ പരസ്യശുശ്രൂഷയുടെ ആദ്യഘട്ടമാണ്. മറ്റുള്ളവർ പറയുന്ന സ്ഥലം ബഥാന്യയാണ്. അത് കുരിശുമരണത്തിന് അടുത്തകാലമാണ്. ആതിഥേയൻ പരീശനായ ശീമോനെന്ന് ലൂക്കോസ്, കുഷ്ഠരോഗിയായ ശീമോൻ എന്ന് മത്തായിയും മർക്കോസും പറയുന്നു. യോഹന്നാനാകട്ടെ മാർത്തയേയും ലാസറിനേയും പരാമർശിച്ചു നിർത്തുന്നു. തലയിലാണ് തൈലം ഒഴിച്ചതെന്ന് രണ്ടുപേരും, കാലിലാണെന്ന് മറ്റുള്ളവരും പറയുന്നു. ഒഴിച്ച സ്ത്രീ പാപിനിയാണെന്ന് ലൂക്കോസും, മാർത്തയുടെ സഹോദരിയായ മാന്യവനിതയെന്ന് യോഹന്നാനും പറയുന്നു. എങ്ങനെയായാലും തൈലം തലയിൽ ഒഴിച്ചു എന്നല്ലാതെ (മത്തായി 26:7) (She poured on his head) സ്ത്രീ തൈലം കൊണ്ട് യേശുവിനെ അഭിഷേകം ചെയ്തു എന്ന് ഒരിടത്തും പറയുന്നില്ല.

യേശുവിന്റെ കാൽക്കൽ ഇരുന്ന് വചനം കേട്ട സ്ത്രീയാണ് മാർത്തയുടെയും ലാസറിന്റെയും സഹോദരിയായ മറിയ. ലൂക്കോസ് 10:39. ഇവർ ബഥാന്യയിലാണ് താമസിച്ചിരുന്നത് (യോഹ. 11:1). ബഥാന്യയിൽ വച്ച് യേശുവിന്റെ തലയിൽ സ്വച്ഛജടാമാംസി തൈലം പൂശിയത് ഈ മറിയ ആയിരിക്കണം (മത്തായി 26: 6–13, മർക്കോസ് 14:3–9). സ്ത്രീ ആരായിരുന്നാലും ഒരു പ്രത്യേക ശുശ്രൂഷയോ അഭിഷേകമോ ഒന്നും അവിടെ നടന്നിട്ടില്ലായെന്ന് വചനം വ്യക്തമായി വായിക്കുന്ന ഏവർക്കും ബോധ്യപ്പെടുന്നതാണ്. പരിമള തൈലം ശവശരീരങ്ങൾക്കു പൂശുന്നതാണെന്ന് വചനം വ്യക്തമാക്കുന്നുണ്ടല്ലോ (ലൂക്കോ. 25:56; മത്താ. 26:12). വിശുദ്ധമായ ആവശ്യങ്ങൾക്കും അഭിഷേകത്തിനും ഉപയോഗിക്കുന്ന വിശുദ്ധ തൈലം മൂറ്, ലവംഗം, വയമ്പ് മുതലായവ ഒലിവെണ്ണയിൽ ചേർത്ത് ഉണ്ടാക്കുന്നതാണ് (പുറ. 30:23–33, 29:7). വിശുദ്ധ ഉപയോഗത്തിനായി ഉണ്ടാക്കപ്പെട്ട വിശുദ്ധതൈലം സ്വന്തമായി ഉപയോഗിക്കുവാനോ കൊണ്ടു നടക്കുവാനോ അനുവാദമുണ്ടായിരുന്നില്ലായെന്നും നാം ഓർക്കണം (പുറ. 30:32,33).

സ്ത്രീ യേശുവിന്റെ തലയിലും കാലിലും പൂശിയത് വിലയേറിയ സ്വച്ഛജടാമാംസിതൈലമാണ് (മർക്കോ. 14:3). നർദ്ദിൻ സുഗന്ധദ്രവ്യം എന്ന് മലയാളത്തിൽ ഇതിനെ വിശേഷിപ്പിക്കാം. ജടാമാംസി അഥവാ ജടാമാഞ്ചി (Nardostachys jatamansi) വയമ്പു പോലുള്ള ഒരു ചെടിയാണ്. പാശ്ചാത്യ നാടുകളിലേക്ക് ഭാരതത്തിൽ നിന്നാണ് ഇത് കയറ്റുമതി ചെയ്തതെന്ന് പറയപ്പെടുന്നു. ഒരു റാത്തലിന് 100 ദിനാറ ആയിരുന്നു വിലയെന്ന് പ്ലിനി രേഖപ്പെടുത്തിയിട്ടുണ്ട്. കൂടിയ ഇനം സ്വച്ഛജടാമാംസി തൈലത്തിന് 1000ദിനാറ വിലയുണ്ടായിരുന്നു. അതായത് ഒരു സാധാരണക്കാരന്റെ സമ്പാദ്യമെന്ന് വിശേഷിപ്പിക്കാം. 300 വെള്ളിക്കാശെന്ന് മർക്കോസ് പറയുന്നുണ്ടല്ലോ.

വാസ്തവത്തിൽ ഈ തൈലം പൂശൽ ബാഹ്യമായ ഒരു സ്നേഹപ്രയോഗം മാത്രമാണ്. സുഗന്ധദ്രവ്യം കുഴമ്പു പരുവത്തിൽ ആക്കിയാണ് ഉപയോഗിച്ചിരുന്നത്. അത് അതിഥിയുടെ തലയിൽ വച്ചുകൊടുക്കുന്നത് ഒരു ആചാരമാണ്. തലയിൽ വയ്ക്കുന്ന സുഗന്ധദ്രവ്യ കുഴമ്പ് പതുക്കെ ഉരുകി ഒലിക്കുമ്പോൾ സുഗന്ധം പരക്കും. ശരീരത്തിന് കുളിർമ്മ തോന്നുകയും ചെയ്യും. ഇങ്ങനെയുള്ള ഒരു ആചാരത്തെ അഭിഷേകമായി കാണുന്നത് അറിവില്ലായ്മകൊണ്ടാണ്.

ഒരു ചരിത്ര സംഭവത്തെ വിശദീകരിക്കുമ്പോൾ ആ സംഭവം നടന്ന ദേശത്തിന്റെ സംസ്കാരം, ആചാരം എന്നിവ മനസിലാക്കേണ്ടിയിരിക്കുന്നു. തലയിൽ എണ്ണ പൂശുക, എണ്ണകൊണ്ട് അഭിഷേകം ചെയ്യുക എന്നതൊക്കെ ആദരപൂർവ്വമായ ഒരു ആചാരം മാത്രമാണ് (ലൂക്കോ. 7:44–47).

ഒരു മനുഷ്യന് ദൈവവുമായുള്ള ബന്ധത്തിൽ അനിവാര്യമായി വേണ്ട രണ്ടുകാര്യങ്ങളാണ് തികഞ്ഞ സ്നേഹവും സമർപ്പണവും. തനിക്കുള്ളതൊക്കെയും, വിലയേറിയതായി കരുതിയ സകലത്തേയും, തികഞ്ഞ സ്നേഹത്താൽ ദൈവത്തിനായി നൽകി; തന്റെ സമർപ്പണം വെളിപ്പെടുത്തി ഭാവിയുടെ ആശയും പ്രത്യാശയും യേശു മാത്രമാണെന്ന് പ്രവർത്തിയിലൂടെ കാണിച്ചുകൊടുത്ത് അനുകരണീയ മാതൃകയായി തീർന്നുവെന്ന് യേശുവിന് ബോധ്യം വന്നതുകൊണ്ടാണ്... സുവിശേഷം ലോകത്തിൽ ഒക്കെയും പ്രസംഗിക്കുന്നിടത്തെല്ലാം അവൾ ചെയ്തത് അവളുടെ ഓർമ്മയ്ക്കായി പ്രസ്താവിക്കും എന്ന് യേശു പറഞ്ഞത്. തൈലം പൂശലിനോടുള്ള ബന്ധത്തിൽ അവളുടെ ശുശ്രൂഷ എന്തായിരുന്നു എന്ന് ലൂക്കോ. 7:44 മുതൽ 50 വരെയുള്ള വാക്യങ്ങൾ ശ്രദ്ധയോടെ വായിച്ചാൽ ആർക്കും മനസിലാകുന്നതേയുള്ളൂ.

മശിഹാ എന്ന എബ്രായ പദവും ഗ്രീക്കു ഭാഷാന്തരമായ ക്രിസ്തു എന്ന ശബ്ദവും സൂചിപ്പിക്കുന്നത് അഭിഷിക്തൻ എന്നുതന്നെയാണ്. ആ അഭിഷിക്തനെ ഒരു സ്ത്രീ അഭിഷേകം ചെയ്തു എന്നു പറയുന്നതും, ദൈവത്താൽ നീതീകരിക്കപ്പെട്ട സ്ത്രീ ദൈവത്തെ ഒരു പ്രത്യേക ശുശ്രൂഷയ്ക്കായി അഭിഷേകം ചെയ്തു എന്നു പറയുന്നതും ദൈവനിന്ദതന്നെയാണ്. ദൈവത്തെ ക്രൂശിച്ചതും ഇന്നും ക്രൂശിച്ചുകൊണ്ടിരിക്കുന്നതും സ്വന്തജനം തന്നെയാണ് എന്നത് എത്രയോ ഖേദകരമായ വസ്തുതയാണ്. വ്യക്തികളായാലും പ്രസ്ഥാനങ്ങളായാലും യേശുവിനെ അപമാനിക്കുന്നത് അവസാനിപ്പിക്കണം എന്നുതന്നെയാണ് വേദാഭിമാനിയ്ക്ക് പറയാനുള്ളത്.

**ദൈവീക കാഴ്ചപ്പാടിൽ ലിംഗവിവേചനമില്ല. ആണും പെണ്ണുമെന്നില്ല. എല്ലാവരും ക്രിസ്തുയേശുവിൽ ഒന്നത്രേ. -ജനവീഥി**

**വേദാഭിമാനി** : ക്രിസ്തുവിന്റെ ശരീരത്തിലെ അവയവങ്ങൾ എന്ന നിലയിൽ പുരുഷന്മാർക്കും സ്ത്രീകൾക്കും അധികാരം ഒരുപോലെ എന്നു പറയുന്നവർ അതിന് ന്യായീകരണവാക്യമായി എടുക്കുന്നത് ഗലാത്യർ 3:28 ആണ്.

പൗലോസ് പറഞ്ഞത് എന്തായിരുന്നു? ക്രിസ്തുവിനോട് ചേരുവാൻ സ്നാനം ഏറ്റവരായ എല്ലാവരും ദൈവമക്കളാകുന്നു എന്നും, അവന്റെ അതേ ശരീരത്തോട് ചേരുന്നു എന്നുമാണ്. സ്നാനം ഒരാളെ യഹൂദ സഭയിലെ അംഗവും, മറ്റൊരാളെ ജാതികളുടെ സഭയിലെ അംഗവും ആക്കുന്നില്ല, അല്ലെങ്കിൽ ഒരാളെ ദാസന്റെ സഭയിലോ, മറ്റൊരാളെ സ്വതന്ത്രന്റെ സഭയിലോ അംഗമാക്കുന്നില്ല, അതുപോലെ ഒരാളെ ആണിന്റെ സഭയിലെ അംഗമോ, അല്ലെങ്കിൽ പെണ്ണിന്റെ സഭയിലെ അംഗമോ ആക്കുന്നില്ല. സ്നാനം നമ്മെ എല്ലാവരേയും "ഒന്നാക്കുന്നു" – എല്ലാവരും ഒരേ ശരീരത്തിലെ അവയവങ്ങൾ ആകുന്നു (ഗലാത്യർ 3:27; റോമർ 12:4,5; കൊലോസ്യർ 3:11).

ക്രിസ്തുവിലായാലും നമ്മുടെ വ്യത്യാസങ്ങൾ തുടരുന്നു; ആണും പെണ്ണും അപ്പോഴും ആണും പെണ്ണും തന്നെയാണ്; യെഹൂദന്മാരും ജാതികളും അപ്പോഴും യെഹൂദന്മാരും ജാതികളും തന്നെയാണ്. ആ വ്യത്യാസത്തോടുകൂടിയാണ് നാം ജീവിക്കുന്നതെങ്കിലും, നമ്മെയെല്ലാം ദൈവം ഒരേ രീതിയിലാണ് സ്നേഹിക്കുന്നത്; അവൻ തന്റെ സ്നേഹത്തിൽ മുഖപക്ഷം കാണിക്കുന്നില്ല (റോമർ. 2:6–11). നല്ല ഒരു രക്ഷകർത്താവ് തന്റെ മക്കളെയെല്ലാം ഒരേപോലെ സ്നേഹിക്കുകയും വ്യത്യസ്തമായ ഉത്തരവാദിത്തങ്ങൾ നൽകുകയും ചെയ്യുന്നതുപോലെയാണ് ദൈവവും തന്റെ ആത്മീയ ഭവനത്തിൽ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നത്.

നാമെല്ലാവരും ക്രിസ്തുവിൽ ഒന്നാണെങ്കിലും, നമുക്ക് എല്ലാവർക്കും ഒരേ പങ്കുണ്ടാകുക പ്രയാസമാണ്. ക്രിസ്തുവിൽ ഒന്നാണെന്നു പറയുന്നത്, എല്ലാവർക്കും ഒരേ നിലവാരവും ഒരേ പങ്കുമാണെന്ന ആശയത്തെ പൗലൊസ് ഖണ്ഡിക്കുകയുണ്ടായി (1 കൊരി. 12:4–31; റോമർ 12:6–8; എഫേസ്യർ 4:11–13).

***മനുഷ്യശരീരത്തെ എടുത്തുകാണിച്ച്, അവൻ അതിനെ വിശദീകരിക്കുന്നു. ഒരു ശരീരത്തിൽ പല അവയവങ്ങളുണ്ട്, ആ അവയവങ്ങൾക്ക് എല്ലാം വ്യത്യസ്തമായ പ്രവൃത്തികളാണുള്ളത്, അതുപോലെയാണ് ക്രിസ്തുവിന്റെ ശരീരവും (1 കൊരിന്ത്യർ 12:15–22). പൗലൊസ് ചോദിച്ചു: "എല്ലാവരും അപ്പൊസ്തലന്മാരോ? എല്ലാവരും പ്രവാചകന്മാരോ? എല്ലാവരും ഉപദേഷ്ടാക്കന്മാരോ? എല്ലാവരും വീര്യപ്രവൃത്തികൾ ചെയ്യുന്നവരോ?" (1 കൊരി. 12:29). ക്രിസ്തുവിൽ ഒന്നത്രെ എന്നു പറയുന്നതിനാൽ ഉത്തരവാദിത്തമോ അല്ലെങ്കിൽ അധികാരമോ ഒന്നാകുന്നില്ല.***

യജമാനനും ദാസനും ക്രിസ്ത്യാനിയായി തീർന്നാലും ദാസനിൽ യജമാനനുള്ള അധികാരം തുടർന്നിരുന്നു (തിത്തൊസ് 2:9). ഭാര്യമാർ തങ്ങളുടെ ഭർത്താക്കന്മാർക്ക് കീഴടങ്ങിയിരിക്കണം (എഫെ. 5:24), സ്ത്രീകൾ ഇടവകയിലെ അദ്ധ്യക്ഷന്മാർക്ക് കീഴടങ്ങണം (1 തിമൊ. 2:11). ക്രിസ്തുവിൽ ഒന്നത്രെ എന്നു പറയുമ്പോൾ എല്ലാവർക്കും തുല്യമായ അധികാരസ്ഥാനമാണുള്ളത് എന്ന അർത്ഥമില്ല.

ഭർത്താവും/ഭാര്യയും തമ്മിലുള്ള ബന്ധവും (എഫെസ്യർ 5:23, 24; കൊലൊസ്യർ 3:18) സഭയിലെ സ്ത്രീയുടെ പങ്കും (1 കൊരിന്ത്യർ 14:34) ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്നത് വെറും ആചാരമല്ല, മറിച്ച് ദൈവം കൽപിച്ചിരിക്കുന്നതാണ്. പുരുഷൻ സ്ത്രീയെ ഭരിക്കുവാനിടയായത് ഏദെൻ തോട്ടത്തിലെ പാപത്തിന്റെ ഫലമായിരുന്നു (ഉൽപത്തി 3:16). ദൈവം പുരുഷനേയും സ്ത്രീയേയും സൃഷ്ടിച്ച ക്രമം അനുസരിച്ചാണ് സ്ത്രീകൾ പുരുഷന്മാരെ ബഹുമാനിക്കയും കീഴ്പ്പെട്ടിരിക്കയും വേണമെന്ന് പൗലൊസ് ഉപദേശിച്ചത് (1 കൊരിന്ത്യർ 11:9; 1 തിമൊഥെയൊസ് 2:13), കൂടാതെ ആദാമല്ല, ഹവ്വ വഞ്ചിക്കപ്പെട്ടതുകൊണ്ടുകൂടെയാണ് (1 തിമൊഥെയൊസ് 2:14). സ്ത്രീകൾ കീഴടങ്ങിയിരിക്കേണം എന്നത് ന്യായപ്രമാണത്തിലും യേശുവിന്റെ ഉപദേശത്തിലും അടങ്ങിയിരിക്കുന്നതാണ് (1 കൊരിന്ത്യർ 14:34,37). മുൻപ് ദൈവേഷ്ടമനുസരിച്ച് ദൈവഭക്തിയോടെ ജീവിച്ച ബൈബിളിലെ പ്രമുഖരെ എടുത്തുകാണിച്ചാണ് പത്രൊസ് ഈ വിഷയത്തെ അവതരിപ്പിച്ചത് (1 പത്രൊസ് 3:5,6).

ദൈവം എന്തു കല്പിച്ചിരിക്കുന്നു, ദൈവവചനം എന്തു പറയുന്നു എന്നതിനെ അടിസ്ഥാനമാക്കിയാണ് ദൈവസഭയിൽ ഉപദേശം രൂപപ്പെടേണ്ടത്. താഴെപ്പറയുന്ന വാക്യങ്ങൾ ക്രമമായി പരിശോധിച്ചാൽ ഭരണനിർവ്വഹണം ആരാണ് നടത്തേണ്ടത് എന്ന് വ്യക്തമാകും.

1. പുരുഷൻ സ്ത്രീയെ ഭരിക്കും (ഉല്പ. 3:16)
2. അദ്ധ്യക്ഷൻ ഏക ഭാര്യയുടെ ഭർത്താവ് അഥവാ പുരുഷൻ ആയിരിക്കണം (1 തിമൊ. 3:2).
3. പുരുഷന്റെ തല ക്രിസ്തു. സ്ത്രീയുടെ തല പുരുഷൻ (1 കൊരി. 11:3).
4. പുരുഷൻ ദൈവത്തിന്റെ പ്രതിമയും തേജസും (1 കൊരി. 11:7).
5. ക്രിസ്തു ശരീരത്തിന്റെ രക്ഷിതാവായി സഭയ്ക്ക് തലയാകുന്നതുപോലെ ഭർത്താവ് ഭാര്യയ്ക്ക് തലയാകുന്നു (എഫേ. 5:23).
6. സ്ത്രീ, പുരുഷനിൽ നിന്നത്രേ ഉണ്ടായത് (1 തിമൊ. 2:13).
   സ്ത്രീ പുരുഷനായിട്ടല്ലോ സൃഷ്ടിക്കപ്പെട്ടത് (1 കൊരി. 11:8).
7. സർവ്വ സഭകളിലും എന്നപോലെ സ്ത്രീകൾ സഭായോഗങ്ങളിൽ മിണ്ടാതിരിക്കട്ടെ. ന്യായപ്രമാണവും പറയുന്നതുപോലെ കീഴടങ്ങിയിരിപ്പാനല്ലാതെ സംസാരിപ്പാൻ അവർക്ക് അനുവാദമില്ല (1 കൊരി. 14:34).
8. സ്ത്രീയുടെ പങ്കും ഉത്തരവാദിത്വങ്ങളും ചർച്ച ചെയ്യുമ്പോൾ ലോകവീക്ഷണപ്രകാരം പോകുവാനല്ല ബൈബിൾ ആവശ്യപ്പെടുന്നത്. മറിച്ച് ദൈവത്തിന്റെ സൃഷ്ടിയുടെ ക്രമത്തിലേക്കും ദൈവത്തിന്റെ നിയമത്തിലേക്കും തിരിയുവാനാണ്. ○



# ചിരിക്കുന്ന ഗാന്ധി ചിത്രങ്ങൾ



**ജീവിച്ചിരിക്കുന്ന ആരുമായും ഈ കഥയ്ക്ക് ബന്ധമില്ലായെന്നു പറയാൻ കഴിയില്ല. ഇതൊരു അനുഭവകഥയാണ്. പണത്തോടുള്ള ആർത്തി, പണത്തിന്റെ പ്രതാപം, നന്ദികേട് ഇതൊക്കെ തന്നെയാണ് ഭൗതീക-ആത്മീയ അന്ധകാരത്തിനുള്ള കാരണങ്ങൾ. അതെ, ഈ കഥ ആത്മീയ യാഥാർത്ഥ്യങ്ങളുടെ ഭൗതീക കാഴ്ചയാണ്.**

ഓങ്കോളജി വകുപ്പിലെ പ്രശസ്ത ഡോക്ടറുടെ പടുകൂറ്റൻ ബംഗ്ലാവിനു മുന്നിൽ ശേഖരനും സുമതിയും അമ്പരപ്പോടെ നിന്നു.

ജീവിതത്തിൽ ആദ്യമായിട്ടായിരുന്നു അത്രയും വലിയൊരു വീട് അവർ കാണുന്നത്. വേദനയ്ക്കിടയിലും ശേഖരൻ സുമതിയെ നോക്കി ചിരിച്ചു. പാറാവുകാരൻ തുറന്നുകൊടുത്ത ഗേറ്റിലൂടെ അവർ ചരൽ പാകിയ മുറ്റത്തു പ്രവേശിച്ചു. “ത്രീ തേർട്ടി ടു സിക്സ് തേർട്ടിയാ കൺസൽട്ടിംഗ് ടൈം. ഔട്ട്ഹൗസിന്റെ ഫസ്റ്റ് ഫ്ളോറിലാ രജിസ്ട്രേഷനും കൺസൽട്ടേഷനും,” പാറാവുകാരൻ ഔട്ട്ഹൗസിനു നേരെ വിരൽ ചൂണ്ടി പറഞ്ഞു.

ഔട്ട്ഹൗസിനു നേരെ നടക്കുമ്പോഴും സുമതിയുടെയും ശേഖരന്റെയും കണ്ണുകൾ ബംഗ്ലാവിനു നേർക്കായിരുന്നു.

തണൽ വൃക്ഷങ്ങളുടെ ചുവട്ടിൽ പല നിറത്തിലും വലുപ്പത്തിലുമുള്ള കാറുകൾ കിടക്കുന്നു. വിശാലമായ പുൽത്തകിടിയിൽ ഫൗണ്ടനുകൾ. പേരറിയാത്ത അനേകം ചെടികൾ പൂവിട്ടു നില്ക്കുന്ന പൂന്തോട്ടം.

“ബംഗ്ലാവിലൊന്നു പോയി അനിക്കുഞ്ഞിനെ കണ്ടാലോ?”

ശേഖരൻ തിരിഞ്ഞു സുമതിയെ നോക്കി.

“അതൊന്നും വേണ്ട. അവരൊക്കെ വലിയ ആളുകളാ. അനിക്കുഞ്ഞേ എന്നൊന്നും ഡോക്ടറെ വിളിച്ചേക്കരുത്. സാറെന്നേ വിളിക്കാവൂ. പഴയ സ്വാതന്ത്ര്യമൊന്നും എടുക്കരുത്.”

സുമതി ശേഖരന്റെ കൈപിടിച്ചു നടന്നു. കൺസൽട്ടിംഗ് റൂമിലേക്കുള്ള സ്റ്റെപ്പുകൾ കയറിയപ്പോൾ ശേഖരൻ വല്ലാതെ കിതച്ചു. സുമതി അയാളുടെ കൈപിടിച്ച് സഹായിച്ചു.

ശേഖരന്റെ നെഞ്ചിൻകൂടിന്റെ വികാസവും സങ്കോചവും ക്രമാതീതമായതു സുമതിയെ പരിഭ്രമിപ്പിച്ചു.

“ഇവിടെ നില്ക്ക്. കിതപ്പു മാറിയിട്ടു പോയാൽ മതി.” അവർ അയാളെ പാതിവഴിയിൽ പിടിച്ചുനിർത്തി. അയാൾ കിതപ്പടക്കി ഭാര്യയെ നോക്കി പുഞ്ചിരിച്ചു.

പിന്നീടു നടക്കാൻ ശേഖരൻ സുമതിയുടെ സഹായം തേടി. അയാളോടു ചേർന്നു നടക്കുമ്പോൾ സുമതി ചിന്തിച്ചു: ഇനി എത്ര നാൾ?

കണ്ണുകൾ നിറഞ്ഞു വന്നു.

ചില്ലുവാതിൽ തുറന്ന് കണ്ണാടിപോലെ തിളങ്ങുന്ന തറയിലേക്ക് ഇരുവരും പാദങ്ങൾ വച്ചു. കൺസൽട്ടിംഗ് റൂമിനു മുന്നിലെ എയർ കണ്ടീഷൻ ചെയ്ത വിശാലമായ ഇരിപ്പുമുറിയായിരുന്നു അത്.

പുറത്തെ ചൂടിൽ നിന്നു ശീതീകരിച്ച മുറിയിലേക്കു കയറിയപ്പോൾ ഇരുവർക്കും ആശ്വാസം അനുഭവപ്പെട്ടു. വലിയൊരു ചില്ലുകൂട്ടിൽ അടയ്ക്കപ്പെട്ടവരെപ്പോലെ എന്തു ചെയ്യണമെന്നറിയാതെ അവർ നിന്നു.

റിസപ്ഷൻ കൗണ്ടറിൽ ചുവന്ന ചുണ്ടുകളിൽ മന്ദസ്മിതവുമായി നിന്ന പെൺകുട്ടി അവരെ സ്വാഗതം ചെയ്തു.

കൺസൽട്ടിംഗ് റൂമിനു മുന്നിലെ കസേരകളിലൊന്നിൽ ശേഖരനെ ഇരുത്തിയിട്ട് സുമതി റിസപ്ഷൻ കൗണ്ടറിലെത്തി പേര് രജിസ്റ്റർ ചെയ്തു.

സുമതി കൈയിലുള്ള പേഴ്സ് തുറന്ന് അതിൽ നിന്നൊരു കവർ പുറത്തെടുത്തു പെൺകുട്ടിക്കു നീട്ടി.

“ഡോക്ടറുടെ അച്ഛന്റെ കത്താ.”

പെൺകുട്ടിയുടെ മുഖത്തെ തെളിച്ചം കെട്ടു.

“കത്തു ഡോക്ടറുടെ അടുക്കൽ കൊടുത്താൽ മതി. രജിസ്ട്രേഷൻ ഫീസ് നൂറു രൂപാ ഇവിടെ അടയ്ക്കണം. കൺസൽട്ടിംഗ് ഫീ ഡോക്ടറുടെ കൈയിൽ കൊടുത്താൽ മതി.”

സുമതി നൂറു രൂപ ഫീസടച്ചതിനുശേഷം ശേഖരന്റെ അടുത്തു വന്നിരുന്നു.

ബംഗ്ലാവിന്റെ മുറ്റത്തെ കാറ്റാടി മരങ്ങളുടെ തലപ്പുകൾ നൃത്തം വയ്ക്കുന്നതു നോക്കി ശേഖരനിരുന്നു. റോഡിലെ കാഴ്ചകൾ കാണാം. തിരക്കിട്ടു സഞ്ചരിക്കുന്ന മനുഷ്യരും വാഹനങ്ങളും.

“ഇത്രയും വലിയൊരു ഡോക്ടറെ കാണാൻ പറ്റുമെന്ന് ഒരിക്കലും കരുതിയില്ല. ലക്ഷ്മണൻ സാർ പറഞ്ഞത് അനിൽകുമാർ ഡോക്ടർ നാട്ടിലെ ഏറ്റവും വലിയ കാൻസർ ഡോക്ടറാണെന്നാ. നിങ്ങളെന്താ ആലോചിക്കുന്നത്? ” സുമതി ചോദിച്ചു.

ശേഖരൻ മുഖം തിരിച്ച് സുമതിയെ നോക്കി.

“ ഞാൻ നിന്നെക്കുറിച്ചാ ഓർത്തത്. ഇന്നല്ലെങ്കിൽ നാളെ എന്ന സ്ഥിതിയിലാ ഞാൻ. നിനക്കു പിന്നെ ആരാ ഉള്ളത്? എല്ലാവർക്കും മക്കളെങ്കിലും കാണും. നമുക്ക് ഈശ്വരൻ ഒരു കുഞ്ഞിനെപ്പോലും തന്നില്ല.” അയാൾ നെടുവീർപ്പിട്ടു.

“ആവശ്യമില്ലാത്തതൊന്നും ചിന്തിക്കാതെ. എന്തോരം നല്ല കാര്യങ്ങൾ ചിന്തിക്കാം. എന്റെ മനസു പറയുന്നു, നിങ്ങളുടെ അസുഖം ഭേദമാകുമെന്ന് അതുകൊണ്ടാ നമ്മൾ ഇങ്ങോട്ടു തന്നെ പോന്നത്.”

“ഇതു വല്ലാത്ത അസുഖമാ. പയ്യെപയ്യെ മനുഷ്യരുടെ ആയുസും പണവും കാർന്നുതിന്നും. അറ്റാക്കു വന്നാൽ പെട്ടുന്നു തീരും. ഒത്തിരി പൈസ ആശുപത്രിയിൽ കൊടുക്കണ്ട.” അയാൾ നിസഹായതയോടെ പറഞ്ഞു.

“ദേ, അതുമിതും പറയാനാണെങ്കിൽ ഞാൻ അപ്പുറത്തെ സൈഡിലോട്ടു മാറിയിരിക്കും,” അയാളുടെ കണ്ണുകളിലേക്കു നോക്കി ദൈന്യത്തോടെ സുമതി പറഞ്ഞു.

ശേഖരൻ മൗനത്തിന്റെ പുറ്റിനുള്ളിലേക്കു കയറി. കണ്ണാടി ജനലിലൂടെ പുറത്തേക്കു നോക്കിയിരുന്നു. അയാളുടെ കണ്ണുകളിൽ അപ്പോൾ ഒരു കാഴ്ചയും കടന്നുവന്നില്ല.

വിലകൂടിയ കാറുകൾ ഗേറ്റു കടന്നുവരുന്നത് സുമതി കണ്ടു.

കൺസൽട്ടിംഗ് റൂമിനു മുന്നിലെ കസേരകൾ നിറഞ്ഞു തുടങ്ങി. ഉയർന്ന ഉദ്യോഗസ്ഥരും പണക്കാരും മാത്രമാണ് ഇവിടെ ഡോക്ടറെ കാണാനായി വരുന്നതെന്നു സുമതിക്കു മനസിലായി. ഇക്കൂട്ടത്തിൽ ഇവർ രണ്ടുപേർ എങ്ങനെ പെട്ടു എന്ന ചോദ്യമാണ് എല്ലാവരുടെയും നോട്ടത്തിൽ.

ഡോക്ടർ അനിൽകുമാർ ചെറുപുഞ്ചിരിയോടെ ഹാളിലേക്കു പ്രവേശിച്ച് കൺസൽട്ടിംഗ് റൂമിനെ ലക്ഷ്യമാക്കി നടന്നു. രോഗികളും സഹായികളും എഴുന്നേറ്റു നിന്ന് ആദരവു പ്രകടിപ്പിച്ചു. ഡോക്ടറെ കണ്ടപ്പോൾ ശേഖരന്റെ ഉള്ളിൽ അനിർവചനീയമായ ഒരു വികാരം വന്നു നിറഞ്ഞു. അയാൾ വിസ്മയത്തോടെ ഡോക്ടറെ നോക്കി നിന്നു.

“എത്ര വർഷങ്ങൾക്കു ശേഷമാണ് അനിക്കുഞ്ഞിനെ കാണുന്നത്. നാല്പതു വർഷത്തിനു മേലായിരിക്കുന്നു.”

ഡോക്ടറുടെ സഹായിയായ പെൺകുട്ടി രോഗികളുടെ പേർ വിളിച്ച് അകത്തേക്കു വിട്ടു തുടങ്ങി.

“ഇങ്ങേരുടെ പേരു വിളിക്കാത്തതെന്താ?” സുമതി പെൺകുട്ടിയോടു ചോദിച്ചു.

“സ്പെഷൽ ബുക്കിംഗ് തീർന്നിട്ടേ നിങ്ങളെ വിളിക്കൂ.”

സമയം കടന്നുപോയി. ദാഹവും ക്ഷീണവും ശേഖരനെ തളർത്തി.

“ശേഖരൻ എം. കെ.”

പേരു വിളിച്ചപ്പോൾ ഇരുവരും ആശ്വാസത്തോടെ നെടുവീർപ്പയച്ച് ചില്ലുവാതിൽ തുറന്നു ഡോക്ടർക്കു മുന്നിലെത്തി കൈകൂപ്പി.

“ഡോക്ടറുടെ അച്ഛൻ തന്നയച്ച കത്താ.” സുമതി കൈയിലിരുന്ന കത്തു നീട്ടി. ഡോക്ടർ അടിമുടി അവരെ നോക്കി. അയാളുടെ മുഖത്ത് അക്ഷമ വിരിഞ്ഞു.

“നിങ്ങൾ പുറത്തു വെയ്റ്റ് ചെയ്യ്. കുറെ താമസമുണ്ട്. ബുക്കിംഗ് ടിക്കറ്റുകൾ തീരട്ടെ.”

ഡോക്ടർ കത്തുവാങ്ങി മേശപ്പുറത്തുവച്ചു.

അവർ പിന്തിരിഞ്ഞു.

അച്ഛനോട് എത്ര പറഞ്ഞാലും മനസിലാകില്ല. ഇവിടെ ആയിരവും രണ്ടായിരവും കൺസൾട്ടിംഗ് ഫീ തരുന്നവരെ നോക്കാൻ സമയമില്ലാതിരിക്കുമ്പോ ഫീസ് നല്കാൻ വശമില്ലാത്തവരെ പറഞ്ഞയയ്ക്കരുതെന്ന് അച്ഛനോടു പറഞ്ഞിട്ടുള്ളതാ. ആരെങ്കിലും കരഞ്ഞു കാണിക്കുമ്പോൾ അച്ഛൻ കത്തു കൊടുത്തുവിടും. അച്ഛന്റെ കത്തുമായി വരുന്നവരോടു പണം വാങ്ങിയാൽ അതു കുറ്റം.

ഡോക്ടർ അനിൽകുമാർ കൺസൽട്ടേഷൻ തുടർന്നു. ഡോക്ടറുടെ മേശവലിപ്പിൽ ആയിരത്തിന്റെയും അഞ്ഞൂറിന്റെയും ഗാന്ധിച്ചിത്രങ്ങൾ നിറഞ്ഞു. ചിരിക്കുന്ന ഗാന്ധിച്ചിത്രങ്ങളിലേക്കു നോക്കി അയാളും ചിരിതൂകി.

ഇന്നത്തെ ദിവസം കൊള്ളാം.

എല്ലാവരുടെയും ഊഴം കഴിഞ്ഞ് അവസാനമായി ഡോക്ടർ ശേഖരന്റെ പേർ വിളിച്ചു.

“അവർ വെള്ളം കുടിക്കാനായി പുറത്തുപോയി, സർ.” പെൺകുട്ടി പറഞ്ഞു.

“ഔചിത്യമില്ലാത്തവർ. സമയത്തിന്റെ മൂല്യമറിയാത്ത കൺട്രികൾ.”

അച്ഛൻ പറഞ്ഞയച്ച പാർട്ടി കൊള്ളാം.

എന്തായിരിക്കും കത്തിൽ എഴുതിയിരിക്കുക. പതിവു പല്ലവിയായിരിക്കും.

അച്ഛന്റെ കത്തെടുത്ത് അയാൾ റിവോൾവിംഗ് ചെയറിലേക്കു ചാഞ്ഞു.

“പ്രിയ അനിക്ക്. ആരും ആവശ്യപ്പെട്ട പ്രകാരം എഴുതുന്ന കത്തല്ല ഇത്. അച്ഛന്റെ സ്വന്തം ഇഷ്ടപ്രകാരം എഴുതുന്നതാണ്. നിനക്കോർമയുണ്ടോ എന്നറിയില്ല, നിനക്കു മൂന്നുവയസുള്ളപ്പോൾ നമ്മുടെ മുറ്റത്തെ നിറയെ വെള്ളമുള്ള കിണറ്റിൽ നീ വീണ കാര്യം. ആഴമുള്ള കിണറായിരുന്നു. പന്തുകളിച്ചു നടന്ന നീ അബദ്ധത്തിൽ കാൽവഴുതി വീണു. പനങ്കുല ഒരുക്കിക്കൊണ്ടിരുന്ന ശേഖരൻ അതു കണ്ട് പെട്ടെന്നു താഴെയിറങ്ങി ഓടിവന്ന് കിണറ്റിലേക്കു ചാടി നിന്നെ രക്ഷപ്പെടുത്തി. ശേഖരന്റെ ധീരതയും സ്നേഹവുമാണ് നിന്റെ ജീവൻ രക്ഷിച്ചത്.

ആ നാട്ടിൽ നിന്ന് നമ്മൾ പോരുവോളം നിന്റെ അമ്മ വിശേഷാവസരങ്ങളിൽ ശേഖരന് ഊണുവിളമ്പിയിട്ടേ നിനക്കുപോലും വിളമ്പുമായിരുന്നുള്ളൂ. നമ്മൾ പിന്നെ ശേഖരനെ മറന്നു.

ആ ശേഖരനെ ഞാൻ നിന്റെ അടുത്തേക്ക് അയയ്ക്കുന്നു. കഴിഞ്ഞയാഴ്ച ഞാൻ പെൻഷൻ വാങ്ങാൻ പോയപ്പോൾ ജേക്കബ് സാറിനെ കണ്ടിരുന്നു. സാറാണു പറഞ്ഞത് ശേഖരനു കാൻസർ ആണെന്ന്. ഞാൻ ശേഖരനെ പോയി കണ്ടു. ശേഖരന്റെ വീട്ടിൽ വച്ചാണ് ഈ കത്തെഴുതുന്നത്.

മക്കളില്ലാത്ത ശേഖരനെ നീ കാര്യമായി പരിഗണിക്കണം. നിനക്കു മരുന്നുകമ്പനിക്കാർ ഫ്രീയായി നല്കുന്ന മരുന്നിൽ നിന്നു ശേഖരനു കൊടുക്കണം.”

കത്തു മുഴുവൻ വായിക്കാനാവാതെ ഡോക്ടർ അനിൽകുമാർ ഇരുന്നു. ജലാശയത്തിലേക്കു താൻ താഴ്ന്നു പൊയ്ക്കൊണ്ടിരിക്കുന്നതായി അയാൾക്കു തോന്നി. ശ്വാസം ലഭിക്കുന്നില്ല.

അയാളുടെ ഭാവഭേദം കണ്ട് മേശവലിപ്പിലെ ഗാന്ധിച്ചിത്രങ്ങൾ ചിരിച്ചു.

ഡോക്ടറുടെ മൊബൈൽ ശബ്ദിച്ചു.

ഫോൺ അയാൾ ചെവിയോടു ചേർത്തു.

“വാച്ച്മാനാണു സാർ. സാറിനു ക്ലബ്ബിൽ പോകാനായി കാറിറക്കാൻ ബുദ്ധിമുട്ടാണ്. ഒരു കെളവൻ നമ്മുടെ ഗേറ്റിങ്കൽ വീണുകിടക്കുന്നു. അയാളുടെ കൂടെ ഒരു തള്ള മാത്രമേയുള്ളൂ. സാറ് പോലീസ് സ്റ്റേഷനിലേക്ക് ഒന്നു വിളിച്ചുപറയുമോ?

# തക്കതുണ താങ്ങും തണലുമാകുമ്പോൾ

**ബാ**റ്റിൽ ഓഫ് ഗെറ്റിസ്ബർഗ് നടക്കുന്ന സമയം. അമേരിക്കയിൽ നടന്ന ആഭ്യന്തര യുദ്ധത്തിൽ വഴിത്തിരിവായിത്തീർന്ന ഈ പോരാട്ടത്തിന്റെ പശ്ചാത്തലത്തിൽ വിവരിക്കപ്പെടുന്ന ഒരു കഥയുണ്ട്. ആ കഥ പറയുന്നതിനു മുമ്പ് കഥയുടെ പശ്ചാത്തലത്തെക്കുറിച്ച് അല്പം കൂടി വിവരിക്കാം.

അമേരിക്കയിലെ തെക്കൻ സംസ്ഥാനങ്ങളും വടക്കൻ സംസ്ഥാനങ്ങളും തമ്മിൽ അടിമത്തത്തിന്റെ പേരിൽ നടന്ന ആഭ്യന്തരയുദ്ധം മൂലം പതിനായിരങ്ങളാണ് മൃതിയടഞ്ഞത്. ഗെറ്റിസ്ബർഗിലെ പോരാട്ടത്തിൽ വടക്കൻ സംസ്ഥാനങ്ങളുടെ നേതൃത്വം മേജർ ജനറൽ ജോർജ് ഗോൾഡൻ മീഡിനായിരുന്നു. തെക്കൻ സംസ്ഥാനങ്ങളുടെ പേരിൽ പടനയിച്ചത് ജനറൽ റോബർട്ട് ലീയും.

ഗെറ്റിസ്ബർഗിലെ പോരാട്ടത്തിന്റെ മൂന്നാംദിവസം വടക്കൻ സംസ്ഥാനങ്ങളുടെ പടനായകരുടെ തോക്കുകൾ കുറേ സമയത്തേക്കു നിശബ്ദമായി. ആ നിശബ്ദത തെക്കൻ സംസ്ഥാനത്തെ പടയാളികൾക്കിടയിൽ തെറ്റിദ്ധാരണ പരത്തി. അവർ വിചാരിച്ചു വടക്കൻ സംസ്ഥാനങ്ങളുടെ ആർമി പരാജയഭീതിമൂലം പിന്തിരിഞ്ഞ് ഓടുകയാണെന്ന്. തന്മൂലം അവരെ പിന്തുടർന്ന് പരാജയപ്പെടുത്താൻ തെക്കൻ സംസ്ഥാനങ്ങളുടെ കോൺഫെഡറേറ്റ് ആർമി തീരുമാനിച്ചു. ആ തീരുമാനം നടപ്പാക്കാൻ മുന്നിട്ടിറങ്ങിയത് മേജർ ജനറൽ ജോർജ് പിക്കറ്റ് ആയിരുന്നു.

പിക്കറ്റ് അദ്ദേഹത്തിന്റെ കമാൻഡിംഗ് ഓഫീസറായിരുന്ന ജനറൽ ജയിംസ് ലോംഗ്സ്ട്രീറ്റിനെ സമീപിച്ചു ചോദിച്ചു, "ജനറൽ, ഞാൻ മുന്നോട്ടു പോകട്ടേ?" ലോംഗ്സ്ട്രീറ്റ് ഒന്നും പറഞ്ഞില്ല. അദ്ദേഹം പിക്കറ്റിന്റെ കൈയിൽ പിടിച്ചു ശിരസ് നമിക്കുക മാത്രം ചെയ്തു.

അടുത്ത നിമിഷം പിക്കറ്റ് തന്റെ കുതിരപ്പുറത്തു കയറി മുന്നോട്ടു കുതിച്ചു. എന്നാൽ കുറെ സമയം കഴിഞ്ഞപ്പോൾ അദ്ദേഹം തിരികെ വന്ന് ജനറൽ ലോംഗ്സ്ട്രീറ്റിന്റെ കൈയിൽ ഒരു തുണ്ടു കടലാസ് കൊടുത്തു. അതിൽ പെൻസിൽ കൊണ്ട് ഇപ്രകാരം എഴുതിയിരുന്നു. "ജനറലിന്റെ സമ്മതം എന്റെ മരണത്തിലവസാനിച്ചാൽ, പ്രിയപ്പെട്ടവളേ, നിനക്കു ഗുഡ്ബൈ. ദൈവം നിന്നെ അനുഗ്രഹിക്കട്ടെ."

പിക്കറ്റിന്റെ ഭാര്യ സാലിക്കുള്ള കുറിപ്പായിരുന്നു അത്. ആ കുറിപ്പ് ജനറലിനെ ഏൽപിച്ചശേഷം പോരാട്ടമുഖത്തേക്കു കുതിക്കുമ്പോൾ മറ്റൊരു കമാൻഡിംഗ് ഓഫീസറായ വിൽക്കോക്സ് തന്റെ കുതിരപ്പുറത്തു പാഞ്ഞെത്തി പിക്കറ്റിനോടു പറഞ്ഞു: "പിക്കറ്റ്, എന്നോടൊപ്പം അല്പം കുടിക്കൂ. ഒരു മണിക്കൂറിനുള്ളിൽ നിങ്ങൾ വിജയിയോ പരാജിതനോ ആയിരിക്കും." അപ്പോൾ പിക്കറ്റ് പറഞ്ഞു: "വിർജീനിയയിലെ വീട്ടിലിരുന്ന് എനിക്കുവേണ്ടി പ്രാർത്ഥിക്കുകയും എന്നെ കാത്തിരിക്കുകയും ചെയ്യുന്ന എന്റെ പ്രിയപ്പെട്ടവളോടു ചെയ്ത വാഗ്ദാനം ഞാൻ ലംഘിച്ചുകൂടാ. ഞങ്ങൾ വീണ്ടും കാണുന്നതുവരെ മദ്യം എന്റെ ചുണ്ടിൽ അടുപ്പിക്കുകയില്ലെന്ന് ഞാൻ അവൾക്കു വാക്കുകൊടുത്തു."

അല്പനേരത്തെ നിശബ്ദതയ്ക്കുശേഷം പിക്കറ്റ് വീണ്ടും പറഞ്ഞു: "വിൽക്കോക്സ്, എന്റെ വിധി എന്തുതന്നെയായിരുന്നാലും ഞാൻ എന്റെ കടമ ചെയ്യും. എന്റെ പ്രിയപ്പെട്ടവളുടെ പ്രാർത്ഥനമൂലം ഒരു പക്ഷേ, ഞാൻ തിരിച്ചുവന്നേക്കാം."

യുദ്ധത്തിൽ പിക്കറ്റ് വിജയിച്ചില്ല. എന്നാൽ, അന്നു പോരാട്ടത്തിൽ പിക്കറ്റിന്റെ പടയാളികളിൽ ഭൂരിഭാഗവും മരണപ്പെട്ടെങ്കിലും അദ്ദേഹം പരിക്ക് ഏൽക്കാതെ രക്ഷപെട്ടു. തന്റെ പ്രിയപ്പെട്ടവൾക്ക് നൽകിയ വാക്ക് ഓർമിച്ചുകൊണ്ട് മദ്യം തൊടാതിരുന്ന പിക്കറ്റ് യുദ്ധത്തിൽ പരാജിതനായെങ്കിലും തനിക്കുവേണ്ടി കാത്തിരുന്ന ഭാര്യയുടെ അരികെ തിരിച്ചെത്തുവാൻ അദ്ദേഹത്തിനു സാധിച്ചു. അതിനു കാരണം ഭാര്യയുടെ സ്നേഹപൂർവമായ പ്രാർത്ഥനയാണെന്ന് അദ്ദേഹം വിശ്വസിച്ചു.



പിക്കറ്റ് തന്റെ ഭാര്യയായ സാലിയെ ഹൃദയപൂർവം സ്നേഹിച്ചു. തന്മൂലമാണ് യുദ്ധത്തിനിടയിലും തന്റെ ഭാര്യയെ മറക്കാതെ അവരോടു ചെയ്തിരുന്ന വാഗ്ദാനം അദ്ദേഹം പാലിച്ചത്. സാലിയും സ്നേഹത്തിൽ ഏറെ മുന്നിലായിരുന്നു. പിക്കറ്റ് നിര്യാതനായതിനു ശേഷം അദ്ദേഹത്തിന്റെ ഓർമ നിലനിറുത്തുവാൻ വേണ്ടി സാലി ഒരു എഴുത്തുകാരിയായിത്തീർന്നു. അദ്ദേഹത്തെക്കുറിച്ചുള്ള പല പുസ്തകങ്ങളും പ്രസിദ്ധീകരിച്ചു. അതിലൊന്ന് അദ്ദേഹം സാലിക്ക് എഴുതിയ കത്തുകളുടെ സമാഹാരമായിരുന്നു.

ഭാര്യയെ ആത്മാർത്ഥമായി സ്നേഹിക്കുന്ന ഭർത്താവിനെ ലഭിക്കുന്ന സ്ത്രീകൾ വളരെയേറെ ഭാഗ്യവതിയാണ്. അതുപോലെ തന്നെ ഏതു പ്രതിസന്ധി ഘട്ടത്തിലും ഭർത്താവിന് താങ്ങും തണലുമായി നിൽക്കുന്ന ഭാര്യയെ ലഭിക്കുന്ന ഭർത്താവും ഭാഗ്യവാനാണ്. പരസ്പരമുള്ള സ്നേഹത്തിന്റെ പേരിൽ എത്രയോ ചെറുതും വലുതുമായ തെറ്റുകുറ്റങ്ങളിൽ നിന്ന് അവർക്ക് അകന്നു നിൽക്കുവാനാകും.

പക്ഷേ, അതു സാധിക്കണമെങ്കിൽ ഭാര്യഭർത്താക്കന്മാരുടെ ഉള്ളിൽ മറ്റെന്തിനെയുംകാൾ അധികമായി പരസ്പരം സ്നേഹവും സൗഹൃദവും ധാരണയുമൊക്കെയുണ്ടാകണം. പിക്കറ്റിന്റെയും സാലിയുടെയും കഥ അതാണ് വ്യക്തമാക്കുന്നത്? പിക്കറ്റും സാലിയും ശരിക്കും പരസ്പരം സ്നേഹിച്ചു. ആ സ്നേഹത്തിന്റെ പ്രതിഫലനം അവരുടെ ജീവിതത്തിലുണ്ടായി. ഇന്നത്തെ ഭാര്യഭർത്താക്കന്മാർക്കും ഇതൊരു മാതൃകയായിരിക്കട്ടെ.

# പിന്തുണയും പരിഗണനയും



**സോ**ളി, കുര്യൻ തോമസിന്റെ ഭാര്യയാണ്. അയാൾ വില്ലേജ് ഓഫീസറും സോളി ഹൈസ്കൂൾ അധ്യാപികയുമാണ്. വലിയ ഗൗരവക്കാരനാണയാൾ. മൂക്കത്താണു ദേഷ്യം. താൻ വീട്ടിൽവന്നു കയറുംമുമ്പു സ്കൂൾ വിട്ട് തന്റെ ഭാര്യ വീട്ടിലെത്തണമെന്ന് നിർബന്ധമാണയാൾക്ക്.

രണ്ടു ബസ് കയറി സ്കൂളിൽ എത്തേണ്ടതുകൊണ്ട് സോളി രാവിലെ എട്ടരയ്ക്കു മുമ്പുതന്നെ വീട്ടിൽ നിന്നു പുറപ്പെടും. അതിനുമുമ്പു പ്രഭാത ഭക്ഷണവും തനിക്കും ഭർത്താവിനും മക്കൾക്കും ഉച്ചഭക്ഷണവും തയാറാക്കി ഓരോരോ പാത്രങ്ങളിൽ എടുക്കണം. കുര്യൻ സാർ വീട്ടിൽനിന്ന് ഓഫീസിലേക്ക് പുറപ്പെടുന്നത് ഒൻപതരയ്ക്കു ശേഷമാണ്. ഓഫീസിലേക്കു ബസിൽ പതിനഞ്ചു മിനിറ്റു മാത്രമേ അയാൾക്കു യാത്ര ചെയ്യേണ്ടതുള്ളൂ. വൈകുന്നേരം സ്കൂൾ വിട്ടാലുടൻതന്നെ പുറപ്പെടാനും വീട്ടിൽ താമസിക്കാതെ തിരിച്ചെത്താനും സോളി സദാ ശ്രദ്ധിക്കാറുണ്ട്.

എന്നിരുന്നാലും അവിചാരിതമായി ചില ദിവസങ്ങളിൽ സ്കൂളിൽനിന്നു തിരിച്ചു വീട്ടിലെത്തുമ്പോൾ നേരം ഇരുട്ടാറുമുണ്ട്. അത്തരം ദിവസങ്ങളിൽ കുര്യൻസാറിന്റെ വീർത്ത മുഖം കാണാനും കടുത്ത ഭാഷയിലുള്ള പഴിപറച്ചിൽ കേൾക്കാനും സോളിക്ക് ഇടവന്നിട്ടുണ്ട്. ആളിന്റെ സ്വഭാവം നന്നായി അറിയാവുന്ന സോളിടീച്ചർ അതിനോടൊന്നും ഒരിക്കലും പ്രതികരിച്ചിട്ടില്ല. പക്ഷേ, ഇങ്ങനെയൊക്കെ സ്നേഹവും പരിഗണനയുമൊന്നും ലവലേശമില്ലാതെ തങ്ങളുടെ മമ്മിയോട് പെരുമാറുന്ന പപ്പയോടു പത്തിൽ പഠിക്കുന്ന മാലുവിനും എട്ടിൽ പഠിക്കുന്ന മനുവിനും അമർഷമാണ്. അത് അവർ ഇടയ്ക്കൊക്കെ തങ്ങളുടെ സംസാരത്തിലൂടെയും പെരുമാറ്റത്തിലൂടെയും പ്രകടമാക്കുകയും ചെയ്യാറുണ്ട്.

പത്തിലും എട്ടിലുമൊക്കെ പഠിക്കുന്ന സ്വന്തം മക്കളുടെ സാമാന്യബോധം പോലുമില്ലാത്ത ഇത്തരത്തിലുള്ള ഉദ്യോഗസ്ഥന്മാരായ പിതാക്കന്മാരെ അങ്ങിങ്ങായെങ്കിലും നിങ്ങൾ കണ്ടുമുട്ടിയിട്ടുണ്ടാവാം.



ജോലിക്കാരികളായ കുടുംബനാഥകളുടെ അധ്വാനഭാരത്തെക്കുറിച്ചും അവർക്കുണ്ടാകുന്ന മാനസികസംഘർഷങ്ങളെക്കുറിച്ചും തെല്ലും വിചാരമില്ലാത്തവരാണിക്കൂട്ടർ. കുടുംബജോലികളിൽ ശാരീരികമായ പിന്തുണ നൽകിയില്ലെങ്കിലും, മാനസികമായും വൈകാരികവുമായ പിന്തുണ ഇത്തരക്കാർക്കു തങ്ങളുടെ ഭാര്യമാർക്കു നൽകിക്കൂടെ; കുറഞ്ഞപക്ഷം ബോധപൂർവമല്ലാത്ത വീഴ്ചകളെ സംബന്ധിച്ചു മുറിപ്പെടുത്തുന്ന വിമർശനങ്ങളും കുത്തുവാക്കുകളും ഒഴിവാക്കുകയെങ്കിലും ചെയ്തുകൂടെ?

കുര്യൻ തോമസിനെപ്പോലെ തങ്ങളുടെ ഭാര്യമാരും വേതനം പറ്റുന്ന ജോലി ചെയ്യണം എന്നു നിർബന്ധം പിടിക്കുന്ന ഭർത്താക്കന്മാർ, മാനുഷിക പരിഗണനയുടെ പേരിലെങ്കിലും കഴുതയെപ്പോലെ പൊതുരംഗത്തും വീടിനുള്ളിലും ഒരുപോലെ അധ്വാനിക്കുന്ന ഭാര്യമാർക്ക് എല്ലാവിധത്തിലും പിന്തുണയും പരിഗണനയും നൽകാൻ തയാറാവണം. അത് ഇരുവരും ഒന്നുചേർന്നു തുഴഞ്ഞുനീങ്ങുന്ന കുടുംബജീവിതമെന്ന വഞ്ചിയുടെ ആരോഗ്യകരമായ നിലനിൽപ്പിന് അത്യന്താപേക്ഷിതമത്രേ.




ബ്രിട്ടനിലെ ബാറ്റർസീ ഡോഗ്സ് ഹോമിലെ അന്തേവാസിയായ പീറ്റ് എന്ന നായ എം.ബി.എ. സ്വന്തമാക്കി. 4500 യൂറോയാണു മാസ്റ്റർ ബിരുദം സ്വന്തമാക്കാൻ ചെലവായത്.

വിദൂരവിദ്യാഭ്യാസത്തിലൂടെ ഡിഗ്രികൾ വാഗ്ദാനം ചെയ്യുന്ന യൂണിവേഴ്സിറ്റിയായ അമേരിക്കൻ യൂണിവേഴ്സിറ്റി ഓഫ് ലണ്ടനെ കുടുക്കാൻ ബിബിസിയാണ് പീറ്റിന്റെ പേരിൽ അപേക്ഷ നല്കിയത്. 15 വർഷത്തെ പ്രവർത്തിപരിചയവും യു.കെ. യൂണിവേഴ്സിറ്റിയുടെ ഡിഗ്രിയും പീറ്റിനുണ്ടെന്ന് അപേക്ഷയ്ക്കൊപ്പം നല്കിയ സിവിയിൽ വ്യക്തമാക്കിയിരുന്നു. യോഗ്യതാ സർട്ടിഫിക്കറ്റുകളുടെ പകർപ്പ് വേണമെന്ന് യൂണിവേഴ്സിറ്റി ആവശ്യപ്പെട്ടെങ്കിലും ഇല്ലെന്നു മറുപടി നല്കി.

പക്ഷേ പീറ്റിന്റെ അപേക്ഷ സ്വീകരിക്കപ്പെട്ടെന്നും 4500 പൗണ്ട് ലഭിക്കുകയാണെങ്കിൽ രണ്ടാഴ്ചയ്ക്കകം എം.ബി.എ.യ്ക്കു രജിസ്റ്റർ ചെയ്യാമെന്നും വ്യക്തമാക്കിക്കൊണ്ട് നാലു ദിവസത്തിനുശേഷം യൂണിവേഴ്സിറ്റി ഇ-മെയിൽ അയച്ചു. പീറ്റിന്റെ മുൻ യോഗ്യതയും പ്രവൃത്തിപരിചയവും കണക്കിലെടുത്ത് ഉടൻതന്നെ എം.ബി.എ. നല്കുകയാണെന്നും പിന്നീട് ഫോണിലൂടെ അറിയിച്ചു. മാർക്കറ്റിംഗ് മേഖലയിൽ പ്രവർത്തിക്കുന്ന നിരവധി സീനിയർ എക്സിക്യൂട്ടീവുകൾ ഈ യൂണിവേഴ്സിറ്റിയിൽ നിന്നു എം.ബി.എ. സ്വന്തമാക്കിയിട്ടുണ്ട്. ബിബിസി ഇക്കാര്യം വാർത്തയിലൂടെ പുറത്തുവിട്ടതിനു പിന്നാലെ തങ്ങൾ വ്യാജയൂണിവേഴ്സിറ്റി അല്ലെന്ന് എ.യു.ഒ.എൽ. അധികൃതർ അവകാശപ്പെട്ടു.

## അവിടെ അങ്ങനെ, ഇവിടെ ഇങ്ങനെ

ഒരേ സമയം മൂന്നു കോഴ്സുകൾ ചെയ്ത യുവാവിനെ പരിചയപ്പെട്ടത് യാദൃച്ഛികമായിരുന്നു. പി.ജിയും, ബി.എഡും, ഡിഫാമും ഒരുമിച്ചു ചെയ്ത യുവാവിനോട് അതിന്റെ രഹസ്യം ചോദിച്ചപ്പോൾ അതെല്ലാം ഒരു അഡ്ജസ്റ്റുമെന്റല്ലെ എന്നായിരുന്നു മറുപടി. ബാംഗ്ലൂരിൽ മൂന്നു കോഴ്സുകളും ചെയ്തതിൽ ഒരെണ്ണത്തിനു മാത്രമാണ് ടി.സി. നൽകിയത്. അവ പഠിച്ചിറങ്ങിയപ്പോൾ കക്ഷിയുടെ കൈയിൽ മൂന്ന് ടി.സി.യാണ് ലഭിച്ചത്. ക്ലാസിൽ പോയ ദിവസങ്ങളാകട്ടെ ചുരുക്കവും. പഠനകാലാവധിയിലെ ഫീസ് രൊക്കം നൽകിയപ്പോൾ ഹാജരൊക്കെ താനേ പോന്നു. ഒരു കോഴ്സിന്റെ ഫൈനൽ പരീക്ഷയെഴുതിയത് മറ്റൊരാൾ. വൈവയും റെക്കാഡുകളും പ്രഹസനം മാത്രം. അതെ, ഇവിടെ വിദ്യാഭ്യാസം അഡ്ജസ്റ്റുമെന്റാണ്. ചില റഗുലർ കോഴ്സുകളാവട്ടെ വിദൂരവിദ്യാഭ്യാസ കോഴ്സുകളായാണ് ഫലത്തിൽ നടത്തപ്പെടുന്നത്. അഡ്മിഷനു കോളജു കാണുന്ന വിദ്യാർഥികൾ പിന്നെ പരീക്ഷയ്ക്കാണ് എത്തുന്നത്. കാരണം വിദ്യാർത്ഥികളെ കിട്ടാതായപ്പോൾ മാനേജ്മെന്റുകളുടെ കാരുണ്യമായിരുന്നു ഈ അഡ്ജസ്റ്റുമെന്റ്.

കോഴിക്കോട്ടെ ഒരു ഏജൻസിയിൽ സുഹൃത്തിനു ഡോക്ടറേറ്റ് എടുക്കണമെന്ന ആവശ്യവുമായാണ് സമീപിക്കുന്നത്. ഉത്തരേന്ത്യയിലെ ഒരു സർവകലാശാലയുടെ പ്രോസ്പെക്ടസാണ് ഏജൻസി വച്ചുനീട്ടിയത്. ഗൂഗിൾ ഉള്ളപ്പോൾ തീസിസ്സ് എഴുതാൻ എളുപ്പം. ഗൈഡ് വേണ്ട, പ്രസന്റേഷൻ വേണ്ട, അലയേണ്ട, മാസങ്ങൾകൊണ്ടു കിട്ടും. കേട്ടപാതി, സുഹൃത്ത് പണമടച്ചു. വന്നുവന്നു ഡോക്ടറേറ്റുകൾക്കും വിലയില്ലാതായിരിക്കുന്നു. കേരളത്തിലെ യൂണിവേഴ്സിറ്റികളിൽ പി.എച്ച്.ഡി. എടുക്കണമെങ്കിൽ പാടുപെടണം. ദക്ഷിണേന്ത്യൻ യുണിവേഴ്സിറ്റികളിൽ കുറച്ചുകൂടി ഈസിയാണ്. ഉത്തരേന്ത്യയിൽ രണ്ടോ മൂന്നോ സർവകലാശാലകളിൽ സംഭവം കൈ നനയാതെ കിട്ടും. പണം കൊടുത്താൽ വിദേശഡോക്ടറേറ്റ് സംഘടിപ്പിച്ചു കൊടുക്കുന്ന സംഘങ്ങളും നഗരങ്ങളിലുണ്ട്. വ്യവസായികളും, ആത്മീയ പ്രമുഖരും ഇവരുടെ അടുത്തെത്താറുണ്ട്. ശ്രീലങ്കൻ ഡോക്ടറേറ്റുകളിലും ഓസ്ട്രേലിയൻ ഡോക്ടറേറ്റുകളിലും വ്യാജന്മാർ വിലസുന്നു. പണത്തിനുമേൽ വിദ്യാഭ്യാസമൂല്യങ്ങളുടെ വില ഇടിയുകയാണ്.

**പറയാതെ വയ്യ:** *റവറന്റ്-ഡോക്ടർ പദവികളിൽ വിലസുന്ന ആത്മീയ നേതാക്കന്മാർ പത്താം ക്ലാസെങ്കിലും ഒന്ന് പാസായെങ്കിൽ എന്ന് ആശിച്ചു പോകുന്നു.*




എല്ലാവിധ ജിജ്ഞാസകളുടെയും പ്രായമാണ് കൗമാരം. ഇന്റർനെറ്റ് സ്വതന്ത്രമായി കൈകാര്യം ചെയ്യാനാവസരം ലഭിക്കുന്ന കുട്ടികൾ സ്വഭാവികമായി ലൈംഗികോദ്ദേശത്തോടെയുള്ള സൈറ്റുകളിൽ എത്തിച്ചേരാനുള്ള സാധ്യത ഏറെയാണ്.

ഉദാഹരണമായി, ഫേസ്ബുക്ക് പോലെയുള്ള സോഷ്യൽ നെറ്റ്വർക്കിംഗ് സൈറ്റുകൾ ഉപയോഗിക്കുന്ന ഒരാൾക്ക് തന്റെ ഫ്രണ്ട്ലിസ്റ്റിലുള്ള സുഹൃത്തുക്കളുമായി മാത്രമല്ല, തന്റെ സുഹൃത്തുക്കളുടെ സുഹൃത്തുക്കൾ എന്നിങ്ങനെ ചങ്ങലപോലെ നൂറുകണക്കിന് പേരുമായി ബന്ധപ്പെടാനും ചങ്ങാത്തം കൂടാനുമുള്ള സാധ്യതകളുണ്ട്. ഇങ്ങനെ പരിചയപ്പെടുന്നയാൾ കൊടുത്തിരിക്കുന്ന പ്രൊഫൈലിൽ ഫോട്ടോയുണ്ടെങ്കിൽ അതുപോലും വ്യാജമാകാനും സാധ്യതയുണ്ട്. എല്ലാം ഒരു വിശ്വാസം മാത്രമാണെന്ന് ചുരുക്കം.

ഒരുപക്ഷേ ഇങ്ങനെ വന്നുചേരുന്ന സുഹൃത്തിന്റെ ലക്ഷ്യം ലൈംഗികമായ ദുരുദ്ദേശവുമാകാം. ഓൺലൈനിലൂടെയും മറ്റും ചാറ്റിനൊരുങ്ങുന്ന കുട്ടിക്ക് ഒരുപക്ഷെ അതൊരു രസമായിത്തോന്നാം. ഈയൊരു മനോഭാവം ചൂഷണം ചെയ്യപ്പെടാം.

ഫാഷൻ ടെക്നോളജി പഠിക്കാൻ ബാംഗ്ലൂരിൽപോയി മാനസികവും ശാരീരികവുമായി തകർന്നു തിരിച്ചെത്തിയ കോട്ടയംകാരി ട്രീസ എന്ന പെൺകുട്ടിയുടെ അനുഭവം ഒരു ഇ-ദുരന്തമാണ്. അവൾക്ക് ഓൺലൈൻ ചാറ്റിങ്ങിലൂടെ സുഹൃത്തായത് മറ്റൊരു മലയാളി യുവാവാണ്. സൗഹൃദം പതുക്കെ പ്രണയമായി മാറി. ഫോൺനമ്പർ കൈമാറി. പരസ്പരം കാണണമെന്നായി.

കാഴ്ചയും ഇഷ്ടവും പിന്നെ ശാരീരികബന്ധങ്ങൾക്ക് വഴിമാറി. പക്ഷേ അയാൾ ശാരീരിക ബന്ധത്തിലേർപ്പെടുക മാത്രമല്ല, അവളുടെ നഗ്നചിത്രങ്ങൾ മൊബൈൽ ക്യാമറയിൽ പകർത്തുകകൂടി ചെയ്തിരുന്നു. അതുകാണിച്ച് ഭീഷണിപ്പെടുത്തി തന്റെ സുഹൃത്തുക്കളുമായി കിടക്ക പങ്കിടണമെന്നാവശ്യപ്പെട്ടപ്പോഴാണ് അവൾ ചതി തിരിച്ചറിയുന്നത്. അതോടെ ആ ബന്ധം പൂർണ്ണമായി ഉപേക്ഷിച്ചു. പക്ഷേ പിറ്റേദിവസം നൂറോളം സെക്സ് സൈറ്റുകളിൽ അവളുടെ നഗ്നചിത്രങ്ങൾ തെളിഞ്ഞു. ഫോൺനമ്പരും മേൽവിലാസവും സഹിതം ഒരു വ്യഭിചാരിണിയുടെ പരസ്യം പോലെ.

ട്രീസയെപ്പോലെ വഴിവിട്ടു സഞ്ചരിച്ചില്ലെങ്കിൽക്കൂടിയും നഗ്നചിത്രങ്ങൾ ഇന്റർനെറ്റ് സൈറ്റുകളിൽ എത്തിച്ചേരാൻ സാധ്യതകൾ വേറെയുണ്ട്. അതൊരു പക്ഷേ ഇ-സുഹൃത്തിന് മെയിൽ ചെയ്യുന്ന ഫോട്ടോയുടെ മുഖം മാത്രം വെട്ടിയെടുത്ത് മറ്റാരുടെയോ നഗ്നചിത്രത്തോട് വിദഗ്ധമായി ചേർത്ത് തയാറാക്കുന്നതാവാം. പക്ഷേ കാണുന്നവർ ആ നഗ്നശരീരം അതിനു മുകളിൽ കാണുന്ന മുഖത്തിന്റേതെന്നു തന്നെയല്ലേ കരുതുകയുള്ളു.

ഇത്തരം സൈറ്റുകൾക്കെതിരെ നിയമപരമായി നീങ്ങുക ബുദ്ധിമുട്ടാണ്. അവയുടെ രജിസ്ട്രേഡ് ഓഫീസ് ഒരുപക്ഷേ വിദേശങ്ങളിലോ മറ്റോ ആവാം. അതിനാൽ പരമാവധി ചതിക്കപ്പെടാനുള്ള സാഹചര്യങ്ങളിൽ നിന്നും ഒഴിഞ്ഞു നിൽക്കുക എന്നതുതന്നെയാണ് പ്രതിവിധി. ഇ-ഫ്രണ്ട്ഷിപ്പുകളിൽ കുടുങ്ങുന്ന കൗമാരക്കാരുടെ പ്രശ്നങ്ങൾ തിരഞ്ഞുപോകുമ്പോൾ വീട്ടിൽ നിന്നാണ് അവ തുടങ്ങുന്നതെന്ന് മനസ്സിലാക്കാം. അച്ഛനമ്മമാരിൽ നിന്ന് ഒറ്റപ്പെടൽ അനുഭവിക്കുന്ന കുട്ടികളാണ് പലപ്പോഴും ഇത്തരം ബന്ധങ്ങളിൽ അമിതാവേശം കാണിക്കുന്നതെന്ന് പഠനങ്ങൾ പറയുന്നു.

അച്ഛനമ്മമാർ ജോലിക്കാരും തിരക്കുള്ളവരുമായി മാറിയത് കുട്ടിക്കാലം മുതലേ ഒരു ഒറ്റപ്പെടലിന്റെ ബോധത്തിലേക്ക് കുട്ടികളെ നയിക്കുന്നത് വ്യാപകമായി കണ്ടുവരുന്നു. തിരക്കുകളിൽ പെട്ടുപോകുമ്പോൾ പലപ്പോഴും ആശയവിനിമയം നിറഞ്ഞ അന്തരീക്ഷം വീട്ടിൽ നിലനിർത്താനും ബന്ധങ്ങളുടെ സുതാര്യത സൂക്ഷിക്കാനും പലരും മറന്നുപോകുന്നു.

ഇപ്പോൾ മിക്കവാറും കുട്ടി കൗമാരമെത്തിക്കഴിഞ്ഞാൽ മുതിർന്ന വ്യക്തി എന്ന മനോഭാവമാണ് മാതാപിതാക്കൾക്ക് അവരോട്. മുൻപ് പ്രകടിപ്പിച്ചിരുന്ന സ്നേഹത്തിന്റെ ഒരു തുള്ളിപോലും കുട്ടിക്ക് നൽകാൻ തയാറാകാതെ തങ്ങളുടെ തിരക്കുകളുമായി അവർ മുന്നോട്ടു പോകുന്നു. ഇങ്ങനെയുള്ള സാഹചര്യങ്ങളിൽ ഒറ്റപ്പെടൽ അനുഭവിക്കുന്ന കുട്ടി സ്നേഹത്തിനും സാന്ത്വനത്തിനുമായി മറ്റു സാധ്യതകൾ തെരയുന്നു. ഈ തെരച്ചലിന്റെ കണ്ടെത്തൽ എന്ന നിലയിലാണ് അവർ ഒത്തിരി സുഹൃത്തുക്കളെ കിട്ടുന്ന ഇന്റർനെറ്റ് സൗകര്യങ്ങളിലേക്ക് മനസ്സ് ചായിക്കുന്നത്. മൊബൈൽ സുഹൃത്തുക്കളുണ്ടാവുന്നത്. ഇ-ഫ്രണ്ട്ഷിപ്പുകളിൽ അഭിരമിക്കുന്നത്. വൈകാരികത ഏറ്റവും കുടുതലുള്ള ഈ പ്രായത്തിൽ സ്നേഹത്തിനു പിമ്പേ പാഞ്ഞ് ചതിയിൽപെട്ടു പോകുന്നതും ഈ ഒറ്റപ്പെടലിന്റെ ഒരു പ്രത്യാഘാതമാണ്.

ചില വ്യക്തിത്വവൈകല്യങ്ങളുള്ള കുട്ടികളും ഇ-ഫ്രണ്ട്ഷിപ്പുകളിൽ ചെന്നു ചാടി പരുക്കേൽക്കുന്നു. ഒരുതരം അപകർഷതാ ബോധമുള്ള ഇത്തരം കുട്ടി താൻ മോശക്കാരനല്ല എന്നോ തന്റെ വ്യക്തിത്വത്തിന് യാതൊരു കുഴപ്പവുമില്ല എന്നോ സ്വയം തെളിയിക്കുവാൻ കൂടുതൽ സൗഹൃദങ്ങളുണ്ടാക്കാൻ ഉത്സാഹം കാണിക്കുന്നു. കഴിയുന്നതിലേറെ സൗഹൃദങ്ങളിൽ ചെന്നു ചാടുന്നു.

വളരെ ചെറിയ കാലയളവേ ഈ ബന്ധങ്ങൾക്ക് കാണൂ. ഒന്നിൽ നിന്നും മറ്റൊന്നിലേക്ക് പൂമ്പാറ്റയെപ്പോലെ ഇവർ പറന്നുകൊണ്ടേയിരിക്കും. കെണികളിൽ വീണുകഴിയുമ്പോഴായിരിക്കും ഇങ്ങനെയുള്ളവർക്ക് അബദ്ധം മനസ്സിലാകുക. മറ്റ് ഏതു പ്രായത്തേക്കാൾ വഴിതെറ്റാൻ സാധ്യതയുള്ള കാലമാണ് കൗമാരം. വിവേകമില്ലായ്മയും വൈകാരികമായ പിരിമുറുക്കവും കൗമാരക്കാരിൽ മുന്നിട്ടു നിൽക്കുന്നു. റിബലായി പ്രവർത്തിക്കാനുള്ള മനോഭാവവും ഈ പ്രായത്തിൽ കൂടുതലായിരിക്കും.

മൊബൈൽ ഫോൺ വഴിയും ഇന്റർനെറ്റ് വഴിയുമുള്ള സൗഹൃദങ്ങളെ മറ്റേതൊരു ബന്ധത്തെയും എന്നപോലെ വളരെ ആത്മാർത്ഥതയോടെയാണ് ഇവർ സമീപിക്കുന്നത്. ആ ബന്ധത്തിന്റെ താഴ്ചകളും വീഴ്ചകളും അവരെ വല്ലാതെ ഉലയ്ക്കുന്നു. പഠനത്തിൽ ശ്രദ്ധയില്ലാത്തവരും വിഷാദരോഗികൾവരെയും ആക്കിതീർക്കുന്നു. ജീവിതം തന്നെ കൈവിട്ടുപോകുന്നത് ഒരുപക്ഷേ അറിയുന്നത് വളരെ വൈകിയായിരിക്കും.

വിവാഹത്തിനുമുൻപുള്ള ആൺപെൺ സൗഹൃദങ്ങളിലെ അപകടങ്ങൾ തിരിച്ചറിഞ്ഞ് കൗമാരക്കാർ, പ്രത്യേകിച്ച് പെൺകുട്ടികൾ സോഷ്യൽ നെറ്റ്വർക്ക് സൈറ്റുകളിൽ നിന്ന് അകന്നു നിൽക്കുക.



# ആരു പറഞ്ഞു നിങ്ങൾ ലോകക്കാരല്ലെന്ന്

**ലോ**കത്തിൽ നിന്നുള്ള വേർപാടിലേക്കാണ് ക്രിസ്ത്യാനി വിളിക്കപ്പെട്ടിരിക്കുന്നത്. എന്നാൽ 'ലോകം' എന്നുള്ള പദം കൊണ്ട് നാം അർത്ഥമാക്കുന്നത് എന്താണ്? കേവലം ബാഹ്യമായ ചില കാര്യങ്ങളായി മാത്രം അതിനെ മനസ്സിലാക്കുവാനും അങ്ങനെ അതിന്റെ യഥാർത്ഥ അർത്ഥം ഗ്രഹിക്കാതെ പോകുവാനുമുള്ള സാധ്യത വളരെയാണ്. ലോകമെന്നുള്ളതു സിനിമാശാലയും ചീട്ടുകളിയും മദ്യവും ചൂതുകളിയുമല്ല. അത് ലോകത്തിന്റെ ഒരു ബാഹ്യരൂപം മാത്രമാണ്. നമ്മുടെ പോരാട്ടം കേവലം ലോകത്തിന്റെ ഗതിക്കെതിരായിട്ടല്ല, മറിച്ച് ലോകത്തിന്റെ ആത്മാവിനെതിരായിട്ടാണ്. ദൈവത്തിൽനിന്നന്യപ്പെട്ടുപോയ മനുഷ്യപ്രകൃതിയിൽ നിന്നുത്ഭവിക്കുന്നതും, അതിനാൽ പണിയപ്പെടുന്നതും നിലനിർത്തപ്പെടുന്നതുമായ ഏതും, അതിന്റെ ബാഹ്യരൂപം എന്തായിരുന്നാലും അതു ലോകമാണ്. അതു ധാർമ്മികമായി അധഃപതിച്ചതാണെങ്കിലും, ധാർമ്മികമായി ആദരിക്കപ്പെട്ടതാണെങ്കിലും അതു മദ്യശാലയായി പ്രത്യക്ഷപ്പെട്ടാലും സഭയെന്ന പേരിൽ പ്രത്യക്ഷപ്പെട്ടാലും ലോകം തന്നെയാണ്. ഉദാഹരണമായി തീക്ഷ്ണതയുള്ള മതഭക്തരായിരുന്നെങ്കിലും പുരാതനകാലത്തെ പരീശന്മാർ കേവലം ലൗകികന്മാർതന്നെ ആയിരുന്നു. അവരുടെ മതഘടന പണിയപ്പെട്ടിരുന്നത് ഉയരത്തിൽ നിന്നുള്ള പ്രമാണങ്ങളാലല്ല കീഴെനിന്നുള്ള മാനുഷിക പ്രമാണങ്ങളാലായിരുന്നു. യേശുവിനെതിരെ അവർ മാനുഷികമായ സമരമുറകൾ പ്രയോഗിച്ചു. സത്യം സ്ഥാപിച്ചു കിട്ടേണ്ടതിനു മനുഷ്യർക്കു പണം നൽകി, നുണപ്രചാരണത്തിനായി അവരെ ഉപയോഗിച്ചു. ദൈവത്തിനുവേണ്ടി വാദിക്കുന്നതിൽ അവർ പിശാചുക്കളെപ്പോലെ പെരുമാറി. തിരുവചനത്തെ സ്ഥാപിക്കുന്ന ശ്രമത്തിൽ തിരുവചനത്തിന്റെ പ്രമാണങ്ങളെത്തന്നെ അവർ നിഷേധിച്ചു. ആത്മീയതയെ നിലനിർത്തുന്ന ശ്രമത്തിൽ അവർ അതിനെ ഉപേക്ഷിച്ചു. ഇതിലെല്ലാം ലോകത്തിന്റെ യഥാർത്ഥ സ്വഭാവം തന്നെയാണ് നാം ദർശിക്കുന്നത്.



യോഹന്നാന്റെ ഒന്നാം ലേഖനത്തിൽ ആവർത്തിച്ച് പ്രഖ്യാപിച്ചിരിക്കുന്ന രണ്ടു പദങ്ങളാണ്, 'അവർ', 'നിങ്ങൾ' എന്നുള്ളവ. അവർ എന്നതു ആദ്യ വർഗ്ഗത്തെയും നിങ്ങൾ എന്നത് എല്ലാം വിട്ടു കർത്താവിനെ അനുഗമിപ്പാൻ വിളിക്കപ്പെട്ടവരെയുമാണ് ചൂണ്ടിക്കാണിക്കുന്നത്. യോഹന്നാൻ അപ്പൊസ്തലൻ മൈത്രിയുടെയും മമതയുടെയും മതസഹിഷ്ണുതയുടെയും വക്താവല്ലായിരുന്നു. യോഹന്നാന്റെ ഈ ഉപദേശം സ്വീകരിക്കണമെങ്കിൽ തീവ്രമായ വിശ്വാസംതന്നെ ആവശ്യമാണ്. രക്ഷിക്കപ്പെട്ടവരും-നഷ്ടപ്പെടുന്നവരും; നിത്യജീവനായും-നിത്യ ലജ്ജയ്ക്കായും ഉണരുന്നവരും യോഹന്നാന്റെ മുമ്പിൽ ഒരു സമ്മിശ്ര വിഭാഗം ആയിരുന്നില്ല. ഇവ രണ്ടും അദ്ദേഹത്തിനു വിഭിന്നവും വ്യത്യസ്തവുമായിരുന്നു. ഇവയ്ക്കു നടുവിൽകൂടി യോഹന്നാൻ ഒരു രേഖ വരച്ചു. 'അവർ' എന്നും 'നിങ്ങൾ' എന്നും അദ്ദേഹം അവരെ പരാമർശിച്ചു. പുതുക്കം പ്രാപിച്ചവരുടെ രാജ്യത്തിന്റെ സ്വഭാവ വൈശിഷ്ട്യത്തെക്കുറിച്ചാണ് ചുരുക്കമായി ഗിരിപ്രഭാഷണത്തിൽ പ്രതിപാദിച്ചിട്ടുള്ളത്. തങ്ങളുടെ പാപങ്ങളെ ഓർത്ത് കരയുകയും നീതിക്കുവേണ്ടി ദാഹിക്കുകയും ചെയ്യുന്ന ഭാഗ്യവാന്മാർ തന്നെയാണ് ദൈവരാജ്യത്തിന്റെ യഥാർത്ഥ പുത്രന്മാർ. സൗമ്യതയോടെ തങ്ങളുടെ ശത്രുക്കളോടു ദയ കാണിക്കുകയും നിഷ്കളങ്കതയോടെ ദൈവമുഖം ദർശിക്കുകയും ചെയ്യുന്നവരാണവർ. അവർ ഉപദ്രവിക്കുന്നവരെ ശപിക്കാതെ അനുഗ്രഹിക്കുകയും താഴ്മയിൽ തങ്ങളുടെ സൽപ്രവൃത്തികളെ മനുഷ്യദൃഷ്ടിയിൽ നിന്നു മറച്ചു സൂക്ഷിക്കുകയും ചെയ്യുന്നു. എല്ലാവരോടും നിരപ്പും സമാധാനവും പാലിക്കാൻ അവർ അത്യന്തം ജാഗ്രതയുള്ളവരായിരിക്കുകയും തങ്ങളോടു പാപം ചെയ്യുന്നവരോടൊക്കെയും ക്ഷമിക്കുകയും ചെയ്യുന്നു. അവർ തങ്ങളുടെ രഹസ്യജീവിതത്തിൽ ഹൃദയത്തിന്റെ ആഴത്തിൽ നിന്നും ദൈവത്തെ സേവിക്കുകയും പരസ്യമായി തങ്ങൾക്കു ലഭിക്കുവാൻ പോകുന്ന പ്രതിഫലത്തിനായി സഹിഷ്ണുതയോടെ കാത്തിരിക്കുകയും ചെയ്യുന്നു. തങ്ങളുടെ സമ്പത്തുകൾ ബലം പ്രയോഗിച്ചു സംരക്ഷിക്കുന്നതിനേക്കാൾ അവ വിട്ടുകൊടുപ്പാൻ ഒരുക്കമുള്ളവരും തങ്ങളുടെ നിക്ഷേപം സ്വർഗ്ഗത്തിൽ സ്വരൂപിക്കുന്നവരുമാണവർ. മറ്റുള്ളവരുടെ പ്രശംസ നിഷേധിച്ചുകൊണ്ട്, ദൈവരാജ്യത്തിൽ ഏറ്റവും വലിയവൻ ആര് എന്ന് ദൈവം നിർണ്ണയിക്കുന്ന നാളിനായി അവർ കാത്തിരിക്കുന്നു.

ഇതു സത്യസന്ധമായ ഒരു വീക്ഷണമെങ്കിൽ ക്രിസ്തുശിഷ്യന്മാർ തമ്മിൽ സ്ഥാനത്തിനും അധികാരത്തിനും വേണ്ടി മത്സരിക്കുന്നതു സംബന്ധിച്ചു നാം എന്തു പറയേണ്ടു? പദവിക്കും മഹത്വത്തിനും വേണ്ടി അവർ സർവ്വസ്വവും നൽകി, പരക്കംപായുന്നതു കാണുമ്പോൾ നാം എന്തു പറയേണ്ടു? ക്രിസ്തീയ നേതൃത്വത്തിൽ അറിയിക്കുവാനും പരസ്യപ്പെടുത്തുവാനും കാണിക്കുന്ന വ്യഗ്രത സംബന്ധിച്ചു നാം എന്തു പറയേണ്ടു? ഭരണാധികാരത്തിനുള്ള അഭിലാഷം സംബന്ധിച്ചു നാം എന്തു പറയേണ്ടു? വിശ്വാസികളുടെ ഇടയിലുള്ള അഹന്തയും സ്വാർത്ഥതയും സംബന്ധിച്ചു നാം എന്തു പറയേണ്ടു? ഘനമുള്ള നോട്ടുകെട്ടുകൾ പ്രതീക്ഷിച്ചുകൊണ്ടുള്ള സ്നേഹപ്രകടനം സംബന്ധിച്ച് നാം എന്തു പറയേണ്ടു? അധികാരസ്ഥാനത്തിരിക്കുന്നവരോടുള്ള വ്യക്തിപൂജ നാം എങ്ങനെ വിശദീകരിക്കേണ്ടു? പൂർണ്ണ സുവിശേഷത്തിന്റെ പ്രചാരകന്മാർ എന്നു സ്വയം വിശേഷിപ്പിക്കുന്നവർ ലജ്ജാകരമായ വിധം ധനവാന്മാരുടെ കൈമുത്തുന്നതു സംബന്ധിച്ചും നാം എന്തു പറയേണ്ടു?

ഈ ചോദ്യങ്ങൾക്കെല്ലാം ഒറ്റ ഉത്തരം മാത്രമേയുള്ളു. ഈ ബാഹ്യപ്രകടനങ്ങളിലെല്ലാം നാം ദർശിക്കുന്നതു ലോകത്തെയാണ്. സാക്ഷാൽ ലോകത്തെത്തന്നെ! ഇതിന്റെയെല്ലാം പിമ്പിലുള്ളത് യേശുവിനെ ക്രൂശിച്ച അതേ പാപങ്ങൾ തന്നെയാണ്.

ആകയാൽ ലോകം ഏതു മുഖത്തിൽ പ്രത്യക്ഷപ്പെട്ടാലും, ദുഷിച്ച മുഖത്തോടുകൂടിയോ, പരിഷ്ക്കരിക്കപ്പെട്ട മുഖത്തോടുകൂടിയോ ആയിരുന്നാലും നാം അതിനെ തിരിച്ചറിയുകയും തിരസ്ക്കരിക്കുകയും ചെയ്യേണ്ടതുണ്ട്. ലോകവുമായുള്ള ഒരു സമ്പൂർണ്ണ വിടപറയൽ എത്രയും അനുപേക്ഷണീയമാണ്. 'വ്യഭിചാരിണികളായുള്ളോരേ, ലോകസ്നേഹം ദൈവത്തോടു ശത്രുത്വം ആണെന്നു നിങ്ങൾ അറിയുന്നില്ലയോ? അതുകൊണ്ട് ഈ ലോകത്തിന്റെ സ്നേഹിതർ ഒക്കെയും ദൈവത്തിനു ശത്രുക്കളായിരിക്കുന്നു" (യാക്കോ. 4:4). ലോകത്തെയും ലോകത്തിലുള്ളതിനെയും സ്നേഹിക്കരുത്. ഒരുവൻ ലോകത്തെ സ്നേഹിക്കുന്നുവെങ്കിൽ പിതാവിന്റെ സ്നേഹം അവനിൽ ഇല്ല. എന്തുകൊണ്ടെന്നാൽ ജഡമോഹം, കൺമോഹം, ജീവിതത്തിന്റെ പ്രതാപം ഇങ്ങനെ ലോകത്തിലുള്ളതൊക്കെയും പിതാവിൽ നിന്നല്ല, ലോകത്തിൽനിന്നു തന്നെയത്രേ (1 യോഹ. 2:15,16). ഈ വചനങ്ങൾക്കു വിധേയപ്പെടാതെ ക്രിസ്ത്യാനികൾ എന്ന നാമം സ്വീകരിപ്പാൻ നമുക്കവകാശമില്ല.

ലോകത്തിന്റെ ആത്മാവ് അതീവശക്തമാണ്. പുകഞ്ഞ വസ്തുവിൽ പുകയുടെ ഗന്ധം എത്രമാത്രം വിട്ടുമാറാതിരിക്കുന്നുവോ അത്രമാത്രം നമ്മെ പറ്റിപ്പിടിക്കുന്ന ഒന്നാണ് ലോകത്തിന്റെ ആത്മാവ്. ഏതു സന്ദർഭത്തിനും അനുയോജ്യമായ രൂപവും ഭാവവും സ്വീകരിപ്പാൻ ലോകത്തിനു കഴിയും. ആത്മാർത്ഥതയുടെ മുഖം മൂടി ധരിച്ച് ആത്മീയതയുടെ ഒരു പരിവേഷം നൽകുവാൻ അതിനു കഴിയും. ഈ വിധത്തിൽ നന്മതിന്മകളെ തിരിച്ചറിയുവാനുള്ള ഇന്ദ്രിയജയം അഭ്യസിച്ചിട്ടില്ലാത്ത ഈ തലമുറയിലെ വിശ്വാസികൾ നിരന്തരം വഞ്ചിതരായിക്കൊണ്ടിരിക്കുകയാണ്.

"ഹാനോക്ക് തന്റെ തലമുറയിൽ ദൈവത്തോടുകൂടെ നടന്നതുപോലെ നടക്കുവാൻ നാം ഇച്ഛിക്കുന്നുവെങ്കിൽ, ലോകത്തെ തിരിച്ചറിയുകയും അതിനോടു ദൈവഹിതപ്രകാരമുള്ള ഒരു നിലപാട് സ്വീകരിക്കുകയും ചെയ്യേണ്ടത് അത്യന്താപേക്ഷിതമാണ്.

## ഫീലോസഫി

## ചെറിയ പുതപ്പ്



ജീവിതം ചെറിയ പുതപ്പുപോലെയാണ്. ഉറങ്ങുമ്പോൾ അതു വച്ച് കാല് പുതയ്ക്കാനാവില്ല. കാല്പാദങ്ങൾ തണുത്തു വിറയ്ക്കും!

അപ്പോൾ പുതപ്പ് കാലിലേക്ക് വലിച്ചിടും. അതോടെ തോളും തലയും തണുക്കും! എന്നാൽ ബുദ്ധിയുള്ളവരാവട്ടെ കാലും കഴുത്തും ചുരുട്ടി പുതപ്പിനുള്ളിൽ കിടന്ന് സുഖമായി ഉറങ്ങും. അസൗകര്യങ്ങളോടു പൊരുത്തപ്പെട്ടാലേ ജീവിതം സുഖകരമാകൂ...

## മെഴുകുതിരി വെട്ടം



മെഴുകുതിരി ഇരുട്ടിൽ വെളിച്ചം പകർന്നു നൽകും. കത്തുന്ന മെഴുകുതിരിക്ക് മറ്റ് എല്ലാ മെഴുകുതിരികളിലേക്കും തീ പകരാനാവും! എന്നാലും അതിന്റെ പ്രഭ മങ്ങുകയോ തീയുടെ അളവ് കുറയുകയോ ചെയ്യുന്നില്ല.

ഇതുപോലെയാവണം നമ്മളും. യേശുവിൽ നിന്ന് ലഭിച്ച വെളിച്ചവും രക്ഷയുടെ സന്തോഷവും മറ്റുള്ളവരിലേക്ക് പകരുക. അങ്ങനെ അന്ധകാരത്തിൽ ഇരിക്കുന്നവർ പ്രകാശിതരായിതീരട്ടെ. അതുകൊണ്ട് യേശുവിൽ നിന്ന് ലഭിക്കുന്ന സമാധാനവും സന്തോഷവും കുറയുകയോ ക്ഷയിക്കുകയോ ചെയ്യുന്നില്ല. പകരം അത് വർദ്ധിച്ചുവരുന്നു.



## ഒഴുകുന്ന താറാവ്

രണ്ടു കുട്ടികൾ അവരുടെ അച്ഛനോടൊപ്പം പുഴക്കരയിൽ നിൽക്കുകയായിരുന്നു.

'ഹായ് താറാവ് നീന്തുന്നത് കാണാൻ എന്തു രസമാ!'

'ഹേയ്, അത് നീന്തുകയല്ല, തനിയെ ഒഴുകിപ്പോകുന്നതാ!'

'അല്ല! താറാവ് നീന്തുന്നുണ്ട്. വെള്ളത്തിനടിയിൽ അതിന്റെ കാലുകൾ വേഗത്തിലാണ് ചലിക്കുന്നത്. പക്ഷേ, ആ അധ്വാനം നമുക്ക് പുറത്തു കാണാനാവില്ലെന്നു മാത്രം!'

ഇതുപോലെയാവണം നമ്മളും. കഠിനമായി അധ്വാനിക്കുന്നത് മറ്റുള്ളവർ കാണണമെന്നില്ല. പക്ഷേ, അതിന്റെ ഫലം കണ്ടാണ് മറ്റുള്ളവർ നമ്മെ വിലയിരുത്തേണ്ടത്!




# VEDABHIMANI

Annual Subscription Rs. 100/-

RNI Reg. No. 7361/02 Postal Reg. No. KL/MVK/184/2012-14

Published on 1st January 2014
Posted on 15th January 2014
Posted at R.M.S. Kayamkulam





മരണാനന്തര ജീവിതത്തെക്കുറിച്ചു ക്വാണ്ടം ഫിസിക്സിനെ അടിസ്ഥാനമാക്കി സിദ്ധാന്തം. നോർത്ത് കരോളിനയിലെ വേക്ക് ഫോറസ്റ്റ് സ്കൂൾ ഓഫ് മെഡിസിനിലെ പ്രൊഫ. റോബർട്ട് ലാൻസയാണു സിദ്ധാന്തം അവതരിപ്പിച്ചത്. ശരീരം നശിക്കുമ്പോൾ നാം മരിക്കുമെന്നു കരുതരുത്. ഊർജകേന്ദ്രം പോലെ ജീവനും കേന്ദ്രമുണ്ടെന്നാണു ലാൻസയുടെ നിലപാട്. ജീവന്റെ ചലനം തിരിച്ചറിയാത്തതിനാലാണു മരണത്തെക്കുറിച്ചു മനുഷ്യർ വ്യാകുലപ്പെടുന്നത്. മരണത്തോടെ ജീവൻ ജീവകേന്ദ്രത്തിലേക്കു മടങ്ങും. നേരിയ വിള്ളലിലൂടെ സഞ്ചരിക്കുന്ന ചെറിയവസ്തുക്കളോടാണ് അദ്ദേഹം ജീവനെ താരതമ്യം ചെയ്യുന്നത്. അതിവേഗം വിള്ളലിലൂടെ സഞ്ചരിക്കുന്ന വസ്തുവിനെ ആരും കാണണമെന്നില്ല. എങ്കിലും ചലനം യാഥാർഥ്യമാണ്. ഇതേപോലെ തരംഗങ്ങളുടെയും വസ്തുവിന്റെയും രൂപം സ്വീകരിക്കാൻ ജീവനു കഴിയുമെന്നാണ് അദ്ദേഹം പറയുന്നത്. രൂപം സ്വീകരിക്കുമ്പോഴാണു നാം "ജീവിക്കുന്നെന്നു" പറയുന്ന അവസ്ഥ ഉണ്ടാകുന്നതത്രേ.

---

ANTHROPIC COSMOLOGICAL PRINCIPLE നെ അടിസ്ഥാനമാക്കി 1989-ൽ ടൈറ്റസ് കാർത്തികപ്പള്ളി മരണാനന്തര ജിവിതത്തിന് ശാസ്ത്രീയ അടിസ്ഥാനം ഉണ്ടെന്നു ചൂണ്ടിക്കാണിച്ചപ്പോൾ പലരും അത് പരിഗണിച്ചില്ല. കണ്ടവർ കണ്ടില്ലെന്നു നടിച്ചു.




ശാസ്ത്രവും ക്വാണ്ടം ഫിസിക്സും എന്തെന്നറിയാത്ത വേദപണ്ഡിതർ ഇതെന്ത്? എന്ന് തമ്മിൽ തമ്മിൽ ചോദിച്ച് വിമർശിച്ചും പരിഹസിച്ചും അതിനെ തള്ളിക്കളഞ്ഞു. ആരൊക്കെ തള്ളിക്കളഞ്ഞാലും സത്യം പിന്നെയും ശേഷിക്കുന്നു. പാപം, രക്ഷ, മരണാനന്തജീവിതം, ന്യായവിധി തുടങ്ങിയ വിഷയങ്ങൾ അന്ധവിശ്വാസമല്ലെന്ന് യുക്തിപൂർവ്വം ശാസ്ത്രീയമായി തെളിയിക്കുന്ന ഒരു പുസ്തകമേ മലയാളത്തിലുള്ളു. അതാണ് ശാസ്ത്രം




-ചരിത്രം-മതം-ക്രിസ്തു.

റിച്ചാഡ് ഹാമിങ്ങിന്റെ (Prof. Richard Hamming, Biola University) പുസ്തകാഭിപ്രായം ശ്രദ്ധിക്കുക. പരിണാമവാദത്തിൽ തുടങ്ങി മനുഷ്യനേയും മരണാനന്തര ജീവിതത്തേയും ദൈവത്തേയും വരെ ശാസ്ത്രീയമായും ചരിത്രപരമായും അടിത്തറയുള്ള വിശദീകരണം നൽകി ഏതൊരാളെയും സത്യദൈവത്തിലേക്കാനയിക്കാൻ കെൽപ്പുള്ള കൃതിയാണ് 'AMAZING ANSWER' (ശാസ്ത്രം-ചരിത്രം-മതം-ക്രിസ്തു എന്ന പുസ്തകത്തിന്റെ പരിഷ്കരിച്ച ഇംഗ്ലീഷ് പതിപ്പ്) ഗവേഷണ സ്വഭാവമുള്ള ലേഖനങ്ങൾ.




ഓരോ ലേഖനത്തിനും അവയുടെ ഭാഷാശൈലി. യഥാർത്ഥ ശാസ്ത്രത്തിന്റെ പിൻബലത്തോടെ മരണാനന്തര ജീവിതത്തിന്റേയും ന്യായവിധിയുടെയും സാധ്യതകൾ ആരായുന്ന ആദ്യ ഗ്രന്ഥം തന്നെയാണിത്. ആധുനിക കാലഘട്ടത്തിന്റെ വെല്ലുവിളികളെ സമഗ്രമായി നേരിട്ട് നവീന ചിന്തനങ്ങൾക്ക് വിധേയമാക്കുന്ന വിശിഷ്ട കൃതി. വിശ്വാസിയുടെ വിശ്വാസം ഉറപ്പിക്കുന്നു. അവിശ്വാസിയെ യഥാർത്ഥ വിശ്വാസത്തിലേക്ക് കൈപിടിച്ചുയർത്തുന്നു.











☺സമ്പൂർണ്ണ സമർപ്പണവും ത്യാഗവും യേശു എന്ന നല്ല ഗുരു ആവശ്യപ്പെട്ടപ്പോൾ ഇന്നത്തെ ക്രിസ്തു ശിഷ്യന്മാർ എന്താണ് ഉപേക്ഷിച്ചത്.

*ജോസ് മാത്യു, ഇരവിപേരൂർ, തിരുവല്ല*

**☹യേശു എന്ന നല്ല ഗുരുവിനെ**

☺അനുഗ്രഹം, സമ്പത്ത്, അത്ഭുതം എന്നൊക്കെ പറയുന്നതുകേട്ട് സംതൃപ്തിയോടെ മടങ്ങുന്ന വിശ്വാസികളെ കാണുമ്പോൾ.

*ജേക്കബ് കുര്യൻ, വെളിയന്നൂർ, തൃശൂർ*

**☹സ്വപ്നമൊരു ചാക്ക്.... തലയിലതു താങ്ങിയൊരു പോക്ക്.**

☺ഒറ്റയ്ക്കു നിന്ന് താങ്കളെപ്പോലൊരാൾക്ക് എന്ത് ചെയ്യാൻ കഴിയും.

*ടി.ഡി. ജോൺ, പാളയം, തിരുവനന്തപുരം.*

**☹ജലാശയത്തിൽ ഓളങ്ങൾ സൃഷ്ടിക്കാൻ ഒരു ചെറിയ കല്ലുമതി.**

☺ ന്യൂ ജനറേഷൻ പാസ്റ്റർമാർ വേഭാഭിമാനിയ്ക്ക് കൊട്ടാനുള്ള ചെണ്ടയല്ല.

*ടി.യു. ഉതുപ്പാൻ, വടവാതൂർ, കോട്ടയം*

**☹മൃദങ്കമാക്കുകയാണ് കൂടുതൽ സൗകര്യം. രണ്ടു സൈഡിലും കൊട്ടാമല്ലോ.**

☺ ഞങ്ങളുടെ ദൈവം ഞങ്ങളുടെ സഭ, ഞങ്ങളാണ് ശരി. എന്തു പറയുന്നു.

*ജോയി പനവേലി, ഇളമ്പൽ, കൊല്ലം*

**☹സ്വാർത്ഥത അതല്ലേ എല്ലാം.**

☺ചിതറികിടക്കുന്ന സഭകൾ ഒന്നാകുന്നതിനെക്കുറിച്ച്.

*ജാൻസി സുജിത്ത്, പള്ളുരുത്തി, എറണാകുളം*

**☹അതിരുകളില്ലാതെ തിരുവചന വെളിച്ചത്തിൽ ജനം ഒന്നാകട്ടെ.**

☺ആധുനിക ശുശ്രൂഷകന്മാരോടുള്ള രോക്ഷത്തിനു കാരണം.

*എലിസബത്ത്, മണ്ണുത്തി, തൃശൂർ*

**☹അവരുടെ ശുശ്രൂഷ ജനത്തിന് രക്ഷ കിട്ടാനല്ല. അവരുടെ വയറ്റിപിഴപ്പിനായുള്ള കളിപ്പീരാണെന്ന സത്യം മനസിലായതുകൊണ്ട്.**

☺ശ്രേഷ്ഠ ദാസന്മാർ കൈ തൊടുമ്പോഴെ മാറാരോഗങ്ങൾ വിട്ടുമാറുന്നു. യഥാർത്ഥത്തിൽ ഈ അത്ഭുതങ്ങൾക്കു പിന്നിൽ എന്തു മരുന്നാണ്.

*സി.ജയദാസ്, വേഴുമ്പ്ര, വടശ്ശേരിക്കര*

**☹'വെടി'മരുന്ന്**





Printed, Published and owned by Titus Karthikappally, Punnoothara, Kerala 690 516.
Printed at St. Paul's Offset Mavelikara. Published at: Punnuthara, Karthikappally, Alappuzha Dist., Kerala. Editor : Titus Karthikappally